4.1

# ചിത്രവർണങ്ങൾ

## ആ മു ഖം

**ഭാ**വനാസമ്പന്നരാണ് കുട്ടികൾ. മുതിർന്നവർക്ക് അസാധ്യമെന്നോ യുക്തിരഹിതമെന്നോ തോന്നുന്നവ അവർ ഭാവനയിൽ കാണുന്നുണ്ടാവും. പ്രകൃതിയോട് ഏറ്റവും അടുത്തുനിൽക്കുന്നതിനാൽ കുയിലിന് എതിർപാട്ടുപാടാനും കുതികാറ്റിനൊപ്പം കുതിച്ചുപായാനും കുട്ടിക്കു കഴിയും. മനസ്സിൽ മൊട്ടിടുന്ന ഭാവന മറ്റുള്ളവരിലേക്ക് വിനിമയം ചെയ്യത്തക്കവിധത്തിൽ ആവിഷ്ക്കരിക്കാൻ കഴിയുമ്പോഴേ അത് സാർഥകമാവുന്നുള്ളൂ. വരകളിലൂടെയോ വാക്കുകളിലൂടെയോ ശബ്ദങ്ങളിലൂടെയോ ചലനത്തിലൂടെയോ ഉള്ള ഈ ആവിഷ്ക്കാരം സുന്ദരമാവുമ്പോഴാണ് അത് കലയാവുന്നത്. അപ്പോൾ വരകൾ ചിത്രവും വാക്ക് സാഹിത്യവും ശബ്ദം സംഗീതവും ചലനം നൃത്തവുമാവുന്നു എന്നു പറയാം.

സ്വന്തം ഭാവനയെ വാക്കുകളിലൂടെ സൂക്ഷ്മമായും സുന്ദരമായും ആവിഷ്ക്കരിക്കാനും അങ്ങനെ ആവിഷ്കൃതമായവ ആസ്വദിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നത് ഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ ഉദ്ദേശ്യത്തോടെയാണ് ‘ചിത്രവർണങ്ങൾ’ എന്ന ഈ യൂണിറ്റ് ഒരുക്കിയിരിക്കുന്നത്.

വള്ളത്തോളിന്റെ സാഹിത്യമഞ്ജരി ഒന്നാംഭാഗത്തിലുള്ള ‘ഒരു ചിത്രം’ എന്ന കവിതയിലെ ഏതാനും വരികൾ, പി. കേശവദേവിന്റെ ‘ഓടയിൽനിന്ന്’ എന്ന നോവലിലെ നാലാം അധ്യായം, കുഞ്ചൻനമ്പ്യാരുടെ ‘സഭാപ്രവേശം’ പറയൻതുള്ളലിലെ ഒരു ഭാഗം എന്നിവയാണ് ഇതിലെ പാഠഭാഗങ്ങൾ. വാക്കുകളിലൂടെ മനസ്സിൽ വിരിയുന്ന വ്യത്യസ്തതലങ്ങളിലുള്ള ചിത്രങ്ങളാണ് ഇവ. ഒന്ന് ഒരു നിശ്ചലചിത്രത്തെ മനസ്സിൽ തെളിയുക്കുകയാണെങ്കിൽ രണ്ടാമത്തെ പാഠം സംഭവപരമ്പരകളുടെ ഒരു ചലനചിത്രം മനസ്സിന്റെ വെള്ളിത്തിരയിൽ കാണാൻ സഹായിക്കുന്നു. ഭാവനയിൽ വിടരുന്ന ഒരദ്ഭുതക്കാഴ്ചയെ വാക്കുകൾകൊണ്ട് കെട്ടിപ്പടുക്കക്കുകയാണ് കുഞ്ചൻനമ്പ്യാർ തുള്ളൽപ്പാട്ടിൽ.

വാങ്മയചിത്രങ്ങൾക്ക് ഉത്തമോദാഹരണങ്ങളാണ് ഈ പാഠഭാഗങ്ങൾ. സന്ദർഭങ്ങളെയും സംഭവങ്ങളെയും സൂക്ഷ്മമായും വിശദമായും അവതരിപ്പിക്കുന്നതെങ്ങിനെയെന്നും അവ വായനക്കാരന് ആഹ്ലാദം ജനിപ്പിക്കുന്നതരത്തിൽ എങ്ങനെ സുന്ദരങ്ങളായിത്തീരുന്നുവെന്നും ഇവ കാട്ടിത്തരുന്നു. ഭാഷ എപ്രകാരമാണ് അതിന് പ്രയോജനപ്പെടുത്തിയിരിക്കുന്നത് എന്ന് തിരിച്ചറിയുന്ന വിധത്തിലാണ് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ തനതായ ഒരു ഭാഷ രൂപപ്പെടുത്താൻ പഠിതാവിന് കഴിയേണ്ടതുണ്ട്. ഓരോ പാഠഭാഗവും നിരവധി തവണ വായിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ ഉണ്ടാവണം.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.<br>• കവിതയുടെ ആശയം, പ്രയോഗ ഭംഗി, ചമൽക്കാരം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. | • ഒരു ചിത്രം | • മലയാളകവിതയിൽ വാങ്മയചിത്രങ്ങൾക്ക് മികച്ച മാതൃകകൾ ഉണ്ട്.<br>• മനസ്സിൽ ചില ചിത്രങ്ങൾ രൂപപ്പെടുത്താൻ വർണനകൾ സഹായിക്കുന്നു.<br>• സവിശേഷമായ പ്രയോഗങ്ങൾ കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നു.<br>• അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്ക് താളഭംഗി നൽകുന്നു. | • ചിത്രരചന<br>• സവിശേഷ പ്രയോഗങ്ങൾ വിശകലനം ചെയ്യൽ<br>• ശബ്ദഭംഗി കണ്ടെത്തൽ<br>• കാവ്യാലാപനം<br>• വർണന തയാറാക്കൽ<br>• കഥപറയൽ<br>• കാവ്യശകലങ്ങളുടെ ശേഖരണം | • വർണചിത്രം<br>• വിശകലനക്കുറിപ്പ്<br>• കാവ്യാലാപനം<br>• കഥപറയൽ | • ചർച്ചയിലെ പങ്കാളിത്തവും അഭിപ്രായങ്ങളുടെ യുക്തിയും ഉപയോഗിക്കുന്ന ഭാഷയും<br>• രചനകളിലെ ആശയവ്യക്തത, ക്രമീകരണം, ഭാഷാശൈലി<br>• കാവ്യാലാപനം<br>• കഥപറയൽ |
| • സാഹിത്യകൃതികളിലെ വാങ്മയചിത്രങ്ങൾ വായിച്ചാസ്വദിച്ച് വർണനകൾ, ദൃക്സാക്ഷി വിവരണങ്ങൾ എന്നിവ തയാറാക്കുന്നു. | • ഓടയിൽനിന്ന് | • ജീവിതയാഥാർഥ്യത്തെ പച്ചയായി അവതരിപ്പിക്കുന്ന നോവലുകൾമലയാളത്തിലുണ്ട്. | • താരതമ്യം ചെയ്യൽ<br>• ചൊല്ലുകൾ നിർമ്മിക്കൽ | • താരതമ്യക്കുറിപ്പ്<br>• പുതിയ ചൊല്ലുകൾ | • രചനയിലെ മികവ് |

| | | | | | |
|---|---|---|---|---|---|
| • മഹാകവികളുടെ പ്രസിദ്ധങ്ങളായ വരികൾ ശേഖരിക്കുന്നു.<br>• കഥയിലെ വൈകാരികമുഹൂർത്തങ്ങൾ, ഭാഷാശൈലി, കഥാപാത്രങ്ങൾ എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്യുന്നു. | | • സംഭവപരമ്പരകളുടെ നേർക്കാഴ്ച മനസ്സിൽ സൃഷ്ടിക്കാൻ ഉതകുന്ന വാങ്മയചിത്രങ്ങൾ കഥകളിൽ ഉണ്ടാവാം.<br>• സഹജീവിസ്നേഹം ജീവിതത്തിന് പുതിയ അർഥങ്ങൾ നൽകുന്നു.<br>• ശൈലികൾ പ്രയോഗിക്കുന്നത് ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. | • വിശകലനം ചെയ്യൽ<br>• കഥാപാത്രസവിശേഷത കണ്ടെത്തൽ<br>• ചുമർപത്രിക തയാറാക്കൽ | • വിശകലനക്കുറിപ്പ്<br>• ചുമർപത്രിക | • ചുമർപത്രിക |
| • കഥകളും നോവലുകളും വായിച്ച് കുറിപ്പുകളും ചുവർപത്രികകളും മറ്റും തയാറാക്കുന്നു.<br>• കഥകൾ ശേഖരിച്ച് ഭാവാത്മകമായി പറഞ്ഞ് അവതരിപ്പിക്കുന്നു. | • മയന്റെ മായാജാലം | • സൂക്ഷ്മമായ വർണ്ണനകൾ കുഞ്ചൻനമ്പ്യാരുടെ കൃതികളുടെ പ്രത്യേകതയാണ്.<br>• വായനക്കാരന്റെ മനസ്സിനെ ഭാവനാലോകത്തേക്ക് നയിക്കുന്ന വാങ്മയങ്ങൾ കവിതകളിൽ ഉണ്ടാവാറുണ്ട്.<br>• ശബ്ദപ്പൊലിമകൊണ്ട് കാവ്യഭംഗി ഉണ്ടാകുന്നു<br>• ദൃക്സാക്ഷി വിവരണങ്ങൾ കേൾക്കുന്നവരിൽ നേർക്കാഴ്ചയുടെ പ്രതീതിയുണ്ടാക്കുന്നു. | • കാവ്യാലാപനം<br>• പദപരിചയം<br>• ആശയങ്ങൾ കണ്ടെത്തൽ<br>• ദൃക്സാക്ഷിവിവരണം<br>• കഥകളുടെ ശേഖരണം<br>• വരികളുടെ ശേഖരണം<br>• വിശകലനം | • കാവ്യാലാപനം<br>• ദൃക്സാക്ഷിവിവരണം<br>• വിശകലനക്കുറിപ്പ് | • ആലാപനത്തിലെ മികവ്<br>• ദൃക്സാക്ഷിവിവരണത്തിലെ മികവ്<br>• രചനയിലെ മികവ് |

## പ്രവേശകപ്രവർത്തനം

**ചി**ത്രവായനയും ചിത്രവിശകലനവുമെല്ലാം കുട്ടികൾ മുൻക്ലാസുകളിൽ പരിചയിച്ചവയാണല്ലോ. അതിന്റെ ഒരു എതിർപ്രവർത്തനമാണ് ഇവിടെ നൽകിയിരിക്കുന്നത്. വർണന വായിച്ച് ഒരു ചിത്രം വരയ്ക്കൽ. വാങ്മയത്തിലൂടെ മനസ്സിൽ രൂപപ്പെടുന്ന ദൃശ്യം വരകളും വർണങ്ങളും ചേർത്ത് പുനഃസൃഷ്ടിക്കുകയാണ് ചെയ്യേണ്ടത്.

ഒരു പ്രകൃതിവർണനയാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഇത് വായിക്കുമ്പോൾ താൻ നേരിൽ കാണാനിടയായ പല ദൃശ്യങ്ങളുടെയും അംശങ്ങൾ കുട്ടികളുടെ മനസ്സിൽ ഉദിച്ചുവരും. അവയെ പരസ്പരം ഇണക്കിച്ചേർത്ത് ഒറ്റച്ചിത്രമാക്കുന്ന മാനസികപ്രക്രിയയാണ് വർണനയുടെ ആസ്വാദനത്തിലൂടെ നടക്കുന്നത്. ഇങ്ങനെ രൂപപ്പെട്ട മനോചിത്രത്തെ കടലാസിലേക്കോ മറ്റേതെങ്കിലും മാധ്യമത്തിലേക്കോ പകർത്തുമ്പോൾ വസ്തുക്കളുടെ രൂപം, ആകൃതി, നിറം എന്നിവയെക്കുറിച്ചുള്ള സങ്കല്പം രൂപംകൊള്ളും. എവിടെനിന്ന്, എപ്പോൾ കാണുന്ന പ്രതീതിയാണ് ചിത്രത്തിലുണ്ടാകേണ്ടത് എന്നതിനെക്കുറിച്ചുള്ള മുൻധാരണ രൂപ്പെടുകയും ചെയ്യും.

വാങ്മയചിത്രത്തിന്റെ ആസ്വാദനത്തിലൂടെ രൂപപ്പെടുന്ന മനോചിത്രത്തിന്റെ സവിശേഷതകളിലേക്ക് കുട്ടികളുടെ ശ്രദ്ധയെ നയിക്കുക എന്നതാണ് ഈ പ്രവേശകപ്രവർത്തനം ലക്ഷ്യമാക്കുന്നത്.

- കുട്ടികൾ വർണന ഉറക്കെ വായിക്കട്ടെ.
- വർണന മനസ്സിലുണ്ടാക്കിയ ദൃശ്യത്തെക്കുറിച്ച് ചർച്ച ചെയ്യാം.

  *ചർച്ചാസൂചകങ്ങൾ*

  - കാഴ്ചയിൽ എന്തൊക്കെയുണ്ട്?
  - എവിടെനിന്നാണ് കാണുന്നത്?
  - ഏതു സമയത്താണ് കാണുന്നത്? (അതിനനുസരിച്ച് ചിത്രത്തിന്റെ വെളിച്ചം, നിറം എന്നിവ മാറുമല്ലോ. വർണനയിൽനിന്നു സമയസൂചന കിട്ടുന്നുണ്ടോ.)
  - പക്ഷികൾ വൃക്ഷങ്ങളിലേക്കു പറന്നിറങ്ങുന്നു എന്ന സൂചന എന്തു ധ്വനിപ്പിക്കുന്നു?
  - എങ്കിൽ താമരയുടെയും ആമ്പലിന്റെയും അവസ്ഥയിൽ എന്തുമാറ്റം വരും?
  - കാണുന്നവയുടെ നിറം എന്തായിരിക്കും? (കുന്നുകളുടെയും തടാകത്തിന്റെയും നിറം പറഞ്ഞിട്ടുണ്ടല്ലോ)
- വ്യക്തിഗതമായി ചിത്രം തയാറാക്കട്ടെ.
- ചിത്രം പരസ്പരം കൈമാറി വിലയിരുത്തുന്നു.

  *എങ്ങനെ വിലയിരുത്താം*

  - ✧ വർണനയിൽ സൂചിപ്പിച്ച വിശദാംശങ്ങൾ ചിത്രത്തിലുണ്ട്.
  - ✧ കാണുന്ന സ്ഥാനം വ്യക്തമാണ്.
  - ✧ സമയസൂചന നൽകുന്ന നിറം ഉപയോഗിച്ചിരിക്കുന്നു.
  - ✧ നിറങ്ങളുടെ പൊരുത്തം
  - ✧ വസ്തുക്കളുടെ വലുപ്പത്തിന്റെ തോത്
- ചിത്രങ്ങളുടെ പ്രദർശനം (എല്ലാവർക്കും സമ്മാനം)

# 4.1.1 ഒരു ചിത്രം



*രാജാ രവിവർമ്മ വരച്ച ചിത്രം*

**ഒ**രു ജീവിതസന്ദർഭം വാങ്മയമായി അവതരിപ്പിക്കുന്ന പാഠഭാഗമാണിത്. ഭാഷയിൽ സുന്ദരമായ നിരവധി വാങ്മയചിത്രങ്ങൾ സൃഷ്ടിച്ച മഹാകവി വള്ളത്തോൾ നാരായണമേനോന്റെ സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലെ 'ഒരു ചിത്രം' എന്ന കവിതയിലെ ഏതാനും വരികളാണിവ.

ഗോകുലത്തിൽ യശോദയുടെ മകനായി വളരുന്ന ശ്രീകൃഷ്ണന്റെ കുട്ടിക്കാലമാണ് കവിതയിലുള്ളത്. കാലത്ത് പശുവിനെ കറക്കുന്ന അമ്മയുടെ അരികിൽ പാലിനുവേണ്ടി പാത്രവുമായി കാത്തുനിൽക്കുന്ന ഉണ്ണിക്കണ്ണനെയാണ് കവി വാക്കുകൊണ്ട് വരച്ചുകാണിക്കുന്നത്. ദീർഘമായ കവിതയിലെ ആദ്യവരികളാണ് ഈ പാഠത്തിലുള്ളത്.

യശോദ പയ്യിനെക്കറക്കുമ്പോൾ കയ്യിൽ പാൽപ്പാത്രവുമായി നിൽക്കുന്ന ഉണ്ണിക്കണ്ണന്റെ ഒരു ചിത്രം രാജാരവിവർമ്മ വരച്ചിട്ടുണ്ട്. ആ ചിത്രമാണ് ഈ കവിതയുടെ പശ്ചാത്തലമെന്ന് 'സാഹിത്യമഞ്ജരി' യുടെ സമ്പൂർണ സമാഹാരത്തിൽ അതിന്റെ സംശോധനം നിർവഹിച്ച പ്രസിദ്ധ നിരൂപകൻ പ്രഫ. കെ.പി ശങ്കരൻ ചൂണ്ടിക്കാട്ടുന്നു.

വാങ്മയചിത്രത്തിൽനിന്ന് ഒരു വർണചിത്രം വരയ്ക്കുന്ന പ്രവർത്തനമാണ് പ്രവേശകത്തിൽ ചെയ്തത്. കവിതയിലെ വാങ്മയചിത്രങ്ങൾ കുട്ടികളുടെ മനസ്സിൽ സൃഷ്ടിക്കുന്ന മനോചിത്രം ആസ്വാദനത്തിനുള്ള ഉപാധിയാക്കി മാറ്റുന്നവിധത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

*__വാ__ക്ചിത്രങ്ങളാണ് വള്ളത്തോൾ കവിതയുടെ നാടകീയതയിലെ ഒരു മുഖ്യഘടകം. വള്ളത്തോളിന്റെ കഥാപാത്രങ്ങളുടെ നേരേനിന്നാൽ അവർ നടന്നുവന്ന് മേക്കിട്ടുകയറും എന്ന് മുണ്ടശ്ശേരി സൂചിപ്പിക്കുന്നത് സത്യമാണ്. ചിന്താവിഷ്ടയായ ഉഷ, ഉദ്ധതനായ പരശുരാമൻ, ക്രുദ്ധയായ പാർവതി, ശാലീനയായ കൊച്ചുസീത, ഭക്തനായ പൂന്താനം- വാങ്മയചിത്രങ്ങളുടെ ഒരു വൻനിരതന്നെ കവി വരച്ചുവച്ചിട്ടുണ്ട്. 'ഇതു കേൾക്കൂ' എന്നദ്ദേഹം പറയാറില്ല; പറയാറുള്ളത് 'ഇതു കാണൂ' എന്നാണ്.*

* * * * * *

*വശ്യവചസ്സായ കവിക്കുപോലും വഴങ്ങാത്ത ഭാവമാണ് വാത്സല്യം എന്നാണല്ലോ പറയാറുള്ളത്. അവ്യക്തരമണീയവചപ്രവൃത്തികളാർന്ന കുഞ്ഞിനെ വർണിക്കുമ്പോൾ കാളിദാസന്റെ തൂവൽത്തുമ്പിനുപോലും തെല്ലൊരു സംഭ്രാന്തിയുണ്ടാവുന്നു എന്നത്രേ പണ്ഡിതമതം. ചെറുശ്ശേരി പലപ്പോഴും അക്ലിഷ്ടമനോഹരമായി സാധിച്ച ഈ കർമ്മം അനായാസമായിത്തന്നെ വള്ളത്തോളും നിർവഹിക്കുന്നു. അതിന്റെ ഉത്തമോദാഹരണമാണ് 'ഒരുചിത്രം'.*

*(വള്ളത്തോൾ കവിതയിലേക്ക് - ഡോ. എസ്.കെ. വസന്തൻ)*

# പ്രവർത്തനവിശകലനം

## വായിക്കാം, പറയാം

- പ്രവേശകത്തിന്റെ തുടർച്ചയായിത്തന്നെ പാഠാവതരണം നടത്താം. ഒരു വാങ്മയത്തെ വർണചിത്രമാക്കുകയാണല്ലോ ചെയ്തത്. അതുപോലെ ചില ചെറിയ വാങ്മയചിത്രങ്ങൾ കുട്ടികൾ നിർമ്മിക്കട്ടെ.

  *എന്തൊക്കെയാവാം?*

  - പൂത്തുലഞ്ഞുനിൽക്കുന്ന ഒരു ചെടി
  - പട്ടണത്തെരുവിലെ ഒരു കാഴ്ച
  - അടുക്കളയിലെ ഒരു രംഗം
  - കളിക്കിടയിലെ ഏതെങ്കിലും ഒരു ദൃശ്യം
  - കടലോരക്കാഴ്ച
  - ഉത്സവസ്ഥലം
  - നദീതീരം
  - 

- പരിചിതമായ ഒരു സന്ദർഭം തിരഞ്ഞെടുത്ത് വ്യക്തിഗതമായി വാക്ചിത്രങ്ങൾ എഴുതട്ടെ.
- ഒരേ ആശയങ്ങൾ തിരഞ്ഞെടുത്തവർ ചേർന്ന് ഗ്രൂപ്പുകളായി അവതരിപ്പിക്കാം. എഴുതാൻ സ്വീകരിച്ച മാർഗങ്ങൾ ഓരോരുത്തരും വിവരിക്കണം.
  - ❒ പ്രമേയം തിരഞ്ഞെടുക്കുന്നു.
  - ❒ വിശദാംശങ്ങൾ മനസ്സിൽ കാണുന്നു.
  - ❒ ആശയങ്ങൾ ക്രമപ്പെടുത്തുന്നു.
  - ❒ വിശേഷിപ്പിക്കാൻ ഉചിതമായ പദങ്ങൾ കണ്ടെത്തുന്നു.
  - ❒ രചന

*കേൾവി, വായന, ലേഖനം തുടങ്ങിയതിനോടൊപ്പം ഭാഷാക്ലാസിൽ ഭാഷണത്തിന് തുല്യപ്രാധാന്യം നൽകേണ്ടതുണ്ട്. വായനയിലും ലേഖനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി ഭാഷണത്തിൽ മികവു കാണിക്കാൻ സാധിക്കും. 'വായിക്കാം, പറയാം', 'കണ്ടെത്താം, പറയാം' തുടങ്ങിയ പാഠഭാഗങ്ങളോടൊപ്പം ആദ്യം കൊടുത്ത പ്രവർത്തനങ്ങളെല്ലാം പാഠഭാഗം വായിച്ച് ആശയഗ്രഹണം നടത്താൻ സഹായിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഭാഷണത്തിന് അവസരം നൽകാനും ഉദ്ദേശിച്ചുള്ളവയാണ്. അതിനാൽ ഇവയുടെ ഉത്തരങ്ങൾ ക്ലാസിൽ എഴുതിക്കേണ്ടതില്ല.*

*ഓരോ കുട്ടിയും പറയുന്ന ഉത്തരത്തിലെ പ്രധാനാശയങ്ങൾ BBയിലെഴുതുന്നത് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കടക്കം ആത്മവിശ്വാസം പകരും. BB യിൽ എഴുതാനുള്ള ചുമതല പഠനമികവു പുലർത്തുന്ന കുട്ടികളെ ഏൽപ്പിക്കുകയാണെങ്കിൽ അവർക്കത് അംഗീകാരവും പ്രോത്സാഹനവുമാവുകയും ചെയ്യും.*

*ഭാഷണത്തിൽ ആശയവ്യക്തതയും ഉച്ചാരണശുദ്ധിയും ഉറപ്പാക്കാൻ ശ്രദ്ധിക്കണം.*

- ഗ്രൂപ്പിൽ നിന്ന് മികച്ചത് കണ്ടെത്തി പൊതുവായി അവതരിപ്പിക്കാം.

  *വിലയിരുത്തൽ സൂചകങ്ങൾ*

  - ✧ വിശദമായ കാഴ്ച
  - ✧ യോജിച്ച വാക്കുകൾ
  - ✧ പ്രധാനപ്പെട്ടവമാത്രം എടുത്തുപറയൽ
  - ✧ ആകർഷകമായ ഭാഷ

- കുട്ടികൾ പാഠഭാഗം വായിച്ച് 'വായിക്കാം പറയാം' എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തി പറയട്ടെ.
- പൊതുചർച്ചയിലൂടെ ശരിയായ ഉത്തരം കുട്ടികൾ കണ്ടെത്തുന്നു.

## പദപരിചയം

- കവിത വായിക്കുമ്പോൾ പരിചയമില്ലാത്ത പദങ്ങൾ കുറിക്കട്ടെ
- സന്ദർഭവുമായി ചേർന്നുള്ള അർഥം ഊഹിച്ചു പറയാം.
- നിഘണ്ടുനോക്കി ഉറപ്പുവരുത്തട്ടെ.
  (ചിലപ്പോൾ ഒരു പദത്തിനുതന്നെ വ്യത്യസ്തങ്ങളായ അർഥം ഉണ്ടാവുമല്ലോ. ഉദാഹരണം: 'പൈക്കറ' എന്നതിലെ 'പൈ' എന്നതിന് 'പശി' അല്ലെങ്കിൽ വിശപ്പ് എന്ന അർഥവും വരുമല്ലോ. എന്നാൽ ഇവിടെ പൈ എന്നത് പയ്യ്-പശു എന്ന അർഥത്തിലാണ് പ്രയോഗിച്ചതെന്ന് സന്ദർഭത്തിൽനിന്ന് ഊഹിക്കാം.)

## അക്ഷരങ്ങൾ – വരികൾ

- കൊടുത്ത കവിതാഭാഗം കുട്ടികൾ വീണ്ടും വായിക്കുന്നു.
- ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾക്ക് ഊന്നൽ നൽകി താളത്തിൽ ചൊല്ലട്ടെ.
- ഇത്തരത്തിൽ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചു വരുന്ന മറ്റു വരികൾ കുട്ടികൾ കണ്ടെത്തുന്നു.

  *ഉദാഹരണം:*

  "കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളോരി-
  പ്പൂവൽമെയ് പൂണ്ടോർതാൻ പുണ്യവാന്മാർ:
  ലാവണ്യദുഗ്ധം കടഞ്ഞെടുത്തീടിന
  തൂവെണ്ണയോ ഇതു തമ്പുരാനേ!"

  *(രണ്ടാമത്തേതായി 'വ' എന്ന അക്ഷരം ആവർത്തിക്കുന്നു)*

- മുമ്പു പഠിച്ച കവിതകളിൽനിന്ന് ഇങ്ങനെ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചു വരുന്ന വരികൾ കുട്ടികൾ ഓർത്തു പറയുന്നു.

  *ഉദാഹരണം:*

  "പരശ്ശതം വർഷങ്ങൾക്കപ്പുറത്താ-
  പരിചേലും തുഞ്ചൻപറമ്പിലെങ്ങോ
  ഒരു തൈമരത്തിൽ തളിർത്ത കൊമ്പ-
  ത്തൊരു പച്ചത്തത്തമ്മ കൂടുകൂട്ടി"

  *-മലയാളനാടേ, ജയിച്ചാലും -ചങ്ങമ്പുഴ (അഞ്ചാം തരം- കേരളപാഠാവലി)*

## പ്രയോഗഭംഗി കണ്ടെത്താം

- പാലഞ്ചും പുഞ്ചിരി എന്ന പ്രയോഗം ഉൾക്കൊള്ളുന്ന വരി കുട്ടികൾ കവിതയിൽനിന്ന് കണ്ടെത്തുന്നു.
- പ്രയോഗഭംഗി കണ്ടെത്താനുതകുംവിധത്തിലുള്ള ചെറുചോദ്യങ്ങളിലൂടെ പൊതു ചർച്ച
  - എപ്പോഴാണ് കുട്ടിയുടെ ചെഞ്ചുണ്ടിൽ പുഞ്ചിരി തങ്ങിനിൽക്കുന്നത്?
  - പുഞ്ചിരിയും പാലും തമ്മിൽ എന്തെല്ലാം സാമ്യങ്ങളുണ്ട്?
  - പാലിനെപ്പോലും തോൽപ്പിക്കുന്നത് എന്നു പറയുമ്പോൾ അർഥമാക്കുന്നതെന്ത്?
  - പാല്, പുഞ്ചിരി എന്നീ പദങ്ങൾ അടുത്തടുത്തു വരുമ്പോൾ എന്തെങ്കിലും പ്രത്യേകത അനുഭവപ്പെടുന്നുണ്ടോ?

*ക്രോഡീകരണം*

- ❖ പാലിനും പുഞ്ചിരിക്കും ഒരുപോലെയുള്ള വെണ്മ
- ❖ ശ്രീകൃഷ്ണന്റെ ഓമനത്വം തുളുമ്പുന്ന മുഖത്തു വിരിയുന്ന പുഞ്ചിരി പാലിനെക്കാൾ മീതെയായി കവി സങ്കൽപ്പിക്കുന്നു.
- ❖ രണ്ടു പദങ്ങളും 'പ' എന്ന അക്ഷരത്തിൽ ആരംഭിക്കുമ്പോഴുള്ള ശബ്ദഭംഗി.

- ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ സമാനമായ പ്രയോഗം വരുന്ന വരികൾ അധ്യാപിക പരിചയപ്പെടുത്തുന്നു.

  "പാലഞ്ചും പുഞ്ചിരി തങ്ങിനിന്നങ്ങനെ
  നാലഞ്ചു നാളങ്ങ് ചെന്നവാറേ"

## വിശകലനം ചെയ്യാം

- 'താമരത്താരിതൾ പോലെ' എന്ന വിശേഷണത്തിന്റെ വിശകലനത്തിന് സഹായകമായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.
  - ♦ താമര വിരിഞ്ഞു നിൽക്കുന്നതെവിടെയാണ്?
  - ♦ ജലാശയത്തിന്റെ നിറം എന്താണ്? ശ്രീകൃഷ്ണന്റെ നിറമോ?
  - ♦ ശ്രീകൃഷ്ണന്റെ കണ്ണുകൾ താമരയിതൾ പോലെ എന്നു പറയുന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

*ക്രോഡീകരണം*

- ❖ താമരപ്പൊയ്കയ്ക്കും ശ്രീകൃഷ്ണനും നിറത്തിന്റെ കാര്യത്തിൽ സമാനതയുണ്ട്.
- ❖ താമരയിതളിന്റെ ആകൃതിയിൽ നീണ്ട് മനോഹരമായ കണ്ണുകളാണ് ശ്രീകൃഷ്ണനുള്ളത്.

- പാല് എന്ന അർഥത്തിൽ കവിതയിൽ ഉപയോഗിച്ച മറ്റൊരു പദം കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.
- ആ പദം- ദുഗ്ധം - ഉൾക്കൊള്ളുന്ന വരി കുട്ടികൾ ചൊല്ലുന്നു.
- ലാവണ്യദുഗ്ധം, പൂവൽമെയ് എന്നീ പദങ്ങളുടെ ആശയം അധ്യാപിക വിശദീകരിക്കുന്നു. (സൗന്ദര്യമാകുന്ന പാൽ, മൃദുവായ ശരീരം)
- വരികളുടെ ആശയം കുട്ടികൾ ചർച്ച ചെയ്യുന്നു.
  - ♦ വെണ്ണയുടെ ഗുണങ്ങൾ എന്തെല്ലാം?
  - ♦ കണ്ണന്റെ ശരീരം സുന്ദരമായിത്തീരുന്നതെങ്ങനെയെല്ലാം?

*ക്രോഡീകരണം*

- ❖ തൈരു കടഞ്ഞാണ് വെണ്ണയെടുക്കുന്നത്. പാലിന്റെ സത്തു മുഴുവൻ വെണ്ണയിലടങ്ങിയിരിക്കുന്നു.
- ❖ ലാവണ്യം-സൗന്ദര്യം കടഞ്ഞെടുത്തതാണ് കണ്ണന്റെ ശരീരം. അതിനാൽ സൗന്ദര്യത്തിന്റെ പ്രധാനഘടകങ്ങളെല്ലാം അതിൽ ഒത്തുചേർന്നിരിക്കുന്നു.
- ❖ കണ്ണൻ ഏറ്റവും ഇഷ്ടപ്പെട്ട് കഴിക്കുന്ന ആഹാരത്തെ- പാലിനെയും വെണ്ണയെയും- കണ്ണന്റെ സൗന്ദര്യത്തോട് ഉപമിക്കുകയാണ് കവി ചെയ്തിരിക്കുന്നത്.

## ഈണത്തിൽ ചൊല്ലാം

(കവിതാസ്വാദനത്തിന്റെ ആദ്യപടി അത് ഈണത്തിൽ ചൊല്ലിരസിക്കുകയാണ്. എന്നാൽ കവിത വായിച്ച് ആശയവും ഭാവവും അതിലെ വൈകാരികാനുഭൂതിയും മുഴുവനായി ഉൾക്കൊണ്ടശേഷം ചൊല്ലുമ്പോഴാണ് ആസ്വാദനം പൂർണമാവുന്നത്. ഏറ്റവും ഉചിതമായ ഈണം കണ്ടെത്താനും അപ്പോഴേ സാധ്യമാവുകയുള്ളൂ. അങ്ങനെ ആലപ്പിക്കുമ്പോൾ കവിത ഹൃദിസ്ഥമാവുകയും ചെയ്യുന്നു.)

- മുൻപ്രവർത്തനത്തിലൂടെ കടന്നുപൊയപ്പോൾ കവിതയെക്കുറിച്ച് ഉണ്ടായ ധാരണ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

  *ചർച്ചാസൂചകങ്ങൾ*
  - എന്താണ് കവിതയുടെ പ്രമേയം?
  - എന്തുചിത്രമാണ് നമുക്ക് ലഭിക്കുന്നത്?
  - ആരെല്ലാമാണ് ആ ചിത്രത്തിലുള്ളത്?
  - ബാലന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?
  - ആ ബാലനെ കാണുന്നവർക്ക് എന്തൊക്കെയാണ് തോന്നുന്നത്?
  - വരികൾ ചൊല്ലുമ്പോൾ അനുഭവപ്പെടുന്ന താളം ഏതാണ്?
- സംഘമായി ഈണം കണ്ടെത്തി പലതലണ ചൊല്ലി പരിശീലിക്കട്ടെ.
- പുസ്തകം നോക്കാതെ കവിത ചൊല്ലിയവതരിപ്പിക്കുന്നു.
- ഒരു ഗ്രൂപ്പിന്റെ അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുന്നുന്നു

  *എങ്ങനെ വിലയിരുത്താം*
  - ✧ ആശയവ്യക്തത
  - ✧ താളത്തിനനുസരിച്ച ആകർഷകമായ ഈണം
  - ✧ ഉച്ചാരണസ്ഫുടത
  - ✧ ഭാവം

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

## വർണിക്കാം

- (പഠനപ്രവർത്തനത്തിന് മുന്നോടിയായി കുട്ടികൾ നേരത്തെ വാങ്മയങ്ങൾ രചിച്ചതിൽനിന്നു കിട്ടിയ അനുഭവം ഉപയോഗപ്പെടുത്തിയാണ് ഈ പ്രവർത്തനം ചെയ്യേണ്ടത്.) ഗദ്യത്തിലുള്ള ചില വർണനകൾ വായനയ്ക്കായി നൽകാം.

> അപ്പുക്കിളിയെ അന്നാണ് രവി സൂക്ഷിച്ചുനോക്കിയത്. ഉന്തിനിൽക്കുന്ന ചുണ്ടുകൾ. പിഞ്ഞാണംപോലെ മങ്ങിയ കണ്ണുകൾ. ഒരു മുക്കാൽമനുഷ്യന്റെ ഉടല്. പക്ഷേ കൈകാലുകൾ നന്നേ മുരടിച്ചുപോകയാൽ ആകെമൊത്തം ഒരു കുട്ടിയുടെ വലുപ്പമേ തോന്നിക്കൂ. ബാല്യമോ യൗവനമോ വാർധക്യമോ ആ മുഖത്ത് തെളിഞ്ഞില്ല.
>
> *(ഖസാക്കിന്റെ ഇതിഹാസം- ഒ.വി. വിജയൻ)*

- പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രം കുട്ടികൾ ശ്രദ്ധയോടെ വീക്ഷിക്കുന്നു.
- പൊതുചർച്ച
  - ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
  - കവിതയിൽ സൂചിപ്പിക്കുന്ന എന്തെല്ലാമാണ് ചിത്രത്തിലുള്ളത്?
  - കവിത വായിച്ചപ്പോൾ മനസ്സിൽ തെളിയുന്നത് എന്തെല്ലാം കാര്യങ്ങളാണ്?

- വ്യക്തിഗതമായി എഴുതിയ വർണന ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കുന്നു.

  *<u>വിലയിരുത്തൽ സൂചകങ്ങൾ</u>*

  ✧ കവിതയുടെ ആശയം പൂർണമായി ഉൾക്കൊണ്ടിരിക്കുന്നു.
  ✧ വിശദാംശങ്ങൾ സൂക്ഷ്മമായി വിവരിച്ചിരിക്കുന്നു.
  ✧ സ്വന്തമായ പ്രയോഗങ്ങൾ ചേർത്തിട്ടുണ്ട്.
  ✧ ആകർഷകമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

## കഥപറയാം

- മുതിർന്നവരോട് ചോദിച്ചോ പുസ്തകങ്ങൾ വായിച്ചോ കഥകൾ ശേഖരിക്കട്ടെ. (ആവശ്യമായ പുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം)

  *<u>എന്തെല്ലാം കഥകൾ ആവാം?</u>*

  ❖ വെണ്ണ കട്ട കഥകൾ
  ❖ ഉറിയിൽ തൂങ്ങിയ കണ്ണൻ
  ❖ ഉരലു വലിച്ച കണ്ണൻ
  ❖ പൂതനയെ കൊന്നത്
  ❖ കാളിയമർദ്ദനം
  ❖

- വായിച്ച കഥകൾ സ്വന്തമായ ഭാഷാശൈലിയിൽ അവതരിപ്പിക്കട്ടെ.

> ആശയവ്യക്തത, ഒഴുക്കോടെയുള്ള പറച്ചിൽ, വൈകാരികാംശം, ഭാവപ്രകടനം, ഉചിതമായ ഇടത്ത് നിർത്തലുകളും നീട്ടലുകളും, ശബ്ദനിയന്ത്രണം എന്നീ സൂചകങ്ങൾ ഉപയോഗിച്ച് അധ്യാപിക വിലയിരുത്തുന്നു.

## കണ്ടെത്താം ചൊല്ലാം

(മഹാകവി വള്ളത്തോളിനെക്കുറിച്ച് കൂടുതൽ അന്വേഷണത്തിനു കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിലാവണം ഈ പ്രവർത്തനം)

- പാഠപുസ്തകത്തിൽ കവിയെക്കുറിച്ച് കൊടുത്ത കുറിപ്പ് കുട്ടികൾ വായിക്കട്ടെ.
- പൊതുചർച്ച
  - കവിയെക്കുറിച്ച് എന്തെല്ലാം വിവരങ്ങൾ കുറിപ്പിലുണ്ട്?
  - പ്രധാനപ്പെട്ട കവിതകൾ ഏതെല്ലാമാണ്?
  - അതിൽ ഏതെങ്കിലും കവിതകളെക്കുറിച്ച് മുമ്പ് കേട്ടിട്ടുണ്ടോ?
- ക്ലാസ് ലൈബ്രറിയിൽ നിന്ന് വള്ളത്തോളിന്റെ കൃതികൾ വായിച്ച് ഇഷ്ടപ്പെട്ട വരികൾ ശേഖരിക്കുന്നു.
- ഓരോ ഈരടികളും ഓരോ ചാർട്ടിൽ വീതം എഴുതി പ്രദർശിപ്പിക്കുന്നു- സംഘപ്രവർത്തനം

  (മനോഹരമായ കൈയക്ഷരത്തിൽ എഴുതാൻ കുട്ടികളെ പ്രേരിപ്പിക്കണം)

  *<u>എങ്ങനെയെല്ലാം പ്രദർശിപ്പിക്കാം</u>*

  - ആശയത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് (ദേശാഭിമാനപരമായവ, ഭാഷാഭിമാനപരമായവ, ..... എന്നിങ്ങനെ)
  - കൃതികളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച്

**വള്ളത്തോളിന്റെ ചില വരികൾ:**

"എന്നുടെ ഭാഷതാനെ,ൻ തറവാട്ടമ്മ-
യന്യയാം ഭാഷ വിരുന്നുകാരി."
*(തറവാട്ടമ്മ)*

"വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ!"
*(മാതൃവന്ദനം)*

"ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്ക വേണം
ഹൃദ്യം സ്വഭാഷതൻ ശാകരമൊരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ"
*(എന്റെ ഭാഷ)*

"എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവുട്ടിമെതിച്ചു ഞാൻ;"
*(നമ്മുടെ മറുപടി)*

"പച്ചയാം വിരിപ്പിട്ട സഹ്യനിൽതലവച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ട പാദോപധാനം പൂണ്ടും,
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു
കൊള്ളുന്നൂ കുമാരിയും ഗോകർണേശനുമമ്മേ!"
*(മാതൃവന്ദനം)*

"കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി-
ലാനന്ദലബ്ധിക്കിനിയെന്തു വേണം?"
*(തോണിയാത്ര)*

"സംസ്കൃതഭാഷതൻ സ്വാഭിവികോജസ്സും
സാക്ഷാൽത്തമിഴിന്റെ സൗന്ദര്യവും
ഒത്തുചേർന്നുള്ളോരു ഭാഷയാണെൻ ഭാഷ
മത്താടിക്കൊൾകഭിമാനമേ നീ"
*(എന്റെ ഭാഷ)*

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി-
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!"
*(എന്റെ ഗുരുനാഥൻ)*

"സൗഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ
സ്വാതന്ത്ര്യം വേണമോ - വേണമെങ്കിൽ,
കർഷകജീവിതം പ്രത്യുദ്ധരിക്ക നാം
കാലാനുകൂല സംസ്കാരപൂർവം;"
*(കർഷകജീവിതം)*

"പാറമേൽത്തട്ടിപ്പാരം പളുങ്കിന്മണി ചിന്നി-
ച്ചാരാവമോടെ പായും പുഴകൾ ചില ദിക്കിൽ
പ്രകൃതിരമണീയം, ശാന്തഗംഭീരം ഹാ ഹാ,
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!"
*(പുരാണങ്ങൾ)*

"പോരാ, പോരാ നാളിൽ നാളിൽദ്ദൂരദൂരമുയരട്ടേ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ.
ആകാശപ്പൊയ്കയിൽപ്പുതുതാകുമലയിളകട്ടെ;
ലോകബന്ധുഗതിക്കുറ്റ മാർഗം കാട്ടട്ടേ!'
*(പോരാ, പോരാ)*

***സഹായകഗ്രന്ഥങ്ങൾ***

- സാഹിത്യമഞ്ജരി ഒന്നാം വാല്യം - വള്ളത്തോൾ
- വള്ളത്തോൾ കവിതകൾ - വള്ളത്തോൾ
- വള്ളത്തോൾ കവിതയിലേക്ക് - ഡോ. എസ്.കെ. വസന്തൻ

# 4.1.2 ഓടയിൽനിന്ന്

**മ**ലയാള സാഹിത്യത്തിൽ സാധാരണമനുഷ്യരുടെ ജീവിതം പ്രതിഫലിപ്പിച്ച ഒരു കൂട്ടം കഥാകാരന്മാർ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നമ്മുടെ ഭാഷയെ സമ്പുഷ്ടമാക്കുകയുണ്ടായി. പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. വ്യത്യസ്തങ്ങളായ ജീവിതമേഖലകൾ ചിത്രീകരിക്കുമ്പോഴും സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവരുടെ കഥ പറഞ്ഞു എന്നതാണ് ഇവർക്കെല്ലാം പൊതുവായുണ്ടായിരുന്ന സവിശേഷത. സാധാരണക്കാരുടെ ജീവിതദൈന്യം, സ്നേഹം, കാരുണ്യം, പ്രതീക്ഷ, സഹഭാവം എന്നിവ പ്രസരിപ്പിക്കുന്നവയായിരുന്നു ആ രചനകൾ.

പി. കേശവദേവിന്റെ 'ഓടയിൽനിന്ന്' എന്ന നോവലിന്റെ നാലാം അധ്യായമാണ് ഈ പാഠഭാഗം. നോവലിന്റെ കഥാഗതിയിലെ പ്രധാന വഴിത്തിരിവാണ് ഈ അധ്യായത്തിലുള്ളത്. ഋജുവും ലളിതവുമായ ഭാഷയിൽ കഥാനായകന്റെ പ്രധാനസവിശേഷതകൾ വായനക്കാരിലേക്കെത്തിക്കാൻ നോവലിസ്റ്റ് ഈ അധ്യായത്തിൽ ശ്രമിച്ചിരിക്കുന്നു.

കേശവദേവിന്റെ ആദ്യനോവലാണ് 'ഓടയിൽനിന്ന്'. ഒന്നിനും വേണ്ടിയല്ലാത്ത സ്നേഹം ആണ് ഈ കൃതിയുടെ അടിസ്ഥാന ഭാവം. അനാഥനായി വളരേണ്ടി വന്ന ഒരു റിക്ഷാക്കാരന്റെ ജീവിതകഥയാണിത്. ജീവിതത്തിൽ അപ്രതീക്ഷിതമായി കണ്ടുമുട്ടിയ ഒരു കൊച്ചു പെൺകുട്ടിയോട് അയാൾക്ക് തോന്നിയ പിതൃതുല്യമായ വാത്സല്യം അയാളുടെ ജീവിതത്തിന് പുതിയ പ്രതീക്ഷകൾ നൽകുകയാണ്. അവൾക്കു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ച അയാൾക്ക് പക്ഷേ ആ സ്നേഹം തിരിച്ചു ലഭിക്കുന്നില്ല. ജീവിതയഥാർഥ്യത്തിലെ വൈരുദ്ധ്യത്തെ യഥാതഥമായി അവതരിപ്പിക്കുകയാണ് കേശവദേവ് ഈ നോവലിൽ.

1965 ൽ ഈ നോവൽ സിനിമയായി. കെ.എസ്. സേതുമാധവൻ ആയിരുന്നു സംവിധായകൻ. കേശവദേവ് തന്നെയാണ് അതിന് തിരക്കഥ എഴുതിയത്. പ്രസിദ്ധ നടൻ സത്യന്റെ അതുല്യമായ അഭിനയത്തിലൂടെ ഇതിലെ നായകകഥാപാത്രം മലയാളികളുടെ ഉള്ളിൽ അനശ്വരമായി നിലകൊള്ളുന്നു.

ഒരു സംഭവപരമ്പരയുടെ നേർക്കാഴ്ച മനസ്സിൽ സൃഷ്ടിക്കുംവിധത്തിലുള്ള ഗദ്യവാങ്മയത്തിന് മികച്ച ഉദാഹരണമെന്ന നിലയിലാണ് ഈ പാഠഭാഗത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തേണ്ടത്.

'ഓടയിൽനിന്ന്' എന്ന നോവലിനെപ്പറ്റി പി. കേശവദേവ് എഴുതിയ ഒരു കത്തിൽ പരാമർശിക്കുന്നത് ഇങ്ങനെയാണ്:

*"................ ഓടയിൽനിന്ന് ആണ് എന്റെ ആദ്യ നോവൽ. ജീവിക്കണമെങ്കിൽ, സ്നേഹിക്കാൻ എന്തെങ്കിലും വേണം. അതാണ് ആ നോവലിന്റെ അടിസ്ഥാനം. സ്നേഹിക്കാൻ ഒരു പെൺകുട്ടിയെ കണ്ടുകിട്ടിയപ്പോൾ, പപ്പുവിന് 'നാളെ' ഉണ്ടായി. ആ സ്നേഹത്തിനു വേണ്ടി ത്യാഗം സഹിക്കുന്നതിലാണ് പപ്പുവിന്റെ ആനന്ദം. ആ സ്നേഹം ഉച്ചകോടിയിലെത്തുന്ന ഒരു രംഗമുണ്ടിതിൽ. പപ്പുവിന്റെ സഹായങ്ങൾക്കു കൃതജ്ഞതയുണ്ടെന്ന് ലക്ഷ്മി പറയുമ്പോൾ, പപ്പുവാകുന്ന അസ്ഥിപഞ്ജരം മഹാമേരുവിനെപ്പോലെ ഉയർന്നു നിന്നുകൊണ്ട് ഗർജിക്കും: 'കൃതജ്ഞതയും കാത്തുകിടക്കുന്ന പട്ടിയല്ല ഞാൻ' എന്ന്. .........."*

*(എം.കെ. സാനു എഴുതിയ 'താഴ്‌വരയിലെ സന്ധ്യ' എന്ന പുസ്തകത്തിൽനിന്ന്)*

# പ്രവർത്തനവിശകലനം

## വായിക്കാം, പറയാം

- കുട്ടികൾ പാഠഭാഗം വായിച്ച് അതിനോടൊപ്പം കൊടുത്ത ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതട്ടെ.
- ഓരോ ചിത്രത്തിനും മുമ്പും പിമ്പും നടന്ന സംഭവങ്ങൾ എന്തെല്ലാമെന്ന് കുട്ടികൾ പറയട്ടെ.
- 'വായിക്കാം, പറയാം' എന്ന പ്രവർത്തനത്തിൽ കൊടുത്ത ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി പറയട്ടെ. (എല്ലാ കുട്ടികൾക്കും പറയാനുള്ള അവസരം നൽകണം)
- പൊതുചർച്ച. (ഈ അവസരത്തിൽ നോവലിന്റെ മുൻഭാഗങ്ങളിലെ കഥയുടെ സൂചന അധ്യാപിക നൽകണം.)

## പദപരിചയം

- കൊടുത്തിരിക്കുന്ന പദങ്ങൾ പാഠഭാഗത്തിൽ എവിടെയാണുള്ളതെന്ന് കുട്ടികൾ കണ്ടെത്തട്ടെ.
- സന്ദർഭത്തിൽനിന്ന് അർഥം ഊഹിച്ചെഴുതട്ടെ. നിഘണ്ടുനോക്കി ഉറപ്പുവരുത്തട്ടെ.
- പ്ലഷർകാറ്, ജഡ്ക്ക, റിക്ഷ മുതലായ പദങ്ങൾ അധ്യാപിക കുട്ടികൾക്ക് പരിചയപ്പെടുത്തണം. അവയുടെ ചിത്രങ്ങൾ ഉപയോഗിക്കാം.



**പ്ലഷർകാർ**

സുഖയാത്രക്കുവേണ്ടി ഉപയോഗിക്കുന്ന വാഹനമാകയാൽ പണ്ട് കാറിനെ 'പ്ലഷർകാർ' എന്നായിരുന്നു വിളിച്ചിരുന്നത്.



**ജഡ്ക്ക**

കുതിരവണ്ടി. ഇന്ത്യയിലെ പല പഴയ നഗരങ്ങളിൽ ഇന്നും കുതിരവണ്ടികൾ നിലവിലുണ്ട്. പണ്ട് കേരളത്തിലുമുണ്ടായിരുന്നു.



**റിക്ഷ**

സൈക്കിൾറിക്ഷ നിലവിൽ വരുന്നതിനുമുമ്പ് മനുഷ്യൻ വലിച്ചുകൊണ്ടുപോകുന്ന റിക്ഷകൾ ഉള്ള കാലണ്ടായിരുന്നു.

## അന്നും ഇന്നും

- നേരത്തെ കുട്ടികൾ തയാറാക്കിയ വാങ്മയചിത്രത്തിലെ 'പട്ടണത്തെരുവിലെ കാഴ്ച' ചർച്ച ചെയ്യട്ടെ.
- ഇന്ന് നഗരത്തിരക്കിൽ കാണുന്നത് കുട്ടികൾ സ്വാനുഭവങ്ങളിൽ നിന്നു പറയുന്നു.
- പാഠഭാഗത്തിലെ ആദ്യത്തെ ഖണ്ഡിക വായിച്ച് ആ രംഗം ക്ലാസിൽ വിവരിക്കുന്നു



*കേരളത്തിലെ ഒരു പഴയകാല നഗരചിത്രം*

- പഴയകാല നഗരക്കാഴ്ചകൾ വ്യക്തമാക്കുന്ന ചിത്രങ്ങളോ, വീഡിയോദൃശ്യങ്ങളോ ക്ലാസിൽ പ്രദർശിപ്പിക്കുക. (പഴയകാല നഗരക്കാഴ്ചയുടെ ഒരു ചിത്രം ഇവിടെ കൊടുത്തിരിക്കുന്നത് സ്കൂളിൽ നന്നായി ചിത്രരചന നടത്തുന്ന കുട്ടികളെയോ അധ്യാപകരെയോ ഉപയോഗിച്ച് വലിയ ചാർട്ടിൽ വരപ്പിച്ച് ഉപയോഗിക്കാം)
- പഴയകാല നഗരചിത്രവും ഇന്നത്തെ നഗരക്കാഴ്ചയും കുട്ടികൾ ഗ്രൂപ്പായി ചർച്ച ചെയ്ത് താരതമ്യം ചെയ്യട്ടെ.
    - കാലം മാറിയപ്പോൾ നഗരത്തിനുണ്ടായ മാറ്റങ്ങൾ എന്തൊക്കെ?
    - ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളായിരിക്കും ഉണ്ടായിരിക്കുക?
- കുട്ടികൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ.
- കുട്ടികൾ പറയുന്ന പ്രധാനാശയങ്ങൾ അധ്യാപിക ചാർട്ടിൽ എഴുതട്ടെ.

  (ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ആത്മവിശ്വാസവും താൽപര്യവും ജനിപ്പിക്കാൻ അതുപകരിക്കും.)
- കുട്ടികൾ ഓരോരുത്തരായി പാഠഭാഗം ഭാവത്തോടെ ഉച്ചത്തിൽ വായിക്കട്ടെ.
- വായന പരസ്പരം വിലയിരുത്തുകയും അധ്യാപിക വിലയിരുത്തുകയും വേണം.

ചർച്ചയിലെ പങ്കാളിത്തം, ആശയങ്ങൾ വ്യക്തതയോടെ പറയാനുള്ള കഴിവ്, കണ്ടെത്തലുകൾ അവതരിപ്പിക്കാൻ ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തുന്നു.

*വിലയിരുത്തൽ സൂചകങ്ങൾ*

✧ ആശയവ്യക്തത
✧ ഉച്ചാരണസ്ഫുടത
✧ കഥയുടെ ഭാവത്തിനനുസരിച്ച ശബ്ദനിയന്ത്രണം
✧ സംഭാഷണഭാഗങ്ങൾ വായിക്കുമ്പോഴുള്ള സ്വാഭാവികത
✧ ഉചിതമായിടത്ത് നിർത്തലുകളും നീട്ടലുകളും

## ചൊല്ലുകൾ ചൊല്ലുകൾ

- 'കൊളത്തീ മുങ്ങിയാ കെണറ്റിലേ നീരത്തൊള്ളൂ' എന്ന ചൊല്ല് പാഠഭാഗത്തിൽ എവിടെയാണെന്ന് കണ്ടെത്തി ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. (ഈ ചൊല്ലിന്റെ പ്രാദേശികഭേദവും ചർച്ചചെയ്യാം)
- ഈ ചൊല്ല് ഉപയോഗിച്ചുള്ള പുതിയ വാക്യങ്ങൾ കുട്ടികൾ എഴുതട്ടെ.
- പ്രവർത്തനത്തിൽ കൊടുത്ത മറ്റ് ചൊല്ലുകളുടെ ആശയം ഇതുമായി താരതമ്യം ചെയ്യട്ടെ.
- വ്യക്തിഗതമായി സമാനമായ പുതിയ ചൊല്ലുകൾ ഉണ്ടാക്കട്ടെ. ഗ്രൂപ്പിൽനിന്ന് മെച്ച പ്പെട്ടത് തെരഞ്ഞെടുത്ത് അവതരിപ്പിക്കട്ടെ.

*മികച്ചത് എങ്ങനെ തെരഞ്ഞെടുക്കാം?*

അധ്യാപികയുടെ
വിലയിരുത്തലിനും
വിധേയമാക്കണം

✧ സമാനമായ ആശയം
✧ ആശയവ്യക്തത
✧ ചൊല്ലിൽ ഉപയോഗിച്ച പദങ്ങൾ തമ്മിലുള്ള പൊരുത്തം
✧ ആകർഷണീയത

## സങ്കൽപ്പിക്കാം, എഴുതാം

- കഥ ഒരാവൃത്തി മുഴുവനായി വായിച്ചശേഷം കുട്ടികൾ വ്യക്തിഗതമായി സംഭാഷണം എഴുതട്ടെ.
- പരസ്പരം കൈമാറി വായിച്ച് വിലയിരുത്തട്ടെ.

*എങ്ങനെ വിലയിരുത്താം?*

✧ സംബോധനകൾ ചേർത്തിട്ടുണ്ടോ?
✧ ആശയവ്യക്തതയുണ്ടോ?
✧ ചോദ്യത്തിന് യോജിച്ച ഉത്തരമാണോ പറയുന്നത്?
✧ ചോദ്യോത്തരങ്ങൾക്ക് തുടർച്ചയുണ്ടോ?
✧ ഉപയോഗിച്ച ഭാഷ എത്രത്തോളം മെച്ചമാണ്?

അധ്യാപികയുടെ
വിലയിരുത്തലിനും
വിധേയമാക്കണം

- മെച്ചപ്പെടുത്തിയെഴുതിയ സംഭാഷണം രണ്ടുപേർ ചേർന്ന ഗ്രൂപ്പുകളായി പറഞ്ഞ് അഭിനയക്കട്ടെ.

## കണ്ടെത്താം, വിശദീകരിക്കാം

- കൊടുത്ത വാക്യങ്ങളുടെ സന്ദർഭം കഥയിൽനിന്ന് കണ്ടെത്തട്ടെ.
- കുട്ടിയുടെ ജീവിതസാഹചര്യത്തെക്കുറിച്ച് എന്തെല്ലാം മനസ്സിലാക്കാം എന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

*ചർച്ചാസൂചകങ്ങൾ*

- 'കുട്ടയിൽ കുറച്ച് അരിയും മൂന്ന് മുളകും അൽപ്പം ഉപ്പും';
  'ഉച്ചയായപ്പഴ് ഒരു ചട്ടി പച്ചോളം കുടിച്ചു';
  'അമ്മേം ഞാനുംകൂടെ തിന്നോളാം.'
  എന്നിങ്ങനെ പറഞ്ഞതിൽനിന്ന് കുട്ടിയുടെ അവസ്ഥയെക്കുറിച്ച് എന്ത് ഊഹിക്കാം?
- 'ഞാനൊന്നേ ഒള്ളൂ.' എന്നതിൽനിന്ന് എന്ത് മനസ്സിലാക്കാം?

- പൊതുചർച്ച-ക്രോഡീകരണം
    - വീട്ടിലെ ദാരിദ്ര്യം
    - കുട്ടിയുടെ അച്ഛൻ മരിച്ചുപോയിരിക്കുന്നു, വീട്ടിൽ അമ്മയും കുട്ടിയും ഒറ്റക്കാണ് എന്ന സൂചന
- പപ്പുവിന്റെ എന്തെല്ലാം സവിശേഷതകളാണ് കഥയിൽനിന്ന് വ്യക്തമാവുന്നത് എന്ന് കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.
    - ജോലിയിലുള്ള വൈദഗ്ധ്യം
    - തന്റെ അശ്രദ്ധയെക്കുറിച്ചോർത്തുള്ള പ്രയാസം
    - വാക്കുപാലിക്കൽ
    - ആപത്തിൽപെട്ടവരെ സഹായിക്കാനുള്ള മനസ്ഥിതി
    - ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ.
- ഓരോ സവിശേഷതയും സൂചിപ്പിക്കുന്ന സന്ദർഭം ഓരോ ഗ്രൂപ്പായി ചർച്ചചെയ്ത് കണ്ടെത്തി അവതരിപ്പിക്കട്ടെ.
    - തിരക്കുള്ള നഗരമധ്യത്തിലൂടെ റിക്ഷയും വലിച്ച് അതിവേഗം പായുന്നത് ജോലിയിലെ വൈദഗ്ധ്യത്തെ സൂചിപ്പിക്കുന്നു.
    - തന്റെ അശ്രദ്ധയോർത്ത് കുണ്ഠിതപ്പെട്ടായിരുന്നു കുട്ടിവീണതു കണ്ട പപ്പു സ്തബ്ധനായി നിന്നുപോയത്.
    - പപ്പു വാക്കുപാലിക്കുന്ന ആളായതുകൊണ്ടാണ് കുട്ടിയുടെ അടുത്ത് തിരിച്ചു വന്നത് .
    - കുട്ടിക്ക് അരിയും മറ്റ് സാമാനങ്ങളും പഴവും വാങ്ങിക്കൊടുത്തത് അയാളുടെ സഹായമനസ്ഥിതിയെ കാണിക്കുന്നു.
    - കുട്ടിയെ കണ്ടപ്പോൾ തനിക്ക് സ്നേഹിക്കാൻ ആരൊക്കെയോ ഉണ്ട് എന്ന് ചിന്തിച്ചതും കുട്ടിയോട് നാളെ കാണാമോ എന്നു ചോദിച്ചതും ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷയെ സൂചിപ്പിക്കുന്നു.

> ചർച്ചയിലെ പങ്കാളിത്തം, ആശയത്തിന്റെ യുക്തി, ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തണം

## വിശകലനം ചെയ്യുക

- താഴെ കൊടുത്ത വാക്യങ്ങൾ എഴുതിയ ചാർട്ട് അധ്യാപിക പ്രദർശിപ്പിക്കുന്നു.

> - നാളെ എന്റെ ചേച്ചിയുടെ വിവാഹമാണ്.
> - ചേച്ചിയെ കാണാൻ വന്ന കൂട്ടുകാരികൾ ചേച്ചിക്ക് 'നല്ല നാളെ'കൾ ഉണ്ടാവട്ടെ എന്ന് ആശംസിച്ചു.

- വാക്യങ്ങളിൽ 'നാളെ' എന്ന പദത്തിനുള്ള അർഥവ്യത്യാസം കുട്ടികൾ പറയട്ടെ.
    - ആദ്യത്തേതിൽ 'പിറ്റേ ദിവസം' എന്ന അർഥമാണുള്ളത്.
    - രണ്ടാമത്തേതിൽ 'വരാൻ പോകുന്ന കാലം' എന്ന അർഥവും.
- 'കടമ്മനിട്ട'യുടെ 'കോഴി' എന്ന കവിതയിലെ താഴെ കൊടുത്ത വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

"നാളെ നിന്നെ ഞാൻ കൊത്തിമാറ്റുമ്പോൾ
നാളെകൾ നിന്നെ മാടിവിളിക്കും"
*(കോഴി- കടമ്മനിട്ട)*

- ഇവിടെയും 'നാളെ' എന്ന പദത്തിന്റെ അർഥവ്യത്യാസം കുട്ടികൾ ചർച്ചചെയ്യട്ടെ.
  - ആദ്യത്തെ വരിയിലെ 'നാളെ' അടുത്ത ദിവസങ്ങളിൽ എന്ന അർഥത്തിലാണ് ഉപയോഗിച്ചത്.
  - രണ്ടാമത്തെ വരിയിലെ 'നാളെകൾ' വരാൻപോകുന്ന കാലം എന്ന അർഥത്തിലും.
- പാഠഭാഗത്ത് പപ്പുവിന്റെ ജീവിതത്തെക്കുറിച്ച് 'നാളെ' എന്നു പ്രയോഗിച്ചതിലെ ആശയം ഗ്രൂപ്പിൽ ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ.

  *ചർച്ചാസൂചകങ്ങൾ*
  - കുട്ടിയോട് 'നാളെ' വരുമോ എന്നു പപ്പു ചോദിച്ചപ്പോൾ 'നാളെ' ഏത് അർഥത്തിലാണ് പ്രയോഗിച്ചത്?
  - പപ്പുവിന്റെ 'നാളെ' ഉണ്ടായിരുന്നില്ല എന്നതിന്റെ ആശയമെന്താണ്?
  - അന്നാദ്യമായി അയാൾക്കൊരു 'നാളെ' ഉണ്ടായി എന്നു പറഞ്ഞതിന്റെ ആശയമെന്ത്?
- കേശവദേവിന്റെ കത്തിന്റെ ഭാഗം (ആമുഖത്തോടൊപ്പം കൊടുത്തത്) ഗ്രൂപ്പിലെ ചർച്ചാവേളയിൽ വായനയ്ക്കായി നൽകാം.
- കണ്ടെത്തലുകൾ കുറിപ്പായി എഴുതി അവതരിപ്പിക്കട്ടെ.
  - പപ്പു തന്റെ ജീവിതത്തെക്കുറിച്ച് ഒരു പ്രതീക്ഷയും വച്ചുപുലർത്തിയിരുന്നില്ല.
  - കുട്ടിയെ കണ്ടതോടെ തനിക്ക് സ്നേഹിക്കാൻ ഒരാൾ ഉണ്ടായിരിക്കുന്നു എന്നും ആ കുട്ടിക്കു വേണ്ടി ഇനിയുള്ള കാലം വിനിയോഗിക്കാമെന്നും ഉള്ള പ്രതീക്ഷ പപ്പുവിൽ വളരുകയാണ്.

ആശയവ്യക്തത, യുക്തി, സ്വന്തമായ നിരീക്ഷണം, ഭാഷാശൈലി എന്നീ സൂചകങ്ങൾ ഉപയോഗിച്ച് വിശകലനക്കുറിപ്പ് അധ്യാപിക വിലയിരുത്തണം

## ചുമർപത്രിക

- പപ്പുവിന് 'നല്ല നാളെകൾ' ഉണ്ടായോ എന്ന ചോദ്യത്തോടെ നോവൽ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കാം.
  (നോവൽ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം)
- 'ഓടയിൽനിന്ന്' എന്ന സിനിമ ക്ലാസിൽ പ്രദർശിപ്പിക്കാം.
  (You Tube ൽ സിനിമ പൂർണരൂപത്തിൽ ലഭ്യമാണ്)
- പാഠപുസ്തകത്തിൽ കേശവദേവിനെക്കുറിച്ച് നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ.
- ചുമർപത്രികയിൽ എന്തൊക്കെ ചേർക്കാമെന്നും എങ്ങനെ തയാറാക്കാമെന്നും പൊതുചർച്ച



കേശവദേവ്



കേശവദേവും തോപ്പിൽഭാസിയും



പ്രസ്താവന

'ഓടയിൽനിന്ന്' എന്ന നോവലിന്റെ ആദ്യപതിപ്പിന് എഴുതിയ പ്രസ്താവന



കേശവദേവിന്റെ കൈപ്പട



ഒ.എൻ.വി, ബഷീർ, അഴീക്കോട്, തകഴി, കേശവദേവ്, ഉറൂബ്, പൊറ്റെക്കാട്ട്




'ഓടയിൽനിന്ന്' നോവൽ



ഡോ.എസ്. രാധാകൃഷ്ണനിൽനിന്ന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ഏറ്റുവാങ്ങുന്നു.




'ഓടയിൽനിന്ന്' സിനിമയുടെ പോസ്റ്റർ



'ഓടയിൽനിന്ന്' നോവൽ (തെലുഗ് പതിപ്പ്)



'ഓടയിൽനിന്ന്' നോവൽ (കന്നഡ പതിപ്പ്)

*എന്തൊക്കെ ചേർക്കാം?*

- കേശവദേവിന്റെ ചിത്രം
- ലഘു ജീവചരിത്രക്കുറിപ്പ്
- എഴുതിയ പ്രധാന കൃതികളുടെ പട്ടിക
- ദേവിന്റെ കൈപ്പട
- 'ഓടയിൽനിന്ന്' എന്ന നോവലിന്റെ പുറംചട്ട, പിൻകുറിപ്പ് മുതലായവ
- നോവലിലെ പ്രധാന കഥാപാത്രങ്ങൾ പട്ടികയും വരച്ച ചിത്രങ്ങളും
- നോവലിലെ ചില പ്രധാന സംഭാഷണങ്ങൾ, ഇഷ്ടപ്പെട്ട ഭാഗങ്ങൾ മുതലായവ
- 'ഓടയിൽനിന്ന്' എന്ന സിനിമയുടെ പോസ്റ്റർ
- 

*എങ്ങനെ തയാറാക്കാം?*

- ചിത്രങ്ങളും വിവരണങ്ങളും ഇടകലർത്തിക്കൊണ്ട്
- ആകർഷകമായ തലക്കെട്ടും അടിക്കുറിപ്പുകളും
- ചിലത് ബോക്സിൽ കൊടുത്തും പ്രത്യേക നിറം കൊടുത്തും
- ആവശ്യത്തിന് ഒഴിവുസ്ഥലമിട്ടുകൊണ്ട്
- ആകർഷകമായ നിറം
- 

- തയാറാക്കിയ ചുമർപത്രികയുടെ പ്രദർശനം
- പരസ്പരവിലയിരുത്തൽ
- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കട്ടെ.

*വിലയിരുത്തൽ സൂചകങ്ങൾ*

- ക്രമീകരിച്ചതിന്റെ ആകർഷണീയത
- ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പ്, പ്രധാന കൃതികൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ?
- തലക്കെട്ടിന്റെയും അടിക്കുറിപ്പുകളുടെയും ഭാഷയും ആകർഷണീയതയും

പത്രിക തയാറാക്കുന്നതിലുള്ള പങ്കാളിത്തം അധ്യാപിക വിലയിരുത്തണം

***സഹായകഗ്രന്ഥങ്ങൾ***

- ഓടയിൽനിന്ന് (നോവൽ) - പി. കേശവദേവ്
- താഴ്‌വരയിലെ സന്ധ്യ - എം. കെ. സാനു

# 4.1.3 മയന്റെ മായാജാലം

**കു**ഞ്ചൻ നമ്പ്യാരുടെ 'സഭാപ്രവേശം' പറയൻതുള്ളലിൽ നിന്നെടുത്ത ചില വരികളാണ് പാഠഭാഗത്തുള്ളത്. ഭാവനയുടെ വിശാലമായ ലോകത്തേക്ക് കുട്ടികളുടെ മനസ്സിനെ നയിക്കാൻ പര്യാപ്തമാണിത്. നിമിഷനേരംകൊണ്ട് അതിഗംഭീരമായ ഒരു കൊട്ടാരം പണിതുയർത്തുന്നത് വരച്ചുകാണിക്കുകയാണ് കുഞ്ചൻ നമ്പ്യാർ. ശബ്ദഭംഗികൊണ്ടുതന്നെ ഒരു കെട്ടിടനിർമ്മാണത്തിന്റെ പ്രതീതി ജനിപ്പിക്കുന്നുണ്ട് ഇതിൽ. നമ്പ്യാരുടെ വാഗ്വൈഭവത്തിന് മകുടോദാഹരണമാണിത്.

മയൻ എന്ന ദേവലോകശിൽപ്പി പാണ്ഡവർക്കുവേണ്ടി ഇന്ദ്രപ്രസ്ഥത്തിൽ തലസ്ഥാനനഗരം നിർമ്മിക്കുന്നതിന്റ വിവരണമാണിത്. ഓരോ വരിയും വായിക്കുമ്പോൾ മനസ്സിൽ ഒരു കൊട്ടാരം പണിതുയരുന്നതുപോലെ അനുഭവപ്പെടും. സങ്കൽപ്പലോകത്ത് ഇങ്ങനെ ഒരു ചിത്രം വിരിഞ്ഞുവരുന്നത് കുട്ടികൾക്ക് ഏറെ കൗതുകകരമായിരിക്കും.

ധൃതരാഷ്ട്രർ തങ്ങൾക്കായി അനുവദിച്ച പാതിരാജ്യത്തിലെ ഖാണ്ഡവപ്രസ്ഥം എന്ന വനത്തിൽ വ്യാസന്റെയും ശ്രീകൃഷ്ണന്റെയും നിർദേശപ്രകാരം ശിൽപ്പിയായ മയനെ കൊട്ടാരം നിർമ്മിക്കാൻ ചുമതലപ്പെടുത്തുകയാണ് പാണ്ഡവർ. അതു പ്രകാരം അദ്ദേഹം അവിടെ അദ്ഭുതകരമായ നഗരം നിർമ്മിക്കുന്നതാണ് സന്ദർഭം.

വാങ്മയചിത്രങ്ങളുടെ വ്യത്യസ്തമായ ഒരു ഭാവം പരിചയപ്പെടാനും കുഞ്ചൻനമ്പ്യാർ എന്ന കവിപ്രതിഭയെ അടുത്തറിയാനും ഉതകുന്ന തരത്തിലാണ് ഈ പാഠഭാഗം അവതരിപ്പിക്കേണ്ടത്. ഭാഷയുടെ കൂടുതൽ സാധ്യതകൾ തിരിച്ചറിയാൻ പഠനപ്രവർത്തനത്തിലൂടെ കുട്ടികൾക്ക് കഴിയണം.

## തുള്ളൽക്കല

പുരാതനമായ നാടോടിനൃത്തങ്ങളിൽനിന്നുള്ള പല സങ്കേതങ്ങളും സമന്വയിപ്പിച്ച് വികസിപ്പിച്ചെടുത്ത കലാരൂപമാണ് തുള്ളൽ. കുഞ്ചൻനമ്പ്യാരാണ് ഇന്നത്തെ രൂപത്തിലുള്ള തുള്ളൽക്കല വികസിപ്പിച്ചെടുത്തത്. കോലംതുള്ളൽ, ഭൂതംതുള്ളൽ, ഗന്ധർവൻതുള്ളൽ, ചീതങ്കൻതുള്ളൽ തുടങ്ങി അനേകം ഗ്രാമീണനൃത്തരീതികൾ അദ്ദേഹത്തിന് പരിചിതങ്ങളായിരുന്നു. പടയണിയും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. ചാക്യാർ കൂത്തിനു പകരമായി ഹാസ്യരസപ്രധാനമായ ഒരു കലാരൂപം വികസിപ്പിക്കുന്നതിൽ ഈ കലകളുടെ സങ്കേതങ്ങൾ നമ്പ്യാർ സമർഥമായി ഉപയോഗിച്ചിട്ടുണ്ട്. ക്ഷേത്രകല എന്ന നിലയിൽ അറിയപ്പെടുന്ന ഈ കലാരൂപം പ്രധാനമായി മൂന്നു വിധത്തിലുണ്ട്. വേഷത്തിലും അവതരണരീതിയിലും ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു.

**ഓട്ടൻതുള്ളൽ :**

മുഖത്തു മനയോല തേക്കുന്നു. കണ്ണും പുരികവും എഴുതും. കുരലാരം, കഴുത്താരം, ഹസ്തകടകം, തോൾപ്പൂട്ട് മതലായ മെയ്യാഭരണങ്ങളും കാലിൽ കെച്ചാമണിയും കെട്ടുന്നു. കച്ചകൊണ്ടുടുത്ത കൊണ്ടക്കെട്ടും കിരീടവുമായാൽ ഓട്ടൻതുള്ളലിന്റെ വേഷമായി. കിരീടം പാമ്പിൻപത്തിപോലെയാണ്.

**ശീതങ്കൻതുള്ളൽ :**

മുഖം മഞ്ഞൾകൊണ്ട് മിനുക്കി കണ്ണും പുരികവുമെഴുതി ചുണ്ടിൽ ചായമിട്ട് കുരുത്തോലകൊണ്ടുള്ള മെയ്യാഭരണങ്ങൾ ധരിച്ച് ശരീരത്തിൽ കളഭം പൂശുന്നു. കൈപ്പടത്തിന്റെയത്ര വീതിയുള്ള വെള്ളത്തുണി നീളത്തിൽ തുന്നിച്ചേർത്ത കച്ചയുടുത്ത് കാലിൽ കെച്ചമണിയണിഞ്ഞ് തലയിൽ കറുത്ത തുണികൊണ്ടുള്ള കൊണ്ട കെട്ടുന്നു.

**പറയൻതുള്ളൽ :**

മുഖത്തു ഭസ്മം തേച്ച് കണ്ണും പുരികവുമെഴുതുന്നു. തലയിൽ കുത്തനെയുള്ള കൊണ്ടക്കെട്ടിന്മേൽ രുദ്രാക്ഷമാല ചുറ്റിയിരിക്കും. ശരീരത്തിലും ഭസ്മം പൂശും. കഴുത്താരമിട്ട് അലക്കിയ പാവുമുണ്ടുടുത്ത് മീതെ ഒരു പട്ടുതുണിയും ചുറ്റുന്നു. വലത്തേക്കാലിൽ ചിലമ്പിട്ടിരിക്കും.

# പ്രവർത്തനവിശകലനം

## ചൊല്ലാം, രസിക്കാം

- ഭാവിയിലെ ചില കാര്യങ്ങൾ ഭാവനയിൽ കാണാൻ കുട്ടികളോട് ആവശ്യപ്പെടാം.
  - നാളത്തെ വീട്, വീട്ടിനകത്തെ വസ്തുക്കൾ
  - നാളത്തെ നഗരക്കാഴ്ച
  - ഇനി വരാൻപോകുന്ന ടി.വി, മൊബൈൽഫോൺ മുതലായവ
  - ഭാവിയിലെ ഭക്ഷണരീതി, വസ്ത്രങ്ങൾ
  -
  -
- എല്ലാ കുട്ടികൾക്കും അവതരണത്തിന് അവസരം കൊടുക്കാം. (അവതരണങ്ങളെ അഭിനന്ദിക്കണം)
- കുട്ടികൾ പറഞ്ഞവയിൽ തീർത്തും അസംഭവ്യമെന്നു തോന്നുന്നവ ചാർട്ടിൽ കുറിക്കുക.
- അവയെക്കുറിച്ച് പൊതുചർച്ച
  - ഇവ സംഭവിക്കുമോ?
  - സംഭവിച്ചാൽ ഉള്ള അവസ്ഥയെന്തായിരിക്കും?
  - സംഭവിക്കാനിടയില്ലാത്ത കാര്യങ്ങൾ അടങ്ങിയ ഏതെങ്കിലും കഥകൾ കേട്ടിട്ടുണ്ടോ?
- കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. പല കഥകളും അവർക്ക് പറയാനുണ്ടാവും. (ചിലത് അധ്യാപികയ്ക്കും സൂചിപ്പിക്കാം)
  - പലതരം കാർട്ടൂൺ കഥകൾ
  - അലാവുദ്ദീനും അദ്ഭുതവിളക്കും പോലുള്ള കഥകൾ
  - ജംഗിൾബുക്ക് പോലുള്ള കഥകൾ
  -
  -
- പാണ്ഡവർക്കു വേണ്ടി മയൻ നിർമ്മിച്ച അദ്ഭുതകൊട്ടാരത്തെക്കുറിച്ചുള്ള കഥ അധ്യാപിക വിവരിക്കട്ടെ.

അർധരാജ്യം ലഭിച്ച പാണ്ഡവർ ഖാണ്ഡവവനത്തിൽ എത്തിച്ചേർന്നു. ഒരിക്കൽ അർജുനന്റെ നിർദേശപ്രകാരം അഗ്നിയുടെ ഭക്ഷണമായിത്തീർന്ന വനമായിരുന്നു അത്. അന്ന് അവിടെ തക്ഷകന്റെ ഭവനത്തിൽ ഒളിച്ചു പാർക്കുകയായിരുന്നു ദേവശിൽപ്പി വിശ്വകർമ്മാവിന്റെ പുത്രൻ മയൻ. പിതാവിനെപ്പോലെ തച്ചുശാസ്ത്രജ്ഞ വിശാരദനായിരുന്നു ഇദ്ദേഹവും. അമരാവതി (ഇന്ദ്രലോകം), വൈകുണ്ഡം, കൈലാസത്തിലെ കല്യാണമണ്ഡപം, ഇന്ദ്രസഭ, വരുണസഭ, കുബേരലോകം, സത്യാലോകം, മയസഭ തുടങ്ങി പുരാണങ്ങളിൽ പറയുന്ന മിക്ക നിർമ്മിതികളുടെയും ശിൽപ്പിയാണ് മയൻ. നന്ദാവനം, ചൈത്രരഥ (അളകാപുരി), ഖാണ്ഡവവനം, വൃന്ദാവനം മുതലായ പൂന്തോട്ടങ്ങളും ത്രിപുരവിമാനം, സൗഭാഗവിമാനം, പുഷ്പകവിമാനം എന്നിവയും ഇദ്ദേഹമാണത്രേ നിർമ്മിച്ചത്.

ഖാണ്ഡവവനത്തിൽ അഗ്നി പടർന്നുപിടിച്ചപ്പോൾ മയൻ അർജുനനെ അഭയം പ്രാപിച്ചു. മയനെയും മറ്റ് അഞ്ച് പേരെയും അർജുനൻ രക്ഷിക്കുകയുണ്ടായി. പ്രത്യുപകാരമായി എന്തെങ്കിലും സ്വീകരിക്കണം എന്ന് മയൻ അർജുനനോട് അഭ്യർഥിച്ചു. ലോകത്തിലെ സകലസഭകളെയും അതിശയിപ്പിക്കുന്ന ഒരു കൊട്ടാരം അവിടെ നിർമ്മിച്ചു നൽകാൻ ശ്രീകൃഷ്ണൻ മയനോട് ആവശ്യപ്പെട്ടു.

അതുപ്രകാരം മയൻ അവിടെ പതിനായിരം ചതുരശ്ര അടി ചുറ്റളവിൽ കൊട്ടാരം നിർമ്മിക്കാനുള്ള കുറ്റിയടിച്ചു. അതിനു ശേഷം ഹിമാലയത്തിലെ മൈനാകപർവതത്തിൽ ചെന്ന് അവിടെ ബിന്ദുസരസ്സിൽ പണ്ട് മയൻതന്നെ ഉണ്ടാക്കിവച്ചിരുന്ന ചിത്രരത്നങ്ങളും അദ്ഭുതകരമായ ഒരു ഗദയും 'ദേവദത്തം' എന്ന ശംഖും കൊണ്ടുവന്നു. ആ രത്നങ്ങൾ കൊണ്ടാണ് മയൻ കൊട്ടാരം പണിതത്. ഗദ ഭീമനും ശംഖ് അർജുനനും സമ്മാനിക്കുകയും ചെയ്തു.

സഭയ്ക്കുള്ളിൽ മയൻ പലതരം പൊയ്കകൾ നിർമ്മിച്ചിരുന്നു. വൈഡൂര്യപത്രങ്ങളും രത്നത്തണ്ടുകളുമായുള്ള താമരകളും പൊന്മയമായ ചെങ്ങഴിപ്പൂക്കളും പക്ഷിഗണങ്ങളും പൊൻമീനുകളുമുള്ളതായിരുന്നു ആ പൊയ്കകൾ. ഇന്ദ്രനീലം പതിച്ച സ്ഫടികക്കൽപ്പടവുകളും സ്ഫടികം പോലുള്ള ജലവും ഉള്ളതായിരുന്നു അവ. പതിനാലു മാസം കൊണ്ടാണത്രേ മയൻ ഈ അദ്ഭുതക്കൊട്ടാരം പണികഴിച്ചത്. ചുറ്റിലും പൂത്തമരങ്ങളും കളിപ്പൊയ്കളും ഉണ്ടായിരുന്നു.

പാണ്ഡവരുടെ ക്ഷണപ്രകാരം ഈ സഭയിലേക്ക് പ്രവേശിച്ച ദുര്യോധനാദികൾക്ക് സ്ഫടികത്താൽ നിർമ്മിതമായ നടവഴിക്കിടയിൽ ഉണ്ടാക്കിയ രത്നനിർമ്മിതമായ പൊയ്കകൾ തിരിച്ചറിയാനാവാതെ സ്ഥലജലവിഭ്രാന്തിയുണ്ടായി. സ്ഥലമെന്നു കരുതി നടന്നപ്പോൾ വെള്ളത്തിൽ വീഴുകയും വെള്ളമെന്നു കരുതി ഇറങ്ങാൻ ശ്രമിച്ചപ്പോൾ നിലത്തു കാലിടിച്ച് മുട്ടുകുത്തി മറിയുകയും ചെയ്തതു കണ്ട് ദ്രൗപതിയും കൂട്ടരും പൊട്ടിച്ചിരിച്ചത് ദുര്യാധനനെ നാണംകെടുത്തി.

*അവലംബം : വ്യാസമഹാഭാരതം (ഗദ്യവിവർത്തനം) ഒന്നാം വാല്യം - വിദ്വാൻ. കെ. പ്രകാശം*

- കുട്ടികൾ കാവ്യഭാഗം വ്യക്തിഗതമായി വായിക്കട്ടെ.
- തുടർന്ന് സംഘമായി ചൊല്ലി അവതരിപ്പിക്കാം. (കവിത താളത്തിൽ ചൊല്ലാൻ കഴിയുന്നു എന്നുമാത്രമാണ് ഈ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടത്.)

## പദങ്ങൾ കണ്ടെത്താം

- കവിത വീണ്ടും വായിക്കുന്നു. മാതൃകയിൽ കൊടുത്തതുപോലെ ആദ്യം സമാനാക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന പദങ്ങളും പിന്നീട് പദച്ചേർച്ചകളും കണ്ടെത്തി എഴുതട്ടെ.

**അക്ഷരാവർത്തനം വരുന്ന പദങ്ങൾ**

* അച്ഛ - സ്വച്ഛ - കച്ഛം
* കോടാതെ- വാടാതെ- കൂടാതെ
* വേദി - മുദാ - വേദം
* പെട്ടെന്നു - ഒട്ടൊന്നു - പിട്ടല്ല
* തെല്ല് - കല്ല് - മെല്ലെ

**പദച്ചേർച്ചകൾ**

* പാദസരോജം
* പൊന്മണിമൗലികുംഭം
* ഉത്തുംഗഗോപുരശൃംഗം
* അച്ഛസ്ഫടികപ്രദേശങ്ങൾ
* എഴുനിലമാടങ്ങൾ

- ഈ പദങ്ങളുടെയും പദച്ചേരുവകളുടെയും അർഥം കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് ഊഹിച്ച് എഴുതട്ടെ. നിഘണ്ടു പരിശോധിച്ച് ശരിയായ അർഥം കണ്ടെത്തട്ടെ.
- പദച്ചേരുവകൾ വേറിട്ട പദങ്ങളാക്കി പറയാൻ അധ്യാപിക സഹായിക്കണം

    * പാദസരോജം - പാദമാകുന്ന സരോജം
    * പൊന്മണിമൗലികുംഭം - പൊന്നും മണികളും കൊണ്ടുള്ള മൗലികുംഭം
    * ഉത്തുംഗഗോപുരശൃംഗം - ഉത്തുംഗമായ ഗോപുരശൃംഗം
    * അച്ഛസ്ഫടികപ്രദേശങ്ങൾ - അച്ഛമായ സ്ഫടികപ്രദേശങ്ങൾ
    * എഴുനിലമാടങ്ങൾ - ഏഴുനിലയുള്ള മാടങ്ങൾ

- പാഠഭാഗത്തുനിന്നും പുതുതായി പരിചയപ്പെട്ട പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി പട്ടികപ്പെടുത്തട്ടെ.
- സന്ദർഭത്തിൽനിന്ന് അർഥം ഊഹിച്ചു എഴുതി നിഘണ്ടുനോക്കി ഉറപ്പു വരുത്തട്ടെ.

## കണ്ടെത്താം, പറയാം

- കുട്ടികൾ പാഠഭാഗം വീണ്ടും വായിക്കട്ടെ.
    - "മെല്ലെന്നു ഭൂമിപിളർന്നു പുറപ്പെട്ടു
      നല്ലൊരു പൊന്മണിമൗലികുംഭം." എന്ന വരികളുടെ ആശയം എന്താണ്?
    - ഇതിനു മുമ്പ് മയൻ ആരെയാണ് സ്മരിച്ചത്?
    - ആരെയാണ് വണങ്ങിയത്?
    - എങ്ങനെയാണ് നമസ്കരിച്ചത്?
    - അതിനുശേഷം മയൻ ചെയ്തത് എന്തൊക്കെയാണ്?
- കുട്ടികൾ ഉത്തരം പറയട്ടെ.
- ഗോപുരങ്ങൾ, മാളികകൾ, ചുറ്റുമതിലുകൾ എന്നിവയുടെ സൗന്ദര്യത്തെ വർണിക്കുന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു.
- വർണിക്കുന്നതെങ്ങനെയാണെന്ന് കുട്ടികൾ സ്വന്തംഭാഷയിൽ പറയട്ടെ.
- പൊതുചർച്ച- ക്രോഡീകരണം.
    - ഗോപുരങ്ങൾ തീക്കനൽപോലെ (സ്വർണനിർമ്മിതമായ ഗോപുരങ്ങൾ വെയിലേറ്റ് തീക്കനൽ പോലെ തോന്നിക്കുന്നു.)
    - പത്തരമാറ്റുള്ള തങ്കപ്രകാശത്തെ കുത്തിക്കവർന്നെടുത്തതുപോലെ പത്തനപംക്തികൾ (പൊന്നുകൊണ്ടുപണിത കൊട്ടാരനിരകൾ സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നു.)
    - മുത്ത്, പവിഴം, മരതകം, മാണിക്യം എന്നീ രത്നങ്ങളുടെ ഒത്തുചേർന്നുള്ള തിളക്കമാണ് ചുറ്റുമതിലിനുള്ളത്.

## കണ്ടെത്താം, എഴുതാം

- "അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
  സ്വച്ഛങ്ങളാകും തടാകങ്ങളും" എന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി ചൊല്ലുന്നു.
- വരികളുടെ ആശയം ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.

  *ചർച്ചാസൂചകങ്ങൾ*
    - എവിടെയാണ് തടാകങ്ങൾ കാണപ്പെട്ടത്?
    - തടാകങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെ?

- വൃക്ഷങ്ങൾ, വീഥികൾ എന്നിവയുടെ പ്രത്യേകത സൂചിപ്പിക്കുന്ന വരികൾ ഏതൊക്കെയാണെന്ന് കുട്ടികൾ കണ്ടെത്തി ചൊല്ലട്ടെ.
  - "പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
    കച്ഛത്തിലുത്തമവൃക്ഷങ്ങളും"
  - "ഉച്ചത്തിലുള്ളൊരെഴുനിലമാടങ്ങൾ
    മെച്ചത്തിൽ മാളികവീഥികളും"
- വരികളുടെ ആശയം ചർച്ചചെയ്യുന്നു
  - വൃക്ഷങ്ങൾ നിൽക്കുന്നതെവിടെയാണ്? *(നദീതീരങ്ങളിൽ)*
  - എങ്ങനെയുള്ളവയാണ് വൃക്ഷങ്ങൾ? *(ഉത്തമങ്ങൾ- പാഴ്മരങ്ങളല്ല)*
  - നദിയൊഴുകുന്ന പ്രദേശം എങ്ങനെയുള്ളതാണ്? *(പച്ചക്കല്ലൊത്തത്- പുൽപ്പരപ്പുനിറഞ്ഞത്)*
  - വീഥികൾ കാണുന്നതെവിടെയാണ്? *(ഏഴുനില മാളികകൾക്കിടയിൽ)*
  - വീഥികളുടെ പ്രത്യേകതയെന്ത്? *(വളരെ മെച്ചപ്പെട്ടവ)*
- കുട്ടികൾ വ്യക്തിഗതമായി കുറിപ്പെഴുതുന്നു.

ചർച്ചയിലെ പങ്കാളിത്തം, പറയുന്ന കാര്യത്തിന്റെ പ്രസക്തി. ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തണം

## ദൃക്സാക്ഷിവിവരണം

- പാഠഭാഗം സംഘമായി ഉചിതമായ ഈണം നൽകി ആലപിക്കുന്നു.
- രംഗത്ത് നടക്കുന്നത് എന്തൊക്കെയാണെന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് എഴുതി അവതരിപ്പിക്കട്ടെ.
- ക്രമമനുസരിച്ച് ഓരോ ഗ്രൂപ്പായി സംഭവങ്ങൾ മാറിമാറി പറയട്ടെ.
- അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തണം.
- മയൻ കൊട്ടാരം നിർമ്മിക്കുന്നത് മൂകാഭിനയമായി കാണിക്കട്ടെ- ഗ്രൂപ്പ് പ്രവർത്തനം. (ഗ്രൂപ്പിൽ ചിലർ പാഠഭാഗം ആലപിക്കുന്നു. മറ്റുചിലർ അതിനനുസരിച്ച് അഭിനയിക്കുന്നു.)
- എല്ലാ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം കുട്ടികൾ കണ്ണടച്ചിരുന്ന് സംഭവം മനസ്സിൽ കാണട്ടെ.
- തുടർന്ന് ദൃക്സാക്ഷിവിവരണം വ്യക്തിഗതമായി എഴുതട്ടെ.
- ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കട്ടെ. മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കാം.

**ദൃക്സാക്ഷിവിവരണം**

*മുന്നിൽ നടക്കുന്ന സംഭവം, അതു കാണാൻ കഴിയാതെ അകലെ ഇരിക്കുന്നവർക്കു നേരിൽക്കാണുന്ന പ്രതീതി ജനിപ്പിക്കുന്ന മട്ടിൽ പറഞ്ഞവതരിപ്പിക്കുന്നതാണ് ദൃക്സാക്ഷിവിവരണം. ഒരു ശബ്ദചിത്രപരമ്പരയാണിത്. സംഭവത്തിന്റെ ഭാവത്തിനും വൈകാരികതയ്ക്കുമനുസരിച്ച് ഉചിതമായ ശബ്ദവിന്യാസം പറച്ചിലിന് ആവശ്യമാണ്. വിശേഷണങ്ങളും വർണനകളും ആവശ്യാനുസരണം ചേർത്ത് ആകർഷകമാക്കിയാണ് പറയേണ്ടത്. എന്നാൽ ഇത് അമിതമാവാതെ നോക്കുകയും വേണം. എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തുമ്പോൾ തന്നെ പ്രധാന കാര്യങ്ങൾ പ്രത്യേകം എടുത്തുപറയുകയും വേണം.*

*വിലയിരുത്തൽ സൂചകങ്ങൾ*

- ✧ സംഭവത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.
- ✧ നേരിട്ട് കണ്ടു പറയുന്നതുപോലെ എഴുതിയിട്ടുണ്ട്.
- ✧ ഉചിതമായ ഭാഷാശൈലി ഉപയോഗിച്ചിട്ടുണ്ട്.

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

## കഥകൾ വായിക്കാം, പറയാം

- മഹാഭാരത കഥകളുള്ള പുസ്തകങ്ങൾ ക്ലാസ്ലൈബ്രറിയിൽ ലഭ്യമാക്കണം.
- ഗ്രൂപ്പായി വായിച്ച് വ്യത്യസ്തമായ കഥകൾ കണ്ടെത്തട്ടെ.
- ഗ്രൂപ്പിൽ നിന്ന് ഒരാളെ കഥപറയാൻ തെരഞ്ഞെടുക്കട്ടെ.

*വിലയിരുത്തൽ സൂചകങ്ങൾ*

✧ ആശയവ്യക്തത
✧ ഒഴുക്കോടെയുള്ള പറച്ചിൽ
✧ ഭാവപ്രകടനം
✧ ഉചിതമായ ഇടത്ത് നിർത്തലുകളും നീട്ടലുകളും,
✧ ശബ്ദനിയന്ത്രണം

- ഓരോ ഗ്രൂപ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ പൊതുവായി കഥ പറയുന്നു.

## വരികൾ ശേഖരിക്കാം

(കവിയെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അന്വേഷിക്കാനുള്ള താൽപര്യം ജനിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണിത്.

- പ്രവർത്തനത്തിൽ കൊടുത്ത വരികളുടെ സന്ദർഭം അധ്യാപിക വിവരിക്കുന്നു.

> (കല്യാണസൗഗന്ധികം തേടിപ്പോയ ഭീമസേനനെ പരീക്ഷിക്കാൻ ഹനുമാൻ വൃദ്ധവാനരന്റെ വേഷത്തിൽ വഴിമുടക്കി കിടക്കുന്നതും ഭീമൻ വാനരനോട് മാറിപ്പോകാൻ പറയുന്നതും അവസാനം ആ വാനരന്റെ വാലിലെ രോമംപോലും തന്റെ ഗദകൊണ്ട് അനക്കാൻ പറ്റാതെ വിഷണ്ണനാവുന്നതുമായ കഥ)

- വരികളിലെ ആശയം കുട്ടികൾ ചർച്ചചെയ്യുന്നു.
  - ഭീമൻ ആരോടാണ് പറയുന്നത്?
  - ഇങ്ങനെ പറയുന്നതിലൂടെ ഭീമന്റെ ഏതു സ്വഭാവമാണ് വെളിപ്പെടുന്നത്?
- കുഞ്ചൻനമ്പ്യാരെക്കുറിച്ച് പാഠഭാഗത്തു കൊടുത്ത കുറിപ്പ് കുട്ടികൾ വായിക്കുന്നു.
- നമ്പ്യാർകൃതികളുടെ പട്ടിക തയാറാക്കുന്നു.
- ക്ലാസ്ലൈബ്രറിയിൽനിന്ന് നമ്പ്യാർകൃതികൾ വായിച്ച് രസകരമായ വരികൾ ശേഖരിച്ച് വ്യക്തിഗതമായി പതിപ്പ് തയാറാക്കുന്നു.

(കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ' എന്ന പുസ്തകത്തിൽ ശ്രീ. പി.കെ. ശിവശങ്കപ്പിള്ള എഴുതിയ അവതാരികയിൽ പഴഞ്ചൊല്ലുകളും ശൈലികളുമായി മാറിയ നമ്പ്യാരുടെ ധാരാളം വരികൾ പ്രത്യേകം ലിസ്റ്റായി എടുത്തെഴുതിയിട്ടുണ്ട്.)

*പതിപ്പ് എങ്ങനെ ക്രമീകരിക്കാം*

- വരികൾ
- തുള്ളൽപ്പാട്ടിന്റെ പേര്
- വരികളുടെ ആശയം
- (വരികളുടെ ആശയത്തോടിണങ്ങുന്ന ചില ചിത്രങ്ങളും വരച്ചു ചേർക്കാം)

- പതിപ്പുകൾ ക്ലാസ് പി.ടി.എ യിൽ പ്രദർശിപ്പിക്കട്ടെ.

| | |
|---|---|
| "ഉപ്പു ചുമന്നു നടക്കുന്നവനൊരു കപ്പലു കടലിലിറക്കാൻ മോഹം." *(രുഗ്മിണീസ്വയംവരം)* | "കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിനു കുന്നിൻമീതെ പറക്കാൻ മോഹം." *(രുഗ്മിണീസ്വയംവരം)* |
| "കുറുനരി ലക്ഷം വന്നാലിന്നൊരു ചെറുപുലിയോടു പിണങ്ങാനെളുതോ?" *(സത്യാസ്വയംവരം)* | "കടുതായ് ശബ്ദിക്കും കുറുനരിയെ കടുവായുണ്ടോ പേടിക്കുന്നു." *(രാമാനുചരിതം)* |
| "അങ്ങാടീത്തോറ്റെന്നാലങ്ങതി- നമ്മയൊടെന്ന പഴഞ്ചൊല്ലൊത്തു." *(സന്താനഗോപാലം)* | "പടനായകനൊരു പടയിൽത്തോറ്റാൽ ഭടജനമെല്ലാം ഓടിയൊളിക്കും." *(ശീലാവതീചരിതം)* |
| "കടിയാപ്പട്ടികൾ നിന്നു കുരച്ചാൽ വടിയാലൊന്നു തിരിച്ചാൽ മണ്ടും." *(സത്യാസ്വയംവരം)* | "വേലികൾതന്നേ വിളവു മുടിച്ചാൽ കാലികളെന്തു നടന്നീടുന്നു?" *(സ്യമന്തകം)* |

### *സഹായകഗ്രന്ഥങ്ങൾ*

- കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ- കേരള സാഹിത്യ അക്കാദമി
- മഹാഭാരതകഥകൾ
- മാലിഭാരതം - മാലി
- വ്യാസമഹാഭാരതം (ഗദ്യവിവർത്തനം) ഒന്നാം വാല്യം - വിദ്വാൻ. കെ. പ്രകാശം

## വാക്കുകൾ, ചിത്രങ്ങൾ

യൂണിറ്റിലെ പാഠഭാഗത്തിലൂടെ കടന്നുപോയപ്പോൾ കേരളത്തെക്കുറിച്ച് കുട്ടികളുടെ മനസ്സിൽ രൂപപ്പെട്ട ആശയങ്ങൾ ക്രമീകരിക്കാനും പരസ്പരം ബന്ധിപ്പിക്കാനുമുള്ള പ്രവർത്തനമാണിത്.

- ഓരോ പാഠഭാഗം വായിക്കുമ്പോഴും കുട്ടികളുടെ മനസ്സിൽ തെളിഞ്ഞുവന്ന ചിത്രത്തിന്റെ പ്രത്യേകതകൾ ഗ്രൂപ്പായി ചർച്ചചെയ്യട്ടെ.

*ചർച്ചാസൂചകങ്ങൾ*

- 'ഒരുചിത്രം'എന്ന പാഠഭാഗം വായിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രം എന്താണ്?
- അതിൽ ഒന്നിലധികം സംഭവങ്ങൾ വരുന്നുണ്ടോ?
- മനസ്സിൽ കാണുന്ന ചിത്രത്തെ പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രവുമായി താരതമ്യം ചെയ്യുക.

  (രവിവർമ്മച്ചിത്രം -ഇന്റർനെറ്റിൽ ലഭ്യമാണ്- കുട്ടികളെ കാണിക്കാൻ പറ്റിയാൽ വളരെ നന്ന്)

- ഓരോ ഗ്രൂപ്പായി കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ. അധ്യാപിക ക്രോഡീകരിക്കണം.
    - ഒരിടത്തുനിന്ന് നോക്കുമ്പോൾ കാണുന്ന ഒരു ചിത്രമാണ് മനസ്സിൽ തെളിയുന്നത്.
    - ഒരേ സംഭവത്തിന്റെ തുടർച്ചമാത്രമാണ് അതിൽ.
    - ഒരു നിശ്ചലചിത്രം (പെയിന്റിങ്) നോക്കി നിൽക്കുന്ന പ്രതീതിയാണ് കവിത മനസ്സിലുണ്ടാക്കുന്നത്.
- 'ഓടയിൽനിന്ന്' എന്ന പാഠഭാഗം മനസ്സിലുണ്ടാക്കിയ കാഴ്ചയെക്കുറിച്ചും ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ
    - 'ഓടയിൽനിന്ന്' എന്ന പാഠഭാഗം വായിക്കുമ്പോൾ ഒരു സംഭവം മാത്രമാണോ മനസ്സിൽ തെളിയുന്നത്?
    - ഓരോ സംഭവവും വായിക്കുമ്പോൾ മനസ്സിൽ ഉണ്ടാവുന്ന പ്രതികരണം ഒരേപോലെയാണോ?
    - സിനിമയിൽ കണ്ട ദൃശ്യങ്ങളും കഥ വായിച്ചപ്പോൾ മനസ്സിൽ തെളിഞ്ഞ ചിത്രവും എങ്ങനെ പൊരുത്തപ്പെടുന്നു?
- ചർച്ച അധ്യാപിക ക്രോഡീകരിക്കുന്നു.
    - ഒരു സംഭവവും അതിനെത്തുടർന്നുണ്ടാവുന്ന കുറേ സംഭവങ്ങളും തുടർച്ചയായി മനസ്സിൽ തെളിയുകയാണ്.
    - ഓരോ സംഭവം വായിക്കുമ്പോഴും മനസ്സിൽ വ്യത്യസ്തമായ പ്രതികരണമാണ് ഉണ്ടാവുന്നത്. (ഉദാ: പപ്പു റിക്ഷാ വലിച്ചു പോവുന്നതു വായിക്കുമ്പോൾ ജോലിയിലുള്ള അയാളുടെ സാമർഥ്യത്തിൽ മതിപ്പു തോന്നുന്നു. കുട്ടി വീണതു വായിക്കുമ്പോൾ സങ്കടം തോന്നുന്നു. കുട്ടികൾ പപ്പുവിനെ ദുഷിച്ചു പറയുന്നത് വായിക്കുമ്പോൾ അവരോട് ദേഷ്യം തോന്നുന്നു. കുട്ടി പറയുന്നത് കേട്ടപ്പോൾ അവളോട് സഹതാപം തോന്നുന്നു......)
    - സിനിമയിൽ കാണുന്നതു പോലെയാണ് കഥ വായിക്കുമ്പോൾ രംഗങ്ങൾ മനസ്സിൽ തെളിയുന്നത്.
- തുടർന്ന് 'മയന്റെ മായാജാലം' എന്ന പാഠഭാഗത്തെക്കുറിച്ച് ചർച്ചചെയ്യുന്നു.
    - മയൻ ചെയ്യുന്നത് യഥാർഥത്തിൽ ഒരാൾക്ക് ചെയ്യാൻ കഴിയുന്ന കാര്യമാണോ?
    - കാവ്യഭാഗം വായിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് എന്താണ്?
    - അത്തരം ഒരു മന്ദിരം നേരിൽ കണ്ടിട്ടുണ്ടോ?
    - പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രവും മനസ്സിൽ തെളിയുന്ന കാഴ്ചയും തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാം.

*ക്രോഡീകരണം*

- മനുഷ്യർക്ക് സാധിക്കാത്ത കാര്യമാണ് മയൻ ചെയ്യുന്നതായി വിവരിക്കുന്നത്.
- തികച്ചും സങ്കൽപ്പലോകത്തിലെ ഒരു കാഴ്ചയാണത്.
- നിമിഷം കൊണ്ട് ഒരു കെട്ടിടം പണിതുയർന്നു വരുന്നതാണ് മനസ്സിൽ തെളിഞ്ഞു വരുന്നത്.
- ഇത്തരമൊരു മന്ദിരം ഭാവനയിൽ കാണുന്നത് രസകരമാണ്.

- ക്രോഡീകരണങ്ങൾ പ്രത്യേകം പ്രത്യേകമായി അധ്യാപിക ചാർട്ടിൽ എഴുതുന്നു.
- കുട്ടികൾ അവ താരതമ്യം ചെയ്ത് വ്യക്തിഗതമായി കുറിപ്പ് എഴുതുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ചചെയ്യുന്നു.
- അധ്യാപിക എഴുതിയ താരതമ്യക്കുറിപ്പ് ഗ്രൂപ്പിൽ വായിക്കുന്നു.
- മെച്ചപ്പെടുത്തിയെഴുതിയത് പോർട്ട് ഫോളിയോയിലേക്ക്

## ഞാൻ എന്നെക്കുറിച്ച്

- യൂണിറ്റിലെ പ്രധാന പഠനപ്രവർത്തനങ്ങളിലേർപ്പെട്ടപ്പോൾ കുട്ടികൾക്കുണ്ടായ മികവുകളും പരിമിതികളും സ്വയം തിരിച്ചറിയാനും പരിമിതികൾ തരണം ചെയ്ത് കൂടുതൽ മെച്ചപ്പെടാനും സഹായിക്കുന്ന പ്രവർത്തനമാണ് ഇതിലുള്ളത്.
- കുട്ടികൾ സ്വയം ചെയ്യേണ്ടതാണിത്. ക്ലാസ്മുറിയിൽ അധ്യാപികയുടെ സാന്നിധ്യത്തിലാണ് ഇത് നടക്കേണ്ടത്. രേഖപ്പെടുത്തലുകൾ സത്യസന്ധമായാലേ പരിമിതികൾ മറികടന്ന് കൂടുതൽ മെച്ചപ്പെടുത്തലിന് സാധിക്കുകയുള്ളൂ എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.
- ഓരോ ചോദ്യംകൊണ്ടും ഉദ്ദേശിക്കുന്നത് എന്താണ് എന്ന കാര്യം ക്ലാസിൽ ചർച്ച ചെയ്യണം. ഓരോന്നിലുമുള്ള കുട്ടികളുടെ മികവ് എങ്ങനെ കണ്ടെത്താമെന്നും എങ്ങനെ രേഖപ്പെടുത്താമെന്നും അധ്യാപിക വിശദീകരിക്കണം.

# 4.1
# ചിത്രവർണങ്ങൾ

## ആ മു ഖം

**ഭാ**വനാസമ്പന്നരാണ് കുട്ടികൾ. മുതിർന്നവർക്ക് അസാധ്യമെന്നോ യുക്തിരഹിതമെന്നോ തോന്നുന്നവ അവർ ഭാവനയിൽ കാണുന്നുണ്ടാവും. പ്രകൃതിയോട് ഏറ്റവും അടുത്തുനിൽക്കുന്നതിനാൽ കുയിലിന് എതിർപാട്ടുപാടാനും കുതികാറ്റിനൊപ്പം കുതിച്ചുപായാനും കുട്ടിക്കു കഴിയും. മനസ്സിൽ മൊട്ടിടുന്ന ഭാവന മറ്റുള്ളവരിലേക്ക് വിനിമയം ചെയ്യത്തക്കവിധത്തിൽ ആവിഷ്ക്കരിക്കാൻ കഴിയുമ്പോഴേ അത് സാർഥകമാവുന്നുള്ളൂ. വരകളിലൂടെയോ വാക്കുകളിലൂടെയോ ശബ്ദങ്ങളിലൂടെയോ ചലനത്തിലൂടെയോ ഉള്ള ഈ ആവിഷ്ക്കാരം സുന്ദരമാവുമ്പോഴാണ് അത് കലയാവുന്നത്. അപ്പോൾ വരകൾ ചിത്രവും വാക്ക് സാഹിത്യവും ശബ്ദം സംഗീതവും ചലനം നൃത്തവുമാവുന്നു എന്നു പറയാം.

സ്വന്തം ഭാവനയെ വാക്കുകളിലൂടെ സൂക്ഷ്മമായും സുന്ദരമായും ആവിഷ്ക്കരിക്കാനും അങ്ങനെ ആവിഷ്കൃതമായവ ആസ്വദിക്കാനും കുട്ടികളെ പ്രാപ്തരാക്കുക എന്നത് ഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഈ ഉദ്ദേശ്യത്തോടെയാണ് 'ചിത്രവർണങ്ങൾ' എന്ന ഈ യൂണിറ്റ് ഒരുക്കിയിരിക്കുന്നത്.

വള്ളത്തോളിന്റെ സാഹിത്യമഞ്ജരി ഒന്നാംഭാഗത്തിലുള്ള 'ഒരു ചിത്രം' എന്ന കവിതയിലെ ഏതാനും വരികൾ, പി. കേശവദേവിന്റെ 'ഓടയിൽനിന്ന്' എന്ന നോവലിലെ നാലാം അധ്യായം, കുഞ്ചൻനമ്പ്യാരുടെ 'സഭാപ്രവേശം' പറയൻതുള്ളലിലെ ഒരു ഭാഗം എന്നിവയാണ് ഇതിലെ പാഠഭാഗങ്ങൾ. വാക്കുകളിലൂടെ മനസ്സിൽ വിരിയുന്ന വ്യത്യസ്തതലങ്ങളിലുള്ള ചിത്രങ്ങളാണ് ഇവ. ഒന്ന് ഒരു നിശ്ചലചിത്രത്തെ മനസ്സിൽ തെളിയുക്കുകയാണെങ്കിൽ രണ്ടാമത്തെ പാഠം സംഭവപരമ്പരകളുടെ ഒരു ചലനചിത്രം മനസ്സിന്റെ വെള്ളിത്തിരയിൽ കാണാൻ സഹായിക്കുന്നു. ഭാവനയിൽ വിടരുന്ന ഒരദ്ഭുതക്കാഴ്ചയെ വാക്കുകൾകൊണ്ട് കെട്ടിപ്പടുക്കുകയാണ് കുഞ്ചൻനമ്പ്യാർ തുള്ളൽപ്പാട്ടിൽ.

വാങ്മയചിത്രങ്ങൾക്ക് ഉത്തമോദാഹരണങ്ങളാണ് ഈ പാഠഭാഗങ്ങൾ. സന്ദർഭങ്ങളെയും സംഭവങ്ങളെയും സൂക്ഷ്മമായും വിശദമായും അവതരിപ്പിക്കുന്നതെങ്ങിനെയെന്നും അവ വായനക്കാരന് ആഹ്ലാദം ജനിപ്പിക്കുന്നതരത്തിൽ എങ്ങനെ സുന്ദരങ്ങളായിത്തീരുന്നുവെന്നും ഇവ കാട്ടിത്തരുന്നു. ഭാഷ എപ്രകാരമാണ് അതിന് പ്രയോജനപ്പെടുത്തിയിരിക്കുന്നത് എന്ന് തിരിച്ചറിയുന്ന വിധത്തിലാണ് പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ തനതായ ഒരു ഭാഷ രൂപപ്പെടുത്താൻ പഠിതാവിന് കഴിയേണ്ടതുണ്ട്. ഓരോ പാഠഭാഗവും നിരവധി തവണ വായിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ ഉണ്ടാവണം.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനതെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.<br>• കവിതയുടെ ആശയം, പ്രയോഗഭംഗി, ചമൽക്കാരം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. | • ഒരു ചിത്രം | • മലയാളകവിതയിൽ വാങ്മയചിത്രങ്ങൾക്ക് മികച്ച മാതൃകകൾ ഉണ്ട്.<br>• മനസ്സിൽ ചില ചിത്രങ്ങൾ രൂപപ്പെടുത്താൻ വർണനകൾ സഹായിക്കുന്നു.<br>• സവിശേഷമായ പ്രയോഗങ്ങൾ കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നു.<br>• അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്ക് താളഭംഗി നൽകുന്നു. | • ചിത്രരചന<br>• സവിശേഷ പ്രയോഗങ്ങൾ വിശകലനം ചെയ്യൽ<br>• ശബ്ദഭംഗി കണ്ടെത്തൽ<br>• കാവ്യാലാപനം<br>• വർണന തയാറാക്കൽ<br>• കഥപറയൽ<br>• കാവ്യശകലങ്ങളുടെ ശേഖരണം | • വർണചിത്രം<br>• വിശകലനക്കുറിപ്പ്<br>• കാവ്യാലാപനം<br>• കഥപറയൽ | • ചർച്ചയിലെ പങ്കാളിത്തവും അഭിപ്രായങ്ങളുടെ യുക്തിയും ഉപയോഗിക്കുന്ന ഭാഷയും<br>• രചനകളിലെ ആശയവ്യക്തത, ക്രമീകരണം, ഭാഷാശൈലി<br>• കാവ്യാലാപനം<br>• കഥപറയൽ |
| • സാഹിത്യകൃതികളിലെ വാങ്മയചിത്രങ്ങൾ വായിച്ചാസ്വദിച്ച് വർണനകൾ, ദൃക്സാക്ഷി വിവരണങ്ങൾ എന്നിവ തയാറാക്കുന്നു. | • ഓടയിൽനിന്ന് | • ജീവിതയാഥാർഥ്യത്തെ പച്ചയായി അവതരിപ്പിക്കുന്ന നോവലുകൾ മലയാളത്തിലുണ്ട്. | • താരതമ്യം ചെയ്യൽ<br>• ചൊല്ലുകൾ നിർമ്മിക്കൽ | • താരതമ്യക്കുറിപ്പ്<br>• പുതിയ ചൊല്ലുകൾ | • രചനയിലെ മികവ് |

| | | | | | |
|---|---|---|---|---|---|
| • മഹാകവികളുടെ പ്രസിദ്ധങ്ങളായ വരികൾ ശേഖ രിക്കുന്നു.<br>• കഥയിലെ വൈകാരികമുഹൂർത്തങ്ങൾ, ഭാഷാശൈലി, കഥാപാത്രങ്ങൾ എന്നിവയുടെ സവി ശേഷതകൾ കണ്ടെത്തി വിശക ലനം ചെയ്യുന്നു. | | • സംഭവപരമ്പരകളുടെ നേർക്കാഴ്ച മനസ്സിൽ സൃഷ്ടിക്കാൻ ഉതകുന്ന വാങ്മയചിത്രങ്ങൾ കഥകളിൽ ഉണ്ടാവാം.<br>• സഹജീവിസ്നേഹം ജീവിതത്തിന് പുതിയ അർഥങ്ങൾ നൽകുന്നു.<br>• ശൈലികൾ പ്രയോഗിക്കുന്നത് ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. | • വിശകലനം ചെയ്യൽ<br>• കഥാപാത്രസവിശേഷത കണ്ടെത്തൽ<br>• ചുമർപത്രിക തയാറാക്കൽ | • വിശകലനക്കുറിപ്പ്<br>• ചുമർപത്രിക | • ചുമർപത്രിക |
| • കഥകളും നോവലുകളും വായിച്ച് കുറിപ്പുകളും ചുവർപത്രികകളും മറ്റും തയാറാക്കുന്നു.<br>• കഥകൾ ശേഖരിച്ച് ഭാവാത്മകമായി പറഞ്ഞ് അവതരിപ്പിക്കുന്നു. | • മയന്റെ മായാജാലം | • സൂക്ഷ്മമായ വർണനകൾ കുഞ്ചൻനമ്പ്യാരുടെ കൃതികളുടെ പ്രത്യേകതയാണ്.<br>• വായനക്കാരന്റെ മനസ്സിനെ ഭാവനാലോകത്തേക്ക് നയിക്കുന്ന വാങ്മയങ്ങൾ കവിതകളിൽ ഉണ്ടാവാറുണ്ട്.<br>• ശബ്ദപ്പൊലിമകൊണ്ട് കാവ്യഭംഗി ഉണ്ടാകുന്നു<br>• ദൃക്സാക്ഷി വിവരണ ങ്ങൾ കേൾക്കുന്നവരിൽ നേർക്കാഴ്ചയുടെ പ്രതീതിയുണ്ടാക്കുന്നു. | • കാവ്യാലാപനം<br>• പദപരിചയം<br>• ആശയങ്ങൾ കണ്ടെത്തൽ<br>• ദൃക്സാക്ഷിവിവരണം<br>• കഥകളുടെ ശേഖരണം<br>• വരികളുടെ ശേഖരണം<br>• വിശകലനം | • കാവ്യാലാപനം<br>• ദൃക്സാക്ഷിവിവ രണം<br>• വിശകലനക്കുറിപ്പ് | • ആലാപനത്തിലെ മികവ്<br>• ദൃക്സാക്ഷിവിവരണ ത്തിലെ മികവ്<br>• രചനയിലെ മികവ് |

## പ്രവേശകപ്രവർത്തനം

**ചി**ത്രവായനയും ചിത്രവിശകലനവുമെല്ലാം കുട്ടികൾ മുൻക്ലാസുകളിൽ പരിചയിച്ചവയാണല്ലോ. അതിന്റെ ഒരു എതിർപ്രവർത്തനമാണ് ഇവിടെ നൽകിയിരിക്കുന്നത്. വർണ്ണന വായിച്ച് ഒരു ചിത്രം വരയ്ക്കൽ. വാങ്മയത്തിലൂടെ മനസ്സിൽ രൂപപ്പെടുന്ന ദൃശ്യം വരകളും വർണങ്ങളും ചേർത്ത് പുനഃസൃഷ്ടിക്കുകയാണ് ചെയ്യേണ്ടത്.

ഒരു പ്രകൃതിവർണനയാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഇത് വായിക്കുമ്പോൾ താൻ നേരിൽ കാണാനിടയായ പല ദൃശ്യങ്ങളുടെയും അംശങ്ങൾ കുട്ടികളുടെ മനസ്സിൽ ഉദിച്ചുവരും. അവയെ പരസ്പരം ഇണക്കിച്ചേർത്ത് ഒറ്റച്ചിത്രമാക്കുന്ന മാനസികപ്രക്രിയയാണ് വർണനയുടെ ആസ്വാദനത്തിലൂടെ നടക്കുന്നത്. ഇങ്ങനെ രൂപപ്പെട്ട മനോചിത്രത്തെ കടലാസിലേക്കോ മറ്റേതെങ്കിലും മാധ്യമത്തിലേക്കോ പകർത്തുമ്പോൾ വസ്തുക്കളുടെ രൂപം, ആകൃതി, നിറം എന്നിവയെക്കുറിച്ചുള്ള സങ്കല്പം രൂപംകൊള്ളും. എവിടെനിന്ന്, എപ്പോൾ കാണുന്ന പ്രതീതിയാണ് ചിത്രത്തിലുണ്ടാകേണ്ടത് എന്നതിനെക്കുറിച്ചുള്ള മുൻധാരണ രൂപ്പെടുകയും ചെയ്യും.

വാങ്മയചിത്രത്തിന്റെ ആസ്വാദനത്തിലൂടെ രൂപപ്പെടുന്ന മനോചിത്രത്തിന്റെ സവിശേഷതകളിലേക്ക് കുട്ടികളുടെ ശ്രദ്ധയെ നയിക്കുക എന്നതാണ് ഈ പ്രവേശകപ്രവർത്തനം ലക്ഷ്യമാക്കുന്നത്.

- കുട്ടികൾ വർണന ഉറക്കെ വായിക്കട്ടെ.
- വർണന മനസ്സിലുണ്ടാക്കിയ ദൃശ്യത്തെക്കുറിച്ച് ചർച്ച ചെയ്യാം.

  *ചർച്ചാസൂചകങ്ങൾ*

  - കാഴ്ചയിൽ എന്തൊക്കെയുണ്ട്?
  - എവിടെനിന്നാണ് കാണുന്നത്?
  - ഏതു സമയത്താണ് കാണുന്നത്? (അതിനനുസരിച്ച് ചിത്രത്തിന്റെ വെളിച്ചം, നിറം എന്നിവ മാറുമല്ലോ. വർണനയിൽനിന്നു സമയസൂചന കിട്ടുന്നുണ്ടോ.)
  - പക്ഷികൾ വൃക്ഷങ്ങളിലേക്കു പറന്നിറങ്ങുന്നു എന്ന സൂചന എന്തു ധ്വനിപ്പിക്കുന്നു?
  - എങ്കിൽ താമരയുടെയും ആമ്പലിന്റെയും അവസ്ഥയിൽ എന്തുമാറ്റം വരും?
  - കാണുന്നവയുടെ നിറം എന്തായിരിക്കും? (കുന്നുകളുടെയും തടാകത്തിന്റെയും നിറം പറഞ്ഞിട്ടുണ്ടല്ലോ)
- വ്യക്തിഗതമായി ചിത്രം തയാറാക്കട്ടെ.
- ചിത്രം പരസ്പരം കൈമാറി വിലയിരുത്തുന്നു.

  *എങ്ങനെ വിലയിരുത്താം*

  ✧ വർണനയിൽ സൂചിപ്പിച്ച വിശദാംശങ്ങൾ ചിത്രത്തിലുണ്ട്.
  ✧ കാണുന്ന സ്ഥാനം വ്യക്തമാണ്.
  ✧ സമയസൂചന നൽകുന്ന നിറം ഉപയോഗിച്ചിരിക്കുന്നു.
  ✧ നിറങ്ങളുടെ പൊരുത്തം
  ✧ വസ്തുക്കളുടെ വലുപ്പത്തിന്റെ തോത്
- ചിത്രങ്ങളുടെ പ്രദർശനം (എല്ലാവർക്കും സമ്മാനം)

# 4.1.1 ഒരു ചിത്രം


രാജാ രവിവർമ്മ വരച്ച ചിത്രം

**ഒ**രു ജീവിതസന്ദർഭം വാങ്മയമായി അവതരിപ്പിക്കുന്ന പാഠഭാഗമാണിത്. ഭാഷയിൽ സുന്ദരമായ നിരവധി വാങ്മയചിത്രങ്ങൾ സൃഷ്ടിച്ച മഹാകവി വള്ളത്തോൾ നാരായണമേനോന്റെ സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലെ 'ഒരു ചിത്രം' എന്ന കവിതയിലെ ഏതാനും വരികളാണിവ.

ഗോകുലത്തിൽ യശോദയുടെ മകനായി വളരുന്ന ശ്രീകൃഷ്ണന്റെ കുട്ടിക്കാലമാണ് കവിതയിലുള്ളത്. കാലത്ത് പശുവിനെ കറക്കുന്ന അമ്മയുടെ അരികിൽ പാലിനുവേണ്ടി പാത്രവുമായി കാത്തുനിൽക്കുന്ന ഉണ്ണിക്കണ്ണനെയാണ് കവി വാക്കുകൊണ്ട് വരച്ചുകാണിക്കുന്നത്. ദീർഘമായ കവിതയിലെ ആദ്യവരികളാണ് ഈ പാഠത്തിലുള്ളത്.

യശോദ പയ്യിനെക്കറക്കുമ്പോൾ കയ്യിൽ പാൽപ്പാത്രവുമായി നിൽക്കുന്ന ഉണ്ണിക്കണ്ണന്റെ ഒരു ചിത്രം രാജാരവിവർമ്മ വരച്ചിട്ടുണ്ട്. ആ ചിത്രമാണ് ഈ കവിതയുടെ പശ്ചാത്തലമെന്ന് 'സാഹിത്യമഞ്ജരി' യുടെ സമ്പൂർണ സമാഹാരത്തിൽ അതിന്റെ സംശോധനം നിർവഹിച്ച പ്രസിദ്ധ നിരൂപകൻ പ്രഫ. കെ.പി ശങ്കരൻ ചൂണ്ടിക്കാട്ടുന്നു.

വാങ്മയചിത്രത്തിൽനിന്ന് ഒരു വർണചിത്രം വരയ്ക്കുന്ന പ്രവർത്തനമാണ് പ്രവേശകത്തിൽ ചെയ്തത്. കവിതയിലെ വാങ്മയചിത്രങ്ങൾ കുട്ടികളുടെ മനസ്സിൽ സൃഷ്ടിക്കുന്ന മനോചിത്രം ആസ്വാദനത്തിനുള്ള ഉപാധിയാക്കി മാറ്റുന്നവിധത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

*__വാ__ക്ചിത്രങ്ങളാണ് വള്ളത്തോൾ കവിതയുടെ നാടകീയതയിലെ ഒരു മുഖ്യഘടകം. വള്ളത്തോളിന്റെ കഥാപാത്രങ്ങളുടെ നേരേനിന്നാൽ അവർ നടന്നുവന്ന് മേക്കിട്ടുകയറും എന്ന് മുണ്ടശ്ശേരി സൂചിപ്പിക്കുന്നത് സത്യമാണ്. ചിന്താവിഷ്ടയായ ഉഷ, ഉദ്ധതനായ പരശുരാമൻ, ക്രുദ്ധയായ പാർവതി, ശാലീനയായ കൊച്ചുസീത, ഭക്തനായ പൂന്താനം- വാങ്മയചിത്രങ്ങളുടെ ഒരു വൻനിരതന്നെ കവി വരച്ചുവച്ചിട്ടുണ്ട്. 'ഇതു കേൾക്കൂ' എന്നദ്ദേഹം പറയാറില്ല; പറയാറുള്ളത് 'ഇതു കാണൂ' എന്നാണ്.*

* * * * * *

*വശ്യവചസ്സായ കവിക്കുപോലും വഴങ്ങാത്ത ഭാവമാണ് വാത്സല്യം എന്നാണല്ലോ പറയാറുള്ളത്. അവ്യക്തരമണീയവചപ്രവൃത്തികളാർന്ന കുഞ്ഞിനെ വർണിക്കുമ്പോൾ കാളിദാസന്റെ തൂവൽത്തുമ്പിനുപോലും തെല്ലൊരു സംഭ്രാന്തിയുണ്ടാവുന്നു എന്നത്രേ പണ്ഡിതമതം. ചെറുശ്ശേരി പലപ്പോഴും അക്ലിഷ്ടമനോഹരമായി സാധിച്ച ഈ കർമ്മം അനായാസമായിത്തന്നെ വള്ളത്തോളും നിർവഹിക്കുന്നു. അതിന്റെ ഉത്തമോദാഹരണമാണ് 'ഒരുചിത്രം'.*

*(വള്ളത്തോൾ കവിതയിലേക്ക് - ഡോ. എസ്.കെ. വസന്തൻ)*

# പ്രവർത്തനവിശകലനം

## വായിക്കാം, പറയാം

- പ്രവേശകത്തിന്റെ തുടർച്ചയായിത്തന്നെ പാഠാവതരണം നടത്താം. ഒരു വാങ്മയത്തെ വർണചിത്രമാക്കുകയാണല്ലോ ചെയ്തത്. അതുപോലെ ചില ചെറിയ വാങ്മയചിത്രങ്ങൾ കുട്ടികൾ നിർമ്മിക്കട്ടെ.

  *എന്തൊക്കെയാവാം?*

  - പൂത്തുലഞ്ഞുനിൽക്കുന്ന ഒരു ചെടി
  - പട്ടണത്തെരുവിലെ ഒരു കാഴ്ച
  - അടുക്കളയിലെ ഒരു രംഗം
  - കളിക്കിടയിലെ ഏതെങ്കിലും ഒരു ദൃശ്യം
  - കടലോരക്കാഴ്ച
  - ഉത്സവസ്ഥലം
  - നദീതീരം
  -

- പരിചിതമായ ഒരു സന്ദർഭം തിരഞ്ഞെടുത്ത് വ്യക്തിഗതമായി വാക്ചിത്രങ്ങൾ എഴുതട്ടെ.
- ഒരേ ആശയങ്ങൾ തിരഞ്ഞെടുത്തവർ ചേർന്ന് ഗ്രൂപ്പുകളായി അവതരിപ്പിക്കാം. എഴുതാൻ സ്വീകരിച്ച മാർഗങ്ങൾ ഓരോരുത്തരും വിവരിക്കണം.
  - ❒ പ്രമേയം തിരഞ്ഞെടുക്കുന്നു.
  - ❒ വിശദാംശങ്ങൾ മനസ്സിൽ കാണുന്നു.
  - ❒ ആശയങ്ങൾ ക്രമപ്പെടുത്തുന്നു.
  - ❒ വിശേഷിപ്പിക്കാൻ ഉചിതമായ പദങ്ങൾ കണ്ടെത്തുന്നു.
  - ❒ രചന

*കേൾവി, വായന, ലേഖനം തുടങ്ങിയതിനോടൊപ്പം ഭാഷാക്ലാസിൽ ഭാഷണത്തിന് തുല്യപ്രാധാന്യം നൽകേണ്ടതുണ്ട്. വായനയിലും ലേഖനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി ഭാഷണത്തിൽ മികവു കാണിക്കാൻ സാധിക്കും. 'വായിക്കാം, പറയാം', 'കണ്ടെത്താം, പറയാം' തുടങ്ങിയ പാഠഭാഗങ്ങളോടൊപ്പം ആദ്യം കൊടുത്ത പ്രവർത്തനങ്ങളെല്ലാം പാഠഭാഗം വായിച്ച് ആശയഗ്രഹണം നടത്താൻ സഹായിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഭാഷണത്തിന് അവസരം നൽകാനും ഉദ്ദേശിച്ചുള്ളവയാണ്. അതിനാൽ ഇവയുടെ ഉത്തരങ്ങൾ ക്ലാസിൽ എഴുതിക്കേണ്ടതില്ല.*

*ഓരോ കുട്ടിയും പറയുന്ന ഉത്തരത്തിലെ പ്രധാനാശയങ്ങൾ BBയിലെഴുതുന്നത് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കടക്കം ആത്മവിശ്വാസം പകരും. BB യിൽ എഴുതാനുള്ള ചുമതല പഠനമികവു പുലർത്തുന്ന കുട്ടികളെ ഏൽപ്പിക്കുകയാണെങ്കിൽ അവർക്കത് അംഗീകാരവും പ്രോത്സാഹനവുമാവുകയും ചെയ്യും.*

*ഭാഷണത്തിൽ ആശയവ്യക്തതയും ഉച്ചാരണശുദ്ധിയും ഉറപ്പാക്കാൻ ശ്രദ്ധിക്കണം.*

- ഗ്രൂപ്പിൽ നിന്ന് മികച്ചത് കണ്ടെത്തി പൊതുവായി അവതരിപ്പിക്കാം.

  *വിലയിരുത്തൽ സൂചകങ്ങൾ*

  - ✧ വിശദമായ കാഴ്ച
  - ✧ യോജിച്ച വാക്കുകൾ
  - ✧ പ്രധാനപ്പെട്ടവമാത്രം എടുത്തുപറയൽ
  - ✧ ആകർഷകമായ ഭാഷ

- കുട്ടികൾ പാഠഭാഗം വായിച്ച് 'വായിക്കാം പറയാം' എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തി പറയട്ടെ.
- പൊതുചർച്ചയിലൂടെ ശരിയായ ഉത്തരം കുട്ടികൾ കണ്ടെത്തുന്നു.

## പദപരിചയം

- കവിത വായിക്കുമ്പോൾ പരിചയമില്ലാത്ത പദങ്ങൾ കുറിക്കട്ടെ
- സന്ദർഭവുമായി ചേർന്നുള്ള അർഥം ഊഹിച്ചു പറയാം.
- നിഘണ്ടുനോക്കി ഉറപ്പുവരുത്തട്ടെ.
  (ചിലപ്പോൾ ഒരു പദത്തിനുതന്നെ വ്യത്യസ്തങ്ങളായ അർഥം ഉണ്ടാവുമല്ലോ. ഉദാഹരണം: 'പൈക്കറ' എന്നതിലെ 'പൈ' എന്നതിന് 'പശി' അല്ലെങ്കിൽ വിശപ്പ് എന്ന അർഥവും വരുമല്ലോ. എന്നാൽ ഇവിടെ പൈ എന്നത് പയ്യ്-പശു എന്ന അർഥത്തിലാണ് പ്രയോഗിച്ചതെന്ന് സന്ദർഭത്തിൽനിന്ന് ഊഹിക്കാം.)

## അക്ഷരങ്ങൾ – വരികൾ

- കൊടുത്ത കവിതാഭാഗം കുട്ടികൾ വീണ്ടും വായിക്കുന്നു.
- ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾക്ക് ഊന്നൽ നൽകി താളത്തിൽ ചൊല്ലട്ടെ.
- ഇത്തരത്തിൽ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചു വരുന്ന മറ്റു വരികൾ കുട്ടികൾ കണ്ടെത്തുന്നു.

*ഉദാഹരണം:*

"കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളോരി-
പ്പൂവൽമെയ് പൂണ്ടോർതാൻ പുണ്യവാന്മാർ:
ലാവണ്യദുഗ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോ ഇതു തമ്പുരാനേ!"

*(രണ്ടാമത്തേതായി 'വ' എന്ന അക്ഷരം ആവർത്തിക്കുന്നു)*

- മുമ്പു പഠിച്ച കവിതകളിൽനിന്ന് ഇങ്ങനെ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചു വരുന്ന വരികൾ കുട്ടികൾ ഓർത്തു പറയുന്നു.

*ഉദാഹരണം:*

"പരശ്ശതം വർഷങ്ങൾക്കപ്പുറത്താ-
പരിചേലും തുഞ്ചൻപറമ്പിലെങ്ങോ
ഒരു തൈമരത്തിൽ തളിർത്ത കൊമ്പ-
ത്തൊരു പച്ചത്തത്തമ്മ കൂടുകൂട്ടി"

*-മലയാളനാടേ, ജയിച്ചാലും -ചങ്ങമ്പുഴ (അഞ്ചാം തരം- കേരളപാഠാവലി)*

## പ്രയോഗഭംഗി കണ്ടെത്താം

- പാലഞ്ചും പുഞ്ചിരി എന്ന പ്രയോഗം ഉൾക്കൊള്ളുന്ന വരി കുട്ടികൾ കവിതയിൽനിന്ന് കണ്ടെത്തുന്നു.
- പ്രയോഗഭംഗി കണ്ടെത്താനുതകുംവിധത്തിലുള്ള ചെറുചോദ്യങ്ങളിലൂടെ പൊതുചർച്ച
  - എപ്പോഴാണ് കുട്ടിയുടെ ചെഞ്ചുണ്ടിൽ പുഞ്ചിരി തങ്ങിനിൽക്കുന്നത്?
  - പുഞ്ചിരിയും പാലും തമ്മിൽ എന്തെല്ലാം സാമ്യങ്ങളുണ്ട്?
  - പാലിനെപ്പോലും തോൽപ്പിക്കുന്നത് എന്നു പറയുമ്പോൾ അർഥമാക്കുന്നതെന്ത്?
  - പാല്, പുഞ്ചിരി എന്നീ പദങ്ങൾ അടുത്തടുത്തു വരുമ്പോൾ എന്തെങ്കിലും പ്രത്യേകത അനുഭവപ്പെടുന്നുണ്ടോ?

*ക്രോഡീകരണം*

- ❖ പാലിനും പുഞ്ചിരിക്കും ഒരുപോലെയുള്ള വെണ്മ
- ❖ ശ്രീകൃഷ്ണന്റെ ഓമനത്വം തുളുമ്പുന്ന മുഖത്തു വിരിയുന്ന പുഞ്ചിരി പാലിനെക്കാൾ മീതെയായി കവി സങ്കൽപ്പിക്കുന്നു.
- ❖ രണ്ടു പദങ്ങളും 'പ' എന്ന അക്ഷരത്തിൽ ആരംഭിക്കുമ്പോഴുള്ള ശബ്ദഭംഗി.

- ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ സമാനമായ പ്രയോഗം വരുന്ന വരികൾ അധ്യാപിക പരിചയപ്പെടുത്തുന്നു.

  "പാലഞ്ചും പുഞ്ചിരി തങ്ങിനിന്നങ്ങനെ
  നാലഞ്ചു നാളങ്ങ് ചെന്നവാറേ"

## വിശകലനം ചെയ്യാം

- 'താമരത്താരിതൾ പോലെ' എന്ന വിശേഷണത്തിന്റെ വിശകലനത്തിന് സഹായകമായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.
  - താമര വിരിഞ്ഞു നിൽക്കുന്നതെവിടെയാണ്?
  - ജലാശയത്തിന്റെ നിറം എന്താണ്? ശ്രീകൃഷ്ണന്റെ നിറമോ?
  - ശ്രീകൃഷ്ണന്റെ കണ്ണുകൾ താമരയിതൾ പോലെ എന്നു പറയുന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?

*ക്രോഡീകരണം*

- ❖ താമരപ്പൊയ്കയ്ക്കും ശ്രീകൃഷ്ണനും നിറത്തിന്റെ കാര്യത്തിൽ സമാനതയുണ്ട്.
- ❖ താമരയിതളിന്റെ ആകൃതിയിൽ നീണ്ട് മനോഹരമായ കണ്ണുകളാണ് ശ്രീകൃഷ്ണനുള്ളത്.

- പാല് എന്ന അർഥത്തിൽ കവിതയിൽ ഉപയോഗിച്ച മറ്റൊരു പദം കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.
- ആ പദം- ദുഗ്ധം - ഉൾക്കൊള്ളുന്ന വരി കുട്ടികൾ ചൊല്ലുന്നു.
- ലാവണ്യദുഗ്ധം, പൂവൽമെയ് എന്നീ പദങ്ങളുടെ ആശയം അധ്യാപിക വിശദീകരിക്കുന്നു. (സൗന്ദര്യമാകുന്ന പാൽ, മൃദുവായ ശരീരം)
- വരികളുടെ ആശയം കുട്ടികൾ ചർച്ച ചെയ്യുന്നു.
  - വെണ്ണയുടെ ഗുണങ്ങൾ എന്തെല്ലാം?
  - കണ്ണന്റെ ശരീരം സുന്ദരമായിത്തീരുന്നതെങ്ങനെയെല്ലാം?

*ക്രോഡീകരണം*

- ❖ തൈരു കടഞ്ഞാണ് വെണ്ണയെടുക്കുന്നത്. പാലിന്റെ സത്തു മുഴുവൻ വെണ്ണയിലടങ്ങിയിരിക്കുന്നു.
- ❖ ലാവണ്യം-സൗന്ദര്യം കടഞ്ഞെടുത്തതാണ് കണ്ണന്റെ ശരീരം. അതിനാൽ സൗന്ദര്യത്തിന്റെ പ്രധാനഘടകങ്ങളെല്ലാം അതിൽ ഒത്തുചേർന്നിരിക്കുന്നു.
- ❖ കണ്ണൻ ഏറ്റവും ഇഷ്ടപ്പെട്ട് കഴിക്കുന്ന ആഹാരത്തെ- പാലിനെയും വെണ്ണയെയും- കണ്ണന്റെ സൗന്ദര്യത്തോട് ഉപമിക്കുകയാണ് കവി ചെയ്തിരിക്കുന്നത്.

## ഈണത്തിൽ ചൊല്ലാം

(കവിതാസ്വാദനത്തിന്റെ ആദ്യപടി അത് ഈണത്തിൽ ചൊല്ലിരസിക്കുകയാണ്. എന്നാൽ കവിത വായിച്ച് ആശയവും ഭാവവും അതിലെ വൈകാരികാനുഭൂതിയും മുഴുവനായി ഉൾക്കൊണ്ടശേഷം ചൊല്ലുമ്പോഴാണ് ആസ്വാദനം പൂർണമാവുന്നത്. ഏറ്റവും ഉചിതമായ ഈണം കണ്ടെത്താനും അപ്പോഴേ സാധ്യമാവുകയുള്ളൂ. അങ്ങനെ ആലപ്പിക്കുമ്പോൾ കവിത ഹൃദിസ്ഥമാവുകയും ചെയ്യുന്നു.)

- മുൻപ്രവർത്തനത്തിലൂടെ കടന്നുപൊയപ്പോൾ കവിതയെക്കുറിച്ച് ഉണ്ടായ ധാരണ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

  *ചർച്ചാസൂചകങ്ങൾ*

  - എന്താണ് കവിതയുടെ പ്രമേയം?
  - എന്തുചിത്രമാണ് നമുക്ക് ലഭിക്കുന്നത്?
  - ആരെല്ലാമാണ് ആ ചിത്രത്തിലുള്ളത്?
  - ബാലന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?
  - ആ ബാലനെ കാണുന്നവർക്ക് എന്തൊക്കെയാണ് തോന്നുന്നത്?
  - വരികൾ ചൊല്ലുമ്പോൾ അനുഭവപ്പെടുന്ന താളം ഏതാണ്?
- സംഘമായി ഈണം കണ്ടെത്തി പലതലണ ചൊല്ലി പരിശീലിക്കട്ടെ.
- പുസ്തകം നോക്കാതെ കവിത ചൊല്ലിയവതരിപ്പിക്കുന്നു.
- ഒരു ഗ്രൂപ്പിന്റെ അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുന്നുന്നു

  *എങ്ങനെ വിലയിരുത്താം*

  ✧ ആശയവ്യക്തത
  ✧ താളത്തിനനുസരിച്ച ആകർഷകമായ ഈണം
  ✧ ഉച്ചാരണസ്ഫുടത
  ✧ ഭാവം

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

## വർണിക്കാം

- (പഠനപ്രവർത്തനത്തിന് മുന്നോടിയായി കുട്ടികൾ നേരത്തെ വാങ്മയങ്ങൾ രചിച്ചതിൽനിന്നു കിട്ടിയ അനുഭവം ഉപയോഗപ്പെടുത്തിയാണ് ഈ പ്രവർത്തനം ചെയ്യേണ്ടത്.) ഗദ്യത്തിലുള്ള ചില വർണനകൾ വായനയ്ക്കായി നൽകാം.

> അപ്പുക്കിളിയെ അന്നാണ് രവി സൂക്ഷിച്ചുനോക്കിയത്. ഉന്തിനിൽക്കുന്ന ചുണ്ടുകൾ. പിഞ്ഞാണംപോലെ മങ്ങിയ കണ്ണുകൾ. ഒരു മുക്കാൽമനുഷ്യന്റെ ഉടല്. പക്ഷേ കൈകാലുകൾ നന്നേ മുരടിച്ചുപോകയാൽ ആകെമൊത്തം ഒരു കുട്ടിയുടെ വലുപ്പമേ തോന്നിക്കൂ. ബാല്യമോ യൗവനമോ വാർധക്യമോ ആ മുഖത്ത് തെളിഞ്ഞില്ല.
>
> *(ഖസാക്കിന്റെ ഇതിഹാസം- ഒ.വി. വിജയൻ)*

- പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രം കുട്ടികൾ ശ്രദ്ധയോടെ വീക്ഷിക്കുന്നു.
- പൊതുചർച്ച
  - ചിത്രത്തിൽ എന്തെല്ലാം കാണുന്നു?
  - കവിതയിൽ സൂചിപ്പിക്കുന്ന എന്തെല്ലാമാണ് ചിത്രത്തിലുള്ളത്?
  - കവിത വായിച്ചപ്പോൾ മനസ്സിൽ തെളിയുന്നത് എന്തെല്ലാം കാര്യങ്ങളാണ്?

- വ്യക്തിഗതമായി എഴുതിയ വർണന ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കുന്നു.

*വിലയിരുത്തൽ സൂചകങ്ങൾ*

✧ കവിതയുടെ ആശയം പൂർണമായി ഉൾക്കൊണ്ടിരിക്കുന്നു.
✧ വിശദാംശങ്ങൾ സൂക്ഷ്മമായി വിവരിച്ചിരിക്കുന്നു.
✧ സ്വന്തമായ പ്രയോഗങ്ങൾ ചേർത്തിട്ടുണ്ട്.
✧ ആകർഷകമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്.

## കഥപറയാം

- മുതിർന്നവരോട് ചോദിച്ചോ പുസ്തകങ്ങൾ വായിച്ചോ കഥകൾ ശേഖരിക്കട്ടെ. (ആവശ്യമായ പുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം)

*എന്തെല്ലാം കഥകൾ ആവാം?*

❖ വെണ്ണ കട്ട കഥകൾ
❖ ഉറിയിൽ തൂങ്ങിയ കണ്ണൻ
❖ ഉരലു വലിച്ച കണ്ണൻ
❖ പൂതനയെ കൊന്നത്
❖ കാളിയമർദ്ദനം
❖

- വായിച്ച കഥകൾ സ്വന്തമായ ഭാഷാശൈലിയിൽ അവതരിപ്പിക്കട്ടെ.

ആശയവ്യക്തത, ഒഴുക്കോടെയുള്ള പറച്ചിൽ, വൈകാരികാംശം, ഭാവപ്രകടനം, ഉചിതമായ ഇടത്ത് നിർത്തലുകളും നീട്ടലുകളും, ശബ്ദനിയന്ത്രണം എന്നീ സുചകങ്ങൾ ഉപയോഗിച്ച് അധ്യാപിക വിലയിരുത്തുന്നു.

## കണ്ടെത്താം ചൊല്ലാം

(മഹാകവി വള്ളത്തോളിനെക്കുറിച്ച് കൂടുതൽ അന്വേഷണത്തിനു കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിലാവണം ഈ പ്രവർത്തനം)

- പാഠപുസ്തകത്തിൽ കവിയെക്കുറിച്ച് കൊടുത്ത കുറിപ്പ് കുട്ടികൾ വായിക്കട്ടെ.
- പൊതുചർച്ച
    - ⬩ കവിയെക്കുറിച്ച് എന്തെല്ലാം വിവരങ്ങൾ കുറിപ്പിലുണ്ട്?
    - ⬩ പ്രധാനപ്പെട്ട കവിതകൾ ഏതെല്ലാമാണ്?
    - ⬩ അതിൽ ഏതെങ്കിലും കവിതകളെക്കുറിച്ച് മുമ്പ് കേട്ടിട്ടുണ്ടോ?
- ക്ലാസ് ലൈബ്രറിയിൽ നിന്ന് വള്ളത്തോളിന്റെ കൃതികൾ വായിച്ച് ഇഷ്ടപ്പെട്ട വരികൾ ശേഖരിക്കുന്നു.
- ഓരോ ഈരടികളും ഓരോ ചാർട്ടിൽ വീതം എഴുതി പ്രദർശിപ്പിക്കുന്നു- സംഘപ്രവർത്തനം

(മനോഹരമായ കൈയക്ഷരത്തിൽ എഴുതാൻ കുട്ടികളെ പ്രേരിപ്പിക്കണം)

*എങ്ങനെയെല്ലാം പ്രദർശിപ്പിക്കാം*

- ⬩ ആശയത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് (ദേശാഭിമാനപരമായവ, ഭാഷാഭിമാനപരമായവ, ..... എന്നിങ്ങനെ)
- ⬩ കൃതികളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച്

### വള്ളത്തോളിന്റെ ചില വരികൾ:

"എന്നുടെ ഭാഷതാനെ,ൻ തറവാട്ടമ്മ-
യന്യയാം ഭാഷ വിരുന്നുകാരി."
*(തറവാട്ടമ്മ)*

"വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ,
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ!"
*(മാതൃവന്ദനം)*

"ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്ക വേണം
ഹൃദ്യം സ്വഭാഷതൻ ശാകരമൊരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ"
*(എന്റെ ഭാഷ)*

"എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നെ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവുട്ടിമെതിച്ചു ഞാൻ;"
*(നമ്മുടെ മറുപടി)*

"പച്ചയാം വിരിപ്പിട്ട സഹ്യനിൽതലവച്ചും,
സ്വച്ഛാബ്ധിമണൽത്തിട്ട പാദോപധാനം പൂണ്ടും,
പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെക്കാത്തു
കൊള്ളുന്നൂ കുമാരിയും ഗോകർണേശനുമമ്മേ!"
*(മാതൃവന്ദനം)*

"കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി-
ലാനന്ദലബ്ധിക്കിനിയെന്തു വേണം?"
*(തോണിയാത്ര)*

"സംസ്കൃതഭാഷതൻ സ്വാഭിവികോജസ്സും
സാക്ഷാൽത്തമിഴിന്റെ സൗന്ദര്യവും
ഒത്തുചേർന്നുള്ളോരു ഭാഷയാണെൻ ഭാഷ
മത്താടിക്കൊൾകഭിമാനമേ നീ"
*(എന്റെ ഭാഷ)*

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി-
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!"
*(എന്റെ ഗുരുനാഥൻ)*

"സൗഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ
സ്വാതന്ത്ര്യം വേണമോ - വേണമെങ്കിൽ,
കർഷകജീവിതം പ്രത്യുദ്ധരിക്ക നാം
കാലാനുകൂല സംസ്കാരപൂർവം;"
*(കർഷകജീവിതം)*

"പാറമേൽത്തട്ടിപ്പാരം പളുങ്കിന്മണി ചിന്നി-
ച്ചാരാവമോടെ പായും പുഴകൾ ചില ദിക്കിൽ
പ്രകൃതിരമണീയം, ശാന്തഗംഭീരം ഹാ ഹാ,
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!"
*(പുരാണങ്ങൾ)*

"പോരാ, പോരാ നാളിൽ നാളിൽദ്ദൂരദൂരമുയരട്ടേ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ.
ആകാശപ്പൊയ്കയിൽപ്പുതുതാകുമലയിളകട്ടെ;
ലോകബന്ധുഗതിക്കുറ്റ മാർഗം കാട്ടട്ടേ!'
*(പോരാ, പോരാ)*

### സഹായകഗ്രന്ഥങ്ങൾ

- സാഹിത്യമഞ്ജരി ഒന്നാം വാല്യം - വള്ളത്തോൾ
- വള്ളത്തോൾ കവിതകൾ - വള്ളത്തോൾ
- വള്ളത്തോൾ കവിതയിലേക്ക് - ഡോ. എസ്.കെ. വസന്തൻ

# 4.1.2 ഓടയിൽനിന്ന്

മലയാള സാഹിത്യത്തിൽ സാധാരണമനുഷ്യരുടെ ജീവിതം പ്രതിഫലിപ്പിച്ച ഒരു കൂട്ടം കഥാകാരന്മാർ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ നമ്മുടെ ഭാഷയെ സമ്പുഷ്ടമാക്കുകയുണ്ടായി. പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. വ്യത്യസ്തങ്ങളായ ജീവിതമേഖലകൾ ചിത്രീകരിക്കുമ്പോഴും സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവരുടെ കഥ പറഞ്ഞു എന്നതാണ് ഇവർക്കെല്ലാം പൊതുവായുണ്ടായിരുന്ന സവിശേഷത. സാധാരണക്കാരുടെ ജീവിതദൈന്യം, സ്നേഹം, കാരുണ്യം, പ്രതീക്ഷ, സഹഭാവം എന്നിവ പ്രസരിപ്പിക്കുന്നവയായിരുന്നു ആ രചനകൾ.

പി. കേശവദേവിന്റെ 'ഓടയിൽനിന്ന്' എന്ന നോവലിന്റെ നാലാം അധ്യായമാണ് ഈ പാഠഭാഗം. നോവലിന്റെ കഥാഗതിയിലെ പ്രധാന വഴിത്തിരിവാണ് ഈ അധ്യായത്തിലുള്ളത്. ഋജുവും ലളിതവുമായ ഭാഷയിൽ കഥാനായകന്റെ പ്രധാനസവിശേഷതകൾ വായനക്കാരിലേക്കെത്തിക്കാൻ നോവലിസ്റ്റ് ഈ അധ്യായത്തിൽ ശ്രമിച്ചിരിക്കുന്നു.

കേശവദേവിന്റെ ആദ്യനോവലാണ് 'ഓടയിൽനിന്ന്'. ഒന്നിനും വേണ്ടിയല്ലാത്ത സ്നേഹം ആണ് ഈ കൃതിയുടെ അടിസ്ഥാന ഭാവം. അനാഥനായി വളരേണ്ടി വന്ന ഒരു റിക്ഷാക്കാരന്റെ ജീവിതകഥയാണിത്. ജീവിതത്തിൽ അപ്രതീക്ഷിതമായി കണ്ടുമുട്ടിയ ഒരു കൊച്ചു പെൺകുട്ടിയോട് അയാൾക്ക് തോന്നിയ പിതൃതുല്യമായ വാത്സല്യം അയാളുടെ ജീവിതത്തിന് പുതിയ പ്രതീക്ഷകൾ നൽകുകയാണ്. അവൾക്കു വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വച്ച അയാൾക്ക് പക്ഷേ ആ സ്നേഹം തിരിച്ചു ലഭിക്കുന്നില്ല. ജീവിതയഥാർഥ്യത്തിലെ വൈരുദ്ധ്യത്തെ യഥാതഥമായി അവതരിപ്പിക്കുകയാണ് കേശവദേവ് ഈ നോവലിൽ.

1965 ൽ ഈ നോവൽ സിനിമയായി. കെ.എസ്. സേതുമാധവൻ ആയിരുന്നു സംവിധായകൻ. കേശവദേവ് തന്നെയാണ് അതിന് തിരക്കഥ എഴുതിയത്. പ്രസിദ്ധ നടൻ സത്യന്റെ അതുല്യമായ അഭിനയത്തിലൂടെ ഇതിലെ നായകകഥാപാത്രം മലയാളികളുടെ ഉള്ളിൽ അനശ്വരമായി നിലകൊള്ളുന്നു.

ഒരു സംഭവപരമ്പരയുടെ നേർക്കാഴ്ച മനസ്സിൽ സൃഷ്ടിക്കുംവിധത്തിലുള്ള ഗദ്യവാങ്മയത്തിന് മികച്ച ഉദാഹരണമെന്ന നിലയിലാണ് ഈ പാഠഭാഗത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തേണ്ടത്.

'ഓടയിൽനിന്ന്' എന്ന നോവലിനെപ്പറ്റി പി. കേശവദേവ് എഴുതിയ ഒരു കത്തിൽ പരാമർശിക്കുന്നത് ഇങ്ങനെയാണ്:

*"................ ഓടയിൽനിന്ന് ആണ് എന്റെ ആദ്യ നോവൽ. ജീവിക്കണമെങ്കിൽ, സ്നേഹിക്കാൻ എന്തെങ്കിലും വേണം. അതാണ് ആ നോവലിന്റെ അടിസ്ഥാനം. സ്നേഹിക്കാൻ ഒരു പെൺകുട്ടിയെ കണ്ടുകിട്ടിയപ്പോൾ, പപ്പുവിന് 'നാളെ' ഉണ്ടായി. ആ സ്നേഹത്തിനു വേണ്ടി ത്യാഗം സഹിക്കുന്നതിലാണ് പപ്പുവിന്റെ ആനന്ദം. ആ സ്നേഹം ഉച്ചകോടിയിലെത്തുന്ന ഒരു രംഗമുണ്ടിതിൽ. പപ്പുവിന്റെ സഹായങ്ങൾക്കു കൃതജ്ഞതയുണ്ടെന്ന് ലക്ഷ്മി പറയുമ്പോൾ, പപ്പുവാകുന്ന അസ്ഥിപഞ്ജരം മഹാമേരുവിനെപ്പോലെ ഉയർന്നു നിന്നുകൊണ്ട് ഗർജിക്കും: 'കൃതജ്ഞതയും കാത്തുകിടക്കുന്ന പട്ടിയല്ല ഞാൻ' എന്ന്. .........."*

*(എം.കെ. സാനു എഴുതിയ 'താഴ്‌വരയിലെ സന്ധ്യ' എന്ന പുസ്തകത്തിൽനിന്ന്)*

## പ്രവർത്തനവിശകലനം

### വായിക്കാം, പറയാം

- കുട്ടികൾ പാഠഭാഗം വായിച്ച് അതിനോടൊപ്പം കൊടുത്ത ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതട്ടെ.
- ഓരോ ചിത്രത്തിനും മുമ്പും പിമ്പും നടന്ന സംഭവങ്ങൾ എന്തെല്ലാമെന്ന് കുട്ടികൾ പറയട്ടെ.
- 'വായിക്കാം, പറയാം' എന്ന പ്രവർത്തനത്തിൽ കൊടുത്ത ചോദ്യങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി പറയട്ടെ. (എല്ലാ കുട്ടികൾക്കും പറയാനുള്ള അവസരം നൽകണം)
- പൊതുചർച്ച. (ഈ അവസരത്തിൽ നോവലിന്റെ മുൻഭാഗങ്ങളിലെ കഥയുടെ സൂചന അധ്യാപിക നൽകണം.)

### പദപരിചയം

- കൊടുത്തിരിക്കുന്ന പദങ്ങൾ പാഠഭാഗത്തിൽ എവിടെയാണുള്ളതെന്ന് കുട്ടികൾ കണ്ടെത്തട്ടെ.
- സന്ദർഭത്തിൽനിന്ന് അർഥം ഊഹിച്ചെഴുതട്ടെ. നിഘണ്ടുനോക്കി ഉറപ്പുവരുത്തട്ടെ.
- പ്ലഷർകാറ്, ജഡ്ക്ക, റിക്ഷ മുതലായ പദങ്ങൾ അധ്യാപിക കുട്ടികൾക്ക് പരിചയപ്പെടുത്തണം. അവയുടെ ചിത്രങ്ങൾ ഉപയോഗിക്കാം.



**പ്ലഷർകാർ**
സുഖയാത്രക്കുവേണ്ടി ഉപയോഗിക്കുന്ന വാഹനമാകയാൽ പണ്ട് കാറിനെ 'പ്ലഷർകാർ' എന്നായിരുന്നു വിളിച്ചിരുന്നത്.



**ജഡ്ക്ക**
കുതിരവണ്ടി. ഇന്ത്യയിലെ പല പഴയ നഗരങ്ങളിൽ ഇന്നും കുതിരവണ്ടികൾ നിലവിലുണ്ട്. പണ്ട് കേരളത്തിലുമുണ്ടായിരുന്നു.



**റിക്ഷ**
സൈക്കിൾറിക്ഷ നിലവിൽ വരുന്നതിനുമുമ്പ് മനുഷ്യൻ വലിച്ചുകൊണ്ടുപോകുന്ന റിക്ഷകൾ ഉള്ള കാലണ്ടായിരുന്നു.

### അന്നും ഇന്നും

- നേരത്തെ കുട്ടികൾ തയാറാക്കിയ വാങ്മയചിത്രത്തിലെ 'പട്ടണത്തെരുവിലെ കാഴ്ച' ചർച്ച ചെയ്യട്ടെ.
- ഇന്ന് നഗരത്തിരക്കിൽ കാണുന്നത് കുട്ടികൾ സ്വാനുഭവങ്ങളിൽ നിന്നു പറയുന്നു.
- പാഠഭാഗത്തിലെ ആദ്യത്തെ ഖണ്ഡിക വായിച്ച് ആ രംഗം ക്ലാസിൽ വിവരിക്കുന്നു



*കേരളത്തിലെ ഒരു പഴയകാല നഗരചിത്രം*

- പഴയകാല നഗരക്കാഴ്ചകൾ വ്യക്തമാക്കുന്ന ചിത്രങ്ങളോ, വീഡിയോദൃശ്യങ്ങളോ ക്ലാസിൽ പ്രദർശിപ്പിക്കുക. (പഴയകാല നഗരക്കാഴ്ചയുടെ ഒരു ചിത്രം ഇവിടെ കൊടുത്തിരിക്കുന്നത് സ്കൂളിൽ നന്നായി ചിത്രരചന നടത്തുന്ന കുട്ടികളെയോ അധ്യാപകരെയോ ഉപയോഗിച്ച് വലിയ ചാർട്ടിൽ വരപ്പിച്ച് ഉപയോഗിക്കാം)
- പഴയകാല നഗരചിത്രവും ഇന്നത്തെ നഗരക്കാഴ്ചയും കുട്ടികൾ ഗ്രൂപ്പായി ചർച്ച ചെയ്ത് താരതമ്യം ചെയ്യട്ടെ.
    - കാലം മാറിയപ്പോൾ നഗരത്തിനുണ്ടായ മാറ്റങ്ങൾ എന്തൊക്കെ?
    - ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളായിരിക്കും ഉണ്ടായിരിക്കുക?
- കുട്ടികൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ.
- കുട്ടികൾ പറയുന്ന പ്രധാനാശയങ്ങൾ അധ്യാപിക ചാർട്ടിൽ എഴുതട്ടെ.

  (ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് ആത്മവിശ്വാസവും താൽപര്യവും ജനിപ്പിക്കാൻ അതുപകരിക്കും.)

> ചർച്ചയിലെ പങ്കാളിത്തം, ആശയങ്ങൾ വ്യക്തതയോടെ പറയാനുള്ള കഴിവ്, കണ്ടെത്തലുകൾ അവതരിപ്പിക്കാൻ ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തുന്നു.

- കുട്ടികൾ ഓരോരുത്തരായി പാഠഭാഗം ഭാവത്തോടെ ഉച്ചത്തിൽ വായിക്കട്ടെ.
- വായന പരസ്പരം വിലയിരുത്തുകയും അധ്യാപിക വിലയിരുത്തുകയും വേണം.

  *വിലയിരുത്തൽ സൂചകങ്ങൾ*

    ✧ ആശയവ്യക്തത
    ✧ ഉച്ചാരണസ്ഫുടത
    ✧ കഥയുടെ ഭാവത്തിനനുസരിച്ച ശബ്ദനിയന്ത്രണം
    ✧ സംഭാഷണഭാഗങ്ങൾ വായിക്കുമ്പോഴുള്ള സ്വാഭാവികത
    ✧ ഉചിതമായിടത്ത് നിർത്തലുകളും നീട്ടലുകളും

## ചൊല്ലുകൾ ചൊല്ലുകൾ

- 'കൊളത്തീ മുങ്ങിയാ കെണറ്റിലേ നീരത്തൊള്ളൂ' എന്ന ചൊല്ല് പാഠഭാഗത്തിൽ എവിടെയാണെന്ന് കണ്ടെത്തി ആശയം ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. (ഈ ചൊല്ലിന്റെ പ്രാദേശികഭേദവും ചർച്ചചെയ്യാം)
- ഈ ചൊല്ല് ഉപയോഗിച്ചുള്ള പുതിയ വാക്യങ്ങൾ കുട്ടികൾ എഴുതട്ടെ.
- പ്രവർത്തനത്തിൽ കൊടുത്ത മറ്റ് ചൊല്ലുകളുടെ ആശയം ഇതുമായി താരതമ്യം ചെയ്യട്ടെ.
- വ്യക്തിഗതമായി സമാനമായ പുതിയ ചൊല്ലുകൾ ഉണ്ടാക്കട്ടെ. ഗ്രൂപ്പിൽനിന്ന് മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് അവതരിപ്പിക്കട്ടെ.

*മികച്ചത് എങ്ങനെ തെരഞ്ഞെടുക്കാം?*

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

✧ സമാനമായ ആശയം
✧ ആശയവ്യക്തത
✧ ചൊല്ലിൽ ഉപയോഗിച്ച പദങ്ങൾ തമ്മിലുള്ള പൊരുത്തം
✧ ആകർഷണീയത

## സങ്കൽപ്പിക്കാം, എഴുതാം

- കഥ ഒരാവൃത്തി മുഴുവനായി വായിച്ചശേഷം കുട്ടികൾ വ്യക്തിഗതമായി സംഭാഷണം എഴുതട്ടെ.
- പരസ്പരം കൈമാറി വായിച്ച് വിലയിരുത്തട്ടെ.

*എങ്ങനെ വിലയിരുത്താം?*

✧ സംബോധനകൾ ചേർത്തിട്ടുണ്ടോ?
✧ ആശയവ്യക്തതയുണ്ടോ?
✧ ചോദ്യത്തിന് യോജിച്ച ഉത്തരമാണോ പറയുന്നത്?
✧ ചോദ്യോത്തരങ്ങൾക്ക് തുടർച്ചയുണ്ടോ?
✧ ഉപയോഗിച്ച ഭാഷ എത്രത്തോളം മെച്ചമാണ്?

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

- മെച്ചപ്പെടുത്തിയെഴുതിയ സംഭാഷണം രണ്ടുപേർ ചേർന്ന ഗ്രൂപ്പുകളായി പറഞ്ഞ് അഭിനയക്കട്ടെ.

## കണ്ടെത്താം, വിശദീകരിക്കാം

- കൊടുത്ത വാക്യങ്ങളുടെ സന്ദർഭം കഥയിൽനിന്ന് കണ്ടെത്തട്ടെ.
- കുട്ടിയുടെ ജീവിതസാഹചര്യത്തെക്കുറിച്ച് എന്തെല്ലാം മനസ്സിലാക്കാം എന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

*ചർച്ചാസൂചകങ്ങൾ*

- 'കുട്ടയിൽ കുറച്ച് അരിയും മൂന്ന് മുളകും അൽപ്പം ഉപ്പും';
  'ഉച്ചയായപ്പഴ് ഒരു ചട്ടി പച്ചോളം കുടിച്ചു';
  'അമ്മേം ഞാനുംകൂടെ തിന്നോളാം.'
  എന്നിങ്ങനെ പറഞ്ഞതിൽനിന്ന് കുട്ടിയുടെ അവസ്ഥയെക്കുറിച്ച് എന്ത് ഊഹിക്കാം?
- 'ഞാനൊന്നേ ഒള്ളൂ.' എന്നതിൽനിന്ന് എന്ത് മനസ്സിലാക്കാം?

- പൊതുചർച്ച-ക്രോഡീകരണം
    - ❖ വീട്ടിലെ ദാരിദ്ര്യം
    - ❖ കുട്ടിയുടെ അച്ഛൻ മരിച്ചുപോയിരിക്കുന്നു, വീട്ടിൽ അമ്മയും കുട്ടിയും ഒറ്റക്കാണ് എന്ന സൂചന
- പപ്പുവിന്റെ എന്തെല്ലാം സവിശേഷതകളാണ് കഥയിൽനിന്ന് വ്യക്തമാവുന്നത് എന്ന് കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.
    - ❖ ജോലിയിലുള്ള വൈദഗ്ധ്യം
    - ❖ തന്റെ അശ്രദ്ധയെക്കുറിച്ചോർത്തുള്ള പ്രയാസം
    - ❖ വാക്കുപാലിക്കൽ
    - ❖ ആപത്തിൽപെട്ടവരെ സഹായിക്കാനുള്ള മനസ്ഥിതി
    - ❖ ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ.
- ഓരോ സവിശേഷതയും സൂചിപ്പിക്കുന്ന സന്ദർഭം ഓരോ ഗ്രൂപ്പായി ചർച്ചചെയ്ത് കണ്ടെത്തി അവതരിപ്പിക്കട്ടെ.
    - ❖ തിരക്കുള്ള നഗരമധ്യത്തിലൂടെ റിക്ഷയും വലിച്ച് അതിവേഗം പായുന്നത് ജോലിയിലെ വൈദഗ്ധ്യത്തെ സൂചിപ്പിക്കുന്നു.
    - ❖ തന്റെ അശ്രദ്ധയോർത്ത് കുണ്ഠിതപ്പെട്ടായിരുന്നു കുട്ടിവീണതു കണ്ട പപ്പു സ്തബ്ധനായി നിന്നുപോയത്.
    - ❖ പപ്പു വാക്കുപാലിക്കുന്ന ആളായതുകൊണ്ടാണ് കുട്ടിയുടെ അടുത്ത് തിരിച്ചു വന്നത് .
    - ❖ കുട്ടിക്ക് അരിയും മറ്റ് സാമാനങ്ങളും പഴവും വാങ്ങിക്കൊടുത്തത് അയാളുടെ സഹായമനസ്ഥിതിയെ കാണിക്കുന്നു.
    - ❖ കുട്ടിയെ കണ്ടപ്പോൾ തനിക്ക് സ്നേഹിക്കാൻ ആരൊക്കെയോ ഉണ്ട് എന്ന് ചിന്തിച്ചതും കുട്ടിയോട് നാളെ കാണാമോ എന്നു ചോദിച്ചതും ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷയെ സൂചിപ്പിക്കുന്നു.

> ചർച്ചയിലെ പങ്കാളിത്തം, ആശയത്തിന്റെ യുക്തി, ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തണം

## വിശകലനം ചെയ്യുക

- താഴെ കൊടുത്ത വാക്യങ്ങൾ എഴുതിയ ചാർട്ട് അധ്യാപിക പ്രദർശിപ്പിക്കുന്നു.

> • നാളെ എന്റെ ചേച്ചിയുടെ വിവാഹമാണ്.
> • ചേച്ചിയെ കാണാൻ വന്ന കൂട്ടുകാരികൾ ചേച്ചിക്ക് 'നല്ല നാളെ'കൾ ഉണ്ടാവട്ടെ എന്ന് ആശംസിച്ചു.

- വാക്യങ്ങളിൽ 'നാളെ' എന്ന പദത്തിനുള്ള അർഥവ്യത്യാസം കുട്ടികൾ പറയട്ടെ.
    - ❖ ആദ്യത്തേതിൽ 'പിറ്റേ ദിവസം' എന്ന അർഥമാണുള്ളത്.
    - ❖ രണ്ടാമത്തേതിൽ 'വരാൻ പോകുന്ന കാലം' എന്ന അർഥവും.
- 'കടമ്മനിട്ട'യുടെ 'കോഴി' എന്ന കവിതയിലെ താഴെ കൊടുത്ത വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

> "നാളെ നിന്നെ ഞാൻ കൊത്തിമാറ്റുമ്പോൾ
> നാളെകൾ നിന്നെ മാടിവിളിക്കും"
> *(കോഴി- കടമ്മിനിട്ട)*

- ഇവിടെയും 'നാളെ' എന്ന പദത്തിന്റെ അർഥവ്യത്യാസം കുട്ടികൾ ചർച്ചചെയ്യട്ടെ.
  - ആദ്യത്തെ വരിയിലെ 'നാളെ' അടുത്ത ദിവസങ്ങളിൽ എന്ന അർഥത്തിലാണ് ഉപയോഗിച്ചത്.
  - രണ്ടാമത്തെ വരിയിലെ 'നാളെകൾ' വരാൻപോകുന്ന കാലം എന്ന അർഥത്തിലും.
- പാഠഭാഗത്ത് പപ്പുവിന്റെ ജീവിതത്തെക്കുറിച്ച് 'നാളെ' എന്നു പ്രയോഗിച്ചതിലെ ആശയം ഗ്രൂപ്പിൽ ചർച്ചചെയ്ത് പൊതുവായി അവതരിപ്പിക്കട്ടെ.

  *ചർച്ചാസൂചകങ്ങൾ*
  - കുട്ടിയോട് 'നാളെ' വരുമോ എന്നു പപ്പു ചോദിച്ചപ്പോൾ 'നാളെ' ഏത് അർഥത്തിലാണ് പ്രയോഗിച്ചത്?
  - പപ്പുവിന്റെ 'നാളെ' ഉണ്ടായിരുന്നില്ല എന്നതിന്റെ ആശയമെന്താണ്?
  - അന്നാദ്യമായി അയാൾക്കൊരു 'നാളെ' ഉണ്ടായി എന്നു പറഞ്ഞതിന്റെ ആശയമെന്ത്?
- കേശവദേവിന്റെ കത്തിന്റെ ഭാഗം (ആമുഖത്തോടൊപ്പം കൊടുത്തത്) ഗ്രൂപ്പിലെ ചർച്ചാവേളയിൽ വായനയ്ക്കായി നൽകാം.
- കണ്ടെത്തലുകൾ കുറിപ്പായി എഴുതി അവതരിപ്പിക്കട്ടെ.
  - പപ്പു തന്റെ ജീവിതത്തെക്കുറിച്ച് ഒരു പ്രതീക്ഷയും വച്ചുപുലർത്തിയിരുന്നില്ല.
  - കുട്ടിയെ കണ്ടതോടെ തനിക്ക് സ്നേഹിക്കാൻ ഒരാൾ ഉണ്ടായിരിക്കുന്നു എന്നും ആ കുട്ടിക്കു വേണ്ടി ഇനിയുള്ള കാലം വിനിയോഗിക്കാമെന്നും ഉള്ള പ്രതീക്ഷ പപ്പുവിൽ വളരുകയാണ്.

> ആശയവ്യക്തത, യുക്തി, സ്വന്തമായ നിരീക്ഷണം, ഭാഷാശൈലി എന്നീ സൂചകങ്ങൾ ഉപയോഗിച്ച് വിശകലനക്കുറിപ്പ് അധ്യാപിക വിലയിരുത്തണം

## ചുമർപത്രിക

- പപ്പുവിന് 'നല്ല നാളെകൾ' ഉണ്ടായോ എന്ന ചോദ്യത്തോടെ നോവൽ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കാം.
  (നോവൽ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം)
- 'ഓടയിൽനിന്ന്' എന്ന സിനിമ ക്ലാസിൽ പ്രദർശിപ്പിക്കാം.
  (You Tube ൽ സിനിമ പൂർണരൂപത്തിൽ ലഭ്യമാണ്)
- പാഠപുസ്തകത്തിൽ കേശവദേവിനെക്കുറിച്ച് നൽകിയ കുറിപ്പ് കുട്ടികൾ വായിക്കട്ടെ.
- ചുമർപത്രികയിൽ എന്തൊക്കെ ചേർക്കാമെന്നും എങ്ങനെ തയാറാക്കാമെന്നും പൊതുചർച്ച



കേശവദേവ്



കേശവദേവും തോപ്പിൽഭാസിയും




'ഓടയിൽനിന്ന്' എന്ന നോവലിന്റെ ആദ്യപതിപ്പിന് എഴുതിയ പ്രസ്താവന



കേശവദേവിന്റെ കൈപ്പട



ഒ.എൻ.വി, ബഷീർ, അഴീക്കോട്, തകഴി, കേശവദേവ്, ഉറൂബ്, പൊറ്റെക്കാട്ട്




'ഓടയിൽനിന്ന്' നോവൽ



ഡോ.എസ്. രാധാകൃഷ്ണനിൽനിന്ന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ഏറ്റുവാങ്ങുന്നു.




'ഓടയിൽനിന്ന്' സിനിമയുടെ പോസ്റ്റർ



'ഓടയിൽനിന്ന്' നോവൽ (തെലുഗ് പതിപ്പ്)



'ഓടയിൽനിന്ന്' നോവൽ (കന്നഡ പതിപ്പ്)

*എന്തൊക്കെ ചേർക്കാം?*

- ❖ കേശവദേവിന്റെ ചിത്രം
- ❖ ലഘു ജീവചരിത്രക്കുറിപ്പ്
- ❖ എഴുതിയ പ്രധാന കൃതികളുടെ പട്ടിക
- ❖ ദേവിന്റെ കൈപ്പട
- ❖ 'ഓടയിൽനിന്ന്' എന്ന നോവലിന്റെ പുറംചട്ട, പിൻകുറിപ്പ് മുതലായവ
- ❖ നോവലിലെ പ്രധാന കഥാപാത്രങ്ങൾ പട്ടികയും വരച്ച ചിത്രങ്ങളും
- ❖ നോവലിലെ ചില പ്രധാന സംഭാഷണങ്ങൾ, ഇഷ്ടപ്പെട്ട ഭാഗങ്ങൾ മുതലായവ
- ❖ 'ഓടയിൽനിന്ന്' എന്ന സിനിമയുടെ പോസ്റ്റർ
- ❖

*എങ്ങനെ തയാറാക്കാം?*

- ❖ ചിത്രങ്ങളും വിവരണങ്ങളും ഇടകലർത്തിക്കൊണ്ട്
- ❖ ആകർഷകമായ തലക്കെട്ടും അടിക്കുറിപ്പുകളും
- ❖ ചിലത് ബോക്സിൽ കൊടുത്തും പ്രത്യേക നിറം കൊടുത്തും
- ❖ ആവശ്യത്തിന് ഒഴിവുസ്ഥലമിട്ടുകൊണ്ട്
- ❖ ആകർഷകമായ നിറം
- ❖

- തയാറാക്കിയ ചുമർപത്രികയുടെ പ്രദർശനം
- പരസ്പരവിലയിരുത്തൽ
- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കട്ടെ.

*വിലയിരുത്തൽ സൂചകങ്ങൾ*

- ✧ ക്രമീകരിച്ചതിന്റെ ആകർഷണീയത
- ✧ ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പ്, പ്രധാന കൃതികൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ?
- ✧ തലക്കെട്ടിന്റെയും അടിക്കുറിപ്പുകളുടെയും ഭാഷയും ആകർഷണീയതയും

പത്രിക തയാറാക്കുന്നതിലുള്ള പങ്കാളിത്തം അധ്യാപിക വിലയിരുത്തണം

***സഹായകഗ്രന്ഥങ്ങൾ***

- ◈ ഓടയിൽനിന്ന് (നോവൽ) - പി. കേശവദേവ്
- ◈ താഴ്‌വരയിലെ സന്ധ്യ - എം. കെ. സാനു

# 4.1.3 മയന്റെ മായാജാലം

**കു**ഞ്ചൻ നമ്പ്യാരുടെ 'സഭാപ്രവേശം' പറയൻതുള്ളലിൽ നിന്നെടുത്ത ചില വരികളാണ് പാഠഭാഗത്തുള്ളത്. ഭാവനയുടെ വിശാലമായ ലോകത്തേക്ക് കുട്ടികളുടെ മനസ്സിനെ നയിക്കാൻ പര്യാപ്തമാണിത്. നിമിഷനേരംകൊണ്ട് അതിഗംഭീരമായ ഒരു കൊട്ടാരം പണിതുയർത്തുന്നത് വരച്ചുകാണിക്കുകയാണ് കുഞ്ചൻ നമ്പ്യാർ. ശബ്ദഭംഗികൊണ്ടുതന്നെ ഒരു കെട്ടിടനിർമ്മാണത്തിന്റെ പ്രതീതി ജനിപ്പിക്കുന്നുണ്ട് ഇതിൽ. നമ്പ്യാരുടെ വാഗ്വൈഭവത്തിന് മകുടോദാഹരണമാണിത്.

മയൻ എന്ന ദേവലോകശിൽപ്പി പാണ്ഡവർക്കുവേണ്ടി ഇന്ദ്രപ്രസ്ഥത്തിൽ തലസ്ഥാനനഗരം നിർമ്മിക്കുന്നതിന്റ വിവരണമാണിത്. ഓരോ വരിയും വായിക്കുമ്പോൾ മനസ്സിൽ ഒരു കൊട്ടാരം പണിതുയരുന്നതുപോലെ അനുഭവപ്പെടും. സങ്കൽപ്പലോകത്ത് ഇങ്ങനെ ഒരു ചിത്രം വിരിഞ്ഞുവരുന്നത് കുട്ടികൾക്ക് ഏറെ കൗതുകകരമായിരിക്കും.

ധൃതരാഷ്ട്രർ തങ്ങൾക്കായി അനുവദിച്ച പാതിരാജ്യത്തിലെ ഖാണ്ഡവപ്രസ്ഥം എന്ന വനത്തിൽ വ്യാസന്റെയും ശ്രീകൃഷ്ണന്റെയും നിർദേശപ്രകാരം ശിൽപ്പിയായ മയനെ കൊട്ടാരം നിർമ്മിക്കാൻ ചുമതലപ്പെടുത്തുകയാണ് പാണ്ഡവർ. അതു പ്രകാരം അദ്ദേഹം അവിടെ അദ്ഭുതകരമായ നഗരം നിർമ്മിക്കുന്നതാണ് സന്ദർഭം.

വാങ്മയചിത്രങ്ങളുടെ വ്യത്യസ്തമായ ഒരു ഭാവം പരിചയപ്പെടാനും കുഞ്ചൻനമ്പ്യാർ എന്ന കവിപ്രതിഭയെ അടുത്തറിയാനും ഉതകുന്ന തരത്തിലാണ് ഈ പാഠഭാഗം അവതരിപ്പിക്കേണ്ടത്. ഭാഷയുടെ കൂടുതൽ സാധ്യതകൾ തിരിച്ചറിയാൻ പഠനപ്രവർത്തനത്തിലൂടെ കുട്ടികൾക്ക് കഴിയണം.

## തുള്ളൽക്കല

പുരാതനമായ നാടോടിനൃത്തങ്ങളിൽനിന്നുള്ള പല സങ്കേതങ്ങളും സമന്വയിപ്പിച്ച് വികസിപ്പിച്ചെടുത്ത കലാരൂപമാണ് തുള്ളൽ. കുഞ്ചൻനമ്പ്യാരാണ് ഇന്നത്തെ രൂപത്തിലുള്ള തുള്ളൽക്കല വികസിപ്പിച്ചെടുത്തത്. കോലംതുള്ളൽ, ഭൂതംതുള്ളൽ, ഗന്ധർവൻതുള്ളൽ, ചീതങ്കൻതുള്ളൽ തുടങ്ങി അനേകം ഗ്രാമീണനൃത്തരീതികൾ അദ്ദേഹത്തിന് പരിചിതങ്ങളായിരുന്നു. പടയണിയും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. ചാക്യാർ കൂത്തിനു പകരമായി ഹാസ്യരസപ്രധാനമായ ഒരു കലാരൂപം വികസിപ്പിക്കുന്നതിൽ ഈ കലകളുടെ സങ്കേതങ്ങൾ നമ്പ്യാർ സമർഥമായി ഉപയോഗിച്ചിട്ടുണ്ട്. ക്ഷേത്രകല എന്ന നിലയിൽ അറിയപ്പെടുന്ന ഈ കലാരൂപം പ്രധാനമായി മൂന്നു വിധത്തിലുണ്ട്. വേഷത്തിലും അവതരണരീതിയിലും ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു.

**ഓട്ടൻതുള്ളൽ :**

മുഖത്തു മനയോല തേക്കുന്നു. കണ്ണും പുരികവും എഴുതും. കുരലാരം, കഴുത്താരം, ഹസ്തകടകം, തോൾപ്പൂട്ട് മതലായ മെയ്യാഭരണങ്ങളും കാലിൽ കെച്ചാമണിയും കെട്ടുന്നു. കച്ചകൊണ്ടുടുത്ത കൊണ്ടക്കെട്ടും കിരീടവുമായാൽ ഓട്ടൻതുള്ളലിന്റെ വേഷമായി. കിരീടം പാമ്പിൻപത്തിപോലെയാണ്.

**ശീതങ്കൻതുള്ളൽ :**

മുഖം മഞ്ഞൾകൊണ്ട് മിനുക്കി കണ്ണും പുരികവുമെഴുതി ചുണ്ടിൽ ചായമിട്ട് കുരുത്തോലകൊണ്ടുള്ള മെയ്യാഭരണങ്ങൾ ധരിച്ച് ശരീരത്തിൽ കളഭം പൂശുന്നു. കൈപ്പടത്തിന്റെയത്ര വീതിയുള്ള വെള്ളത്തുണി നീളത്തിൽ തുന്നിച്ചേർത്ത കച്ചയുടുത്ത് കാലിൽ കെച്ചമണിയണിഞ്ഞ് തലയിൽ കറുത്ത തുണികൊണ്ടുള്ള കൊണ്ട കെട്ടുന്നു.

**പറയൻതുള്ളൽ :**

മുഖത്തു ഭസ്മം തേച്ച് കണ്ണും പുരികവുമെഴുതുന്നു. തലയിൽ കുത്തനെയുള്ള കൊണ്ടക്കെട്ടിന്മേൽ രുദ്രാക്ഷമാല ചുറ്റിയിരിക്കും. ശരീരത്തിലും ഭസ്മം പൂശും. കഴുത്താരമിട്ട് അലക്കിയ പാവുമുണ്ടുടുത്ത് മീതെ ഒരു പട്ടുതുണിയും ചുറ്റുന്നു. വലത്തേക്കാലിൽ ചിലമ്പിട്ടിരിക്കും.

# പ്രവർത്തനവിശകലനം

## ചൊല്ലാം, രസിക്കാം

- ഭാവിയിലെ ചില കാര്യങ്ങൾ ഭാവനയിൽ കാണാൻ കുട്ടികളോട് ആവശ്യപ്പെടാം.
  - നാളത്തെ വീട്, വീട്ടിനകത്തെ വസ്തുക്കൾ
  - നാളത്തെ നഗരക്കാഴ്ച
  - ഇനി വരാൻപോകുന്ന ടി.വി, മൊബൈൽഫോൺ മുതലായവ
  - ഭാവിയിലെ ഭക്ഷണരീതി, വസ്ത്രങ്ങൾ
  -
  -
- എല്ലാ കുട്ടികൾക്കും അവതരണത്തിന് അവസരം കൊടുക്കാം. (അവതരണങ്ങളെ അഭിനന്ദിക്കണം)
- കുട്ടികൾ പറഞ്ഞവയിൽ തീർത്തും അസംഭവ്യമെന്നു തോന്നുന്നവ ചാർട്ടിൽ കുറിക്കുക.
- അവയെക്കുറിച്ച് പൊതുചർച്ച
  - ഇവ സംഭവിക്കുമോ?
  - സംഭവിച്ചാൽ ഉള്ള അവസ്ഥയെന്തായിരിക്കും?
  - സംഭവിക്കാനിടയില്ലാത്ത കാര്യങ്ങൾ അടങ്ങിയ ഏതെങ്കിലും കഥകൾ കേട്ടിട്ടുണ്ടോ?
- കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. പല കഥകളും അവർക്ക് പറയാനുണ്ടാവും. (ചിലത് അധ്യാപികയ്ക്കും സൂചിപ്പിക്കാം)
  - പലതരം കാർട്ടൂൺ കഥകൾ
  - അലാവുദ്ദീനും അദ്ഭുതവിളക്കും പോലുള്ള കഥകൾ
  - ജംഗിൾബുക്ക് പോലുള്ള കഥകൾ
  -
  -
- പാണ്ഡവർക്കു വേണ്ടി മയൻ നിർമ്മിച്ച അദ്ഭുതകൊട്ടാരത്തെക്കുറിച്ചുള്ള കഥ അധ്യാപിക വിവരിക്കട്ടെ.

അർധരാജ്യം ലഭിച്ച പാണ്ഡവർ ഖാണ്ഡവവനത്തിൽ എത്തിച്ചേർന്നു. ഒരിക്കൽ അർജുനന്റെ നിർദേശപ്രകാരം അഗ്നിയുടെ ഭക്ഷണമായിത്തീർന്ന വനമായിരുന്നു അത്. അന്ന് അവിടെ തക്ഷകന്റെ ഭവനത്തിൽ ഒളിച്ചു പാർക്കുകയായിരുന്നു ദേവശിൽപ്പി വിശ്വകർമ്മാവിന്റെ പുത്രൻ മയൻ. പിതാവിനെപ്പോലെ തച്ചുശാസ്ത്രജ്ഞവിശാരദനായിരുന്നു ഇദ്ദേഹവും. അമരാവതി (ഇന്ദ്രലോകം), വൈകുണ്ഡം, കൈലാസത്തിലെ കല്യാണമണ്ഡപം, ഇന്ദ്രസഭ, വരുണസഭ, കുബേരലോകം, സത്യാലോകം, മയസഭ തുടങ്ങി പുരാണങ്ങളിൽ പറയുന്ന മിക്ക നിർമ്മിതികളുടെയും ശിൽപ്പിയാണ് മയൻ. നന്ദാവനം, ചെയ്ത്രരധ (അളകാപുരി), ഖാണ്ഡവവനം, വൃന്ദാവനം മുതലായ പൂന്തോട്ടങ്ങളും ത്രിപുരവിമാനം, സൗഭാഗവിമാനം, പുഷ്പകവിമാനം എന്നിവയും ഇദ്ദേഹമാണത്രേ നിർമ്മിച്ചത്.

ഖാണ്ഡവവനത്തിൽ അഗ്നി പടർന്നുപിടിച്ചപ്പോൾ മയൻ അർജുനനെ അഭയം പ്രാപിച്ചു. മയനെയും മറ്റ് അഞ്ച് പേരെയും അർജുനൻ രക്ഷിക്കുകയുണ്ടായി. പ്രത്യുപകാരമായി എന്തെങ്കിലും സ്വീകരിക്കണം എന്ന് മയൻ അർജുനനോട് അഭ്യർഥിച്ചു. ലോകത്തിലെ സകലസഭകളെയും അതിശയിപ്പിക്കുന്ന ഒരു കൊട്ടാരം അവിടെ നിർമ്മിച്ചു നൽകാൻ ശ്രീകൃഷ്ണൻ മയനോട് ആവശ്യപ്പെട്ടു.

അതുപ്രകാരം മയൻ അവിടെ പതിനായിരം ചതുരശ്ര അടി ചുറ്റളവിൽ കൊട്ടാരം നിർമ്മിക്കാനുള്ള കുറ്റിയടിച്ചു. അതിനു ശേഷം ഹിമാലയത്തിലെ മൈനാകപർവതത്തിൽ ചെന്ന് അവിടെ ബിന്ദുസരസ്സിൽ പണ്ട് മയൻതന്നെ ഉണ്ടാക്കിവച്ചിരുന്ന ചിത്രരത്നങ്ങളും അദ്ഭുതകരമായ ഒരു ഗദയും 'ദേവദത്തം' എന്ന ശംഖും കൊണ്ടുവന്നു. ആ രത്നങ്ങൾ കൊണ്ടാണ് മയൻ കൊട്ടാരം പണിതത്. ഗദ ഭീമനും ശംഖ് അർജുനനും സമ്മാനിക്കുകയും ചെയ്തു.

സഭയ്ക്കുള്ളിൽ മയൻ പലതരം പൊയ്കകൾ നിർമ്മിച്ചിരുന്നു. വൈഡൂര്യപത്രങ്ങളും രത്നത്തണ്ടുകളുമായുള്ള താമരകളും പൊന്മയമായ ചെങ്ങഴിപ്പൂക്കളും പക്ഷിഗണങ്ങളും പൊൻമീനുകളുമുള്ളതായിരുന്നു ആ പൊയ്കകൾ. ഇന്ദ്രനീലം പതിച്ച സ്ഫടികക്കൽപ്പടവുകളും സ്ഫടികം പോലുള്ള ജലവും ഉള്ളതായിരുന്നു അവ. പതിനാലു മാസം കൊണ്ടാണത്രേ മയൻ ഈ അദ്ഭുതക്കൊട്ടാരം പണികഴിച്ചത്. ചുറ്റിലും പൂത്തമരങ്ങളും കളിപ്പൊയ്കളും ഉണ്ടായിരുന്നു.

പാണ്ഡവരുടെ ക്ഷണപ്രകാരം ഈ സഭയിലേക്ക് പ്രവേശിച്ച ദുര്യോധനാദികൾക്ക് സ്ഫടികത്താൽ നിർമ്മിതമായ നടവഴിക്കിടയിൽ ഉണ്ടാക്കിയ രത്നനിർമ്മിതമായ പൊയ്കകൾ തിരിച്ചറിയാനാവാതെ സ്ഥലജലവിഭ്രാന്തിയുണ്ടായി. സ്ഥലമെന്നു കരുതി നടന്നപ്പോൾ വെള്ളത്തിൽ വീഴുകയും വെള്ളമെന്നു കരുതി ഇറങ്ങാൻ ശ്രമിച്ചപ്പോൾ നിലത്തു കാലിടിച്ച് മുട്ടുകുത്തി മറിയുകയും ചെയ്തതു കണ്ട് ദ്രൗപതിയും കൂട്ടരും പൊട്ടിച്ചിരിച്ചത് ദുര്യാധനനെ നാണംകെടുത്തി.

*അവലംബം : വ്യാസമഹാഭാരതം (ഗദ്യവിവർത്തനം) ഒന്നാം വാല്യം - വിദ്വാൻ. കെ. പ്രകാശം*

- കുട്ടികൾ കാവ്യഭാഗം വ്യക്തിഗതമായി വായിക്കട്ടെ.
- തുടർന്ന് സംഘമായി ചൊല്ലി അവതരിപ്പിക്കാം. (കവിത താളത്തിൽ ചൊല്ലാൻ കഴിയുന്നു എന്നുമാത്രമാണ് ഈ ഘട്ടത്തിൽ ഉറപ്പുവരുത്തേണ്ടത്.)

## പദങ്ങൾ കണ്ടെത്താം

- കവിത വീണ്ടും വായിക്കുന്നു. മാതൃകയിൽ കൊടുത്തതുപോലെ ആദ്യം സമാനാക്ഷരങ്ങൾ ആവർത്തിച്ചുവരുന്ന പദങ്ങളും പിന്നീട് പദച്ചേർച്ചകളും കണ്ടെത്തി എഴുതട്ടെ.

**അക്ഷരാവർത്തനം വരുന്ന പദങ്ങൾ**

* അച്ഛ - സ്വച്ഛ - കച്ഛം
* കോടാതെ- വാടാതെ- കൂടാതെ
* വേദി - മുദാ - വേദം
* പെട്ടെന്നു - ഒട്ടൊന്നു - പിട്ടല്ല
* തെല്ല് - കല്ല് - മെല്ലെ

**പദച്ചേർച്ചകൾ**

* പാദസരോജം
* പൊന്മണിമൗലികുംഭം
* ഉത്തുംഗഗോപുരശൃംഗം
* അച്ഛസ്ഫടികപ്രദേശങ്ങൾ
* എഴുനിലമാടങ്ങൾ

- ഈ പദങ്ങളുടെയും പദച്ചേരുവകളുടെയും അർഥം കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് ഊഹിച്ച് എഴുതട്ടെ. നിഘണ്ടു പരിശോധിച്ച് ശരിയായ അർഥം കണ്ടെത്തട്ടെ.
- പദച്ചേരുവകൾ വേറിട്ട പദങ്ങളാക്കി പറയാൻ അധ്യാപിക സഹായിക്കണം
    - * പാദസരോജം – പാദമാകുന്ന സരോജം
    - * പൊന്മണിമൗലികുംഭം – പൊന്നും മണികളും കൊണ്ടുള്ള മൗലികുംഭം
    - * ഉത്തുംഗഗോപുരശൃംഗം – ഉത്തുംഗമായ ഗോപുരശൃംഗം
    - * അച്ഛസ്ഫടികപ്രദേശങ്ങൾ – അച്ഛമായ സ്ഫടികപ്രദേശങ്ങൾ
    - * എഴുനിലമാടങ്ങൾ – ഏഴുനിലയുള്ള മാടങ്ങൾ
- പാഠഭാഗത്തുനിന്നും പുതുതായി പരിചയപ്പെട്ട പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി പട്ടികപ്പെടുത്തട്ടെ.
- സന്ദർഭത്തിൽനിന്ന് അർഥം ഊഹിച്ചു എഴുതി നിഘണ്ടുനോക്കി ഉറപ്പു വരുത്തട്ടെ.

## കണ്ടെത്താം, പറയാം

- കുട്ടികൾ പാഠഭാഗം വീണ്ടും വായിക്കട്ടെ.
    - "മെല്ലെന്നു ഭൂമിപിളർന്നു പുറപ്പെട്ടു
      നല്ലൊരു പൊന്മണിമൗലികുംഭം." എന്ന വരികളുടെ ആശയം എന്താണ്?
    - ഇതിനു മുമ്പ് മയൻ ആരെയാണ് സ്മരിച്ചത്?
    - ആരെയാണ് വണങ്ങിയത്?
    - എങ്ങനെയാണ് നമസ്കരിച്ചത്?
    - അതിനുശേഷം മയൻ ചെയ്തത് എന്തൊക്കെയാണ്?
- കുട്ടികൾ ഉത്തരം പറയട്ടെ.
- ഗോപുരങ്ങൾ, മാളികകൾ, ചുറ്റുമതിലുകൾ എന്നിവയുടെ സൗന്ദര്യത്തെ വർണിക്കുന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു.
- വർണിക്കുന്നതെങ്ങനെയാണെന്ന് കുട്ടികൾ സ്വന്തംഭാഷയിൽ പറയട്ടെ.
- പൊതുചർച്ച- ക്രോഡീകരണം.
    - ❖ ഗോപുരങ്ങൾ തീക്കനൽപോലെ (സ്വർണനിർമ്മിതമായ ഗോപുരങ്ങൾ വെയിലേറ്റ് തീക്കനൽ പോലെ തോന്നിക്കുന്നു.)
    - ❖ പത്തരമാറ്റുള്ള തങ്കപ്രകാശത്തെ കുത്തിക്കവർന്നെടുത്തതുപോലെ പത്തനപംക്തികൾ (പൊന്നുകൊണ്ടുപണിത കൊട്ടാരനിരകൾ സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നു.)
    - ❖ മുത്ത്, പവിഴം, മരതകം, മാണിക്യം എന്നീ രത്നങ്ങളുടെ ഒത്തുചേർന്നുള്ള തിളക്കമാണ് ചുറ്റുമതിലിനുള്ളത്.

## കണ്ടെത്താം, എഴുതാം

- "അച്ഛസ്ഫടികപ്രദേശങ്ങളും പിന്നെ
  സ്വച്ഛങ്ങളാകും തടാകങ്ങളും" എന്ന വരികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി ചൊല്ലുന്നു.
- വരികളുടെ ആശയം ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു.

  *ചർച്ചാസൂചകങ്ങൾ*
    - എവിടെയാണ് തടാകങ്ങൾ കാണപ്പെട്ടത്?
    - തടാകങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെ?

- വൃക്ഷങ്ങൾ, വീഥികൾ എന്നിവയുടെ പ്രത്യേകത സൂചിപ്പിക്കുന്ന വരികൾ ഏതൊക്കെയാണെന്ന് കുട്ടികൾ കണ്ടെത്തി ചൊല്ലട്ടെ.
  - "പച്ചക്കല്ലൊത്ത നിലത്തൊഴുകും നദീ-
    കച്ഛത്തിലുത്തമവൃക്ഷങ്ങളും"
  - "ഉച്ചത്തിലുള്ളൊരെഴുനിലമാടങ്ങൾ
    മെച്ചത്തിൽ മാളികവീഥികളും"
- വരികളുടെ ആശയം ചർച്ചചെയ്യുന്നു
  - വൃക്ഷങ്ങൾ നിൽക്കുന്നതെവിടെയാണ്? *(നദീതീരങ്ങളിൽ)*
  - എങ്ങനെയുള്ളവയാണ് വൃക്ഷങ്ങൾ? *(ഉത്തമങ്ങൾ- പാഴ്മരങ്ങളല്ല)*
  - നദിയൊഴുകുന്ന പ്രദേശം എങ്ങനെയുള്ളതാണ്? *(പച്ചക്കല്ലൊത്തത്- പുൽപ്പരപ്പുനിറഞ്ഞത്)*
  - വീഥികൾ കാണുന്നതെവിടെയാണ്? *(ഏഴുനില മാളികകൾക്കിടയിൽ)*
  - വീഥികളുടെ പ്രത്യേകതയെന്ത്? *(വളരെ മെച്ചപ്പെട്ടവ)*
- കുട്ടികൾ വ്യക്തിഗതമായി കുറിപ്പെഴുതുന്നു.

ചർച്ചയിലെ പങ്കാളിത്തം, പറയുന്ന കാര്യത്തിന്റെ പ്രസക്തി. ഉപയോഗിച്ച ഭാഷ എന്നിവ അധ്യാപിക വിലയിരുത്തണം

## ദൃക്സാക്ഷിവിവരണം

- പാഠഭാഗം സംഘമായി ഉചിതമായ ഈണം നൽകി ആലപിക്കുന്നു.
- രംഗത്ത് നടക്കുന്നത് എന്തൊക്കെയാണെന്ന് ഗ്രൂപ്പിൽ ചർച്ചചെയ്ത് എഴുതി അവതരിപ്പിക്കട്ടെ.
- ക്രമമനുസരിച്ച് ഓരോ ഗ്രൂപ്പായി സംഭവങ്ങൾ മാറിമാറി പറയട്ടെ.
- അധ്യാപിക ചാർട്ടിൽ രേഖപ്പെടുത്തണം.
- മയൻ കൊട്ടാരം നിർമ്മിക്കുന്നത് മൂകാഭിനയമായി കാണിക്കട്ടെ- ഗ്രൂപ്പ് പ്രവർത്തനം. (ഗ്രൂപ്പിൽ ചിലർ പാഠഭാഗം ആലപിക്കുന്നു. മറ്റുചിലർ അതിനനുസരിച്ച് അഭിനയിക്കുന്നു.)
- എല്ലാ ഗ്രൂപ്പിന്റെയും അവതരണത്തിനുശേഷം കുട്ടികൾ കണ്ണടച്ചിരുന്ന് സംഭവം മനസ്സിൽ കാണട്ടെ.
- തുടർന്ന് ദൃക്സാക്ഷിവിവരണം വ്യക്തിഗതമായി എഴുതട്ടെ.
- ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കട്ടെ. മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് പൊതുവായി അവതരിപ്പിക്കാം.

**ദൃക്സാക്ഷിവിവരണം**

*മുന്നിൽ നടക്കുന്ന സംഭവം, അതു കാണാൻ കഴിയാതെ അകലെ ഇരിക്കുന്നവർക്കു നേരിൽക്കാണുന്ന പ്രതീതി ജനിപ്പിക്കുന്ന മട്ടിൽ പറഞ്ഞവതരിപ്പിക്കുന്നതാണ് ദൃക്സാക്ഷിവിവരണം. ഒരു ശബ്ദചിത്രപരമ്പരയാണിത്. സംഭവത്തിന്റെ ഭാവത്തിനും വൈകാരികതയ്ക്കുമനുസരിച്ച് ഉചിതമായ ശബ്ദവിന്യാസം പറച്ചിലിന് ആവശ്യമാണ്. വിശേഷണങ്ങളും വർണനകളും ആവശ്യാനുസരണം ചേർത്ത് ആകർഷകമാക്കിയാണ് പറയേണ്ടത്. എന്നാൽ ഇത് അമിതമാവാതെ നോക്കുകയും വേണം. എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തുമ്പോൾ തന്നെ പ്രധാന കാര്യങ്ങൾ പ്രത്യേകം എടുത്തുപറയുകയും വേണം.*

*വിലയിരുത്തൽ സൂചകങ്ങൾ*

- ✧ സംഭവത്തിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.
- ✧ നേരിട്ട് കണ്ടു പറയുന്നതുപോലെ എഴുതിയിട്ടുണ്ട്.
- ✧ ഉചിതമായ ഭാഷാശൈലി ഉപയോഗിച്ചിട്ടുണ്ട്.

അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കണം

## കഥകൾ വായിക്കാം, പറയാം

- മഹാഭാരത കഥകളുള്ള പുസ്തകങ്ങൾ ക്ലാസ്‌ലൈബ്രറിയിൽ ലഭ്യമാക്കണം.
- ഗ്രൂപ്പായി വായിച്ച് വ്യത്യസ്തമായ കഥകൾ കണ്ടെത്തട്ടെ.
- ഗ്രൂപ്പിൽ നിന്ന് ഒരാളെ കഥപറയാൻ തെരഞ്ഞെടുക്കട്ടെ.

*വിലയിരുത്തൽ സൂചകങ്ങൾ*

✧ ആശയവ്യക്തത
✧ ഒഴുക്കോടെയുള്ള പറച്ചിൽ
✧ ഭാവപ്രകടനം
✧ ഉചിതമായ ഇടത്ത് നിർത്തലുകളും നീട്ടലുകളും,
✧ ശബ്ദനിയന്ത്രണം

- ഓരോ ഗ്രൂപ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ പൊതുവായി കഥ പറയുന്നു.

## വരികൾ ശേഖരിക്കാം

(കവിയെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അന്വേഷിക്കാനുള്ള താൽപര്യം ജനിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പ്രവർത്തനമാണിത്.

- പ്രവർത്തനത്തിൽ കൊടുത്ത വരികളുടെ സന്ദർഭം അധ്യാപിക വിവരിക്കുന്നു.

(കല്യാണസൗഗന്ധികം തേടിപ്പോയ ഭീമസേനനെ പരീക്ഷിക്കാൻ ഹനുമാൻ വൃദ്ധവാനരന്റെ വേഷത്തിൽ വഴിമുടക്കി കിടക്കുന്നതും ഭീമൻ വാനരനോട് മാറിപ്പോകാൻ പറയുന്നതും അവസാനം ആ വാനരന്റെ വാലിലെ രോമംപോലും തന്റെ ഗദകൊണ്ട് അനക്കാൻ പറ്റാതെ വിഷണ്ണനാവുന്നതുമായ കഥ)

- വരികളിലെ ആശയം കുട്ടികൾ ചർച്ചചെയ്യുന്നു.
  - ഭീമൻ ആരോടാണ് പറയുന്നത്?
  - ഇങ്ങനെ പറയുന്നതിലൂടെ ഭീമന്റെ ഏതു സ്വഭാവമാണ് വെളിപ്പെടുന്നത്?
- കുഞ്ചൻനമ്പ്യാരെക്കുറിച്ച് പാഠഭാഗത്തു കൊടുത്ത കുറിപ്പ് കുട്ടികൾ വായിക്കുന്നു.
- നമ്പ്യാർകൃതികളുടെ പട്ടിക തയാറാക്കുന്നു.
- ക്ലാസ്‌ലൈബ്രറിയിൽനിന്ന് നമ്പ്യാർകൃതികൾ വായിച്ച് രസകരമായ വരികൾ ശേഖരിച്ച് വ്യക്തിഗതമായി പതിപ്പ് തയാറാക്കുന്നു.

(കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ' എന്ന പുസ്തകത്തിൽ ശ്രീ. പി.കെ. ശിവശങ്കപ്പിള്ള എഴുതിയ അവതാരികയിൽ പഴഞ്ചൊല്ലുകളും ശൈലികളുമായി മാറിയ നമ്പ്യാരുടെ ധാരാളം വരികൾ പ്രത്യേകം ലിസ്റ്റായി എടുത്തെഴുതിയിട്ടുണ്ട്.)

*പതിപ്പ് എങ്ങനെ ക്രമീകരിക്കാം*

- വരികൾ
- തുള്ളൽപ്പാട്ടിന്റെ പേര്
- വരികളുടെ ആശയം
- (വരികളുടെ ആശയത്തോടിണങ്ങുന്ന ചില ചിത്രങ്ങളും വരച്ചു ചേർക്കാം)

- പതിപ്പുകൾ ക്ലാസ് പി.ടി.എ യിൽ പ്രദർശിപ്പിക്കട്ടെ.

| | |
|---|---|
| "ഉപ്പു ചുമന്നു നടക്കുന്നവനൊരു കപ്പലു കടലിലിറക്കാൻ മോഹം." *(രുഗ്മിണീസ്വയംവരം)* | "കുണ്ടുകിണറ്റിൽ തവളക്കുഞ്ഞിനു കുന്നിൻമീതെ പറക്കാൻ മോഹം." *(രുഗ്മിണീസ്വയംവരം)* |
| "കുറുനരി ലക്ഷം വന്നാലിന്നൊരു ചെറുപുലിയോടു പിണങ്ങാനെളുതോ?" *(സത്യാസ്വയംവരം)* | "കടുതായ് ശബ്ദിക്കും കുറുനരിയെ കടുവായുണ്ടോ പേടിക്കുന്നു." *(രാമാനുചരിതം)* |
| "അങ്ങാടീത്തോറ്റെന്നാലങ്ങതി- നമ്മയൊടെന്ന പഴഞ്ചൊല്ലോത്തു." *(സന്താനഗോപാലം)* | "പടനായകനൊരു പടയിൽത്തോറ്റാൽ ഭടജനമെല്ലാം ഓടിയൊളിക്കും." *(ശീലാവതീചരിതം)* |
| "കടിയാപ്പട്ടികൾ നിന്നു കുരച്ചാൽ വടിയാലൊന്നു തിരിച്ചാൽ മണ്ടും." *(സത്യാസ്വയംവരം)* | "വേലികൾതന്നേ വിളവു മുടിച്ചാൽ കാലികളെന്തു നടന്നീടുന്നു?" *(സ്യമന്തകം)* |

### *സഹായകഗ്രന്ഥങ്ങൾ*

- കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകൾ- കേരള സാഹിത്യ അക്കാദമി
- മഹാഭാരതകഥകൾ
- മാലിഭാരതം - മാലി
- വ്യാസമഹാഭാരതം (ഗദ്യവിവർത്തനം) ഒന്നാം വാല്യം - വിദ്വാൻ. കെ. പ്രകാശം

## വാക്കുകൾ, ചിത്രങ്ങൾ

യൂണിറ്റിലെ പാഠഭാഗത്തിലൂടെ കടന്നുപോയപ്പോൾ കേരളത്തെക്കുറിച്ച് കുട്ടികളുടെ മനസ്സിൽ രൂപപ്പെട്ട ആശയങ്ങൾ ക്രമീകരിക്കാനും പരസ്പരം ബന്ധിപ്പിക്കാനുമുള്ള പ്രവർത്തനമാണിത്.

- ഓരോ പാഠഭാഗം വായിക്കുമ്പോഴും കുട്ടികളുടെ മനസ്സിൽ തെളിഞ്ഞുവന്ന ചിത്രത്തിന്റെ പ്രത്യേകതകൾ ഗ്രൂപ്പായി ചർച്ചചെയ്യട്ടെ.

*ചർച്ചാസൂചകങ്ങൾ*

- 'ഒരുചിത്രം'എന്ന പാഠഭാഗം വായിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രം എന്താണ്?
- അതിൽ ഒന്നിലധികം സംഭവങ്ങൾ വരുന്നുണ്ടോ?
- മനസ്സിൽ കാണുന്ന ചിത്രത്തെ പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രവുമായി താരതമ്യം ചെയ്യുക.

  (രവിവർമ്മച്ചിത്രം -ഇന്റർനെറ്റിൽ ലഭ്യമാണ്- കുട്ടികളെ കാണിക്കാൻ പറ്റിയാൽ വളരെ നന്ന്)

- ഓരോ ഗ്രൂപ്പായി കണ്ടെത്തലുകൾ അവതരിപ്പിക്കട്ടെ. അധ്യാപിക ക്രോഡീകരിക്കണം.
    - ❖ ഒരിടത്തുനിന്ന് നോക്കുമ്പോൾ കാണുന്ന ഒരു ചിത്രമാണ് മനസ്സിൽ തെളിയുന്നത്.
    - ❖ ഒരേ സംഭവത്തിന്റെ തുടർച്ചമാത്രമാണ് അതിൽ.
    - ❖ ഒരു നിശ്ചലചിത്രം (പെയിന്റിങ്) നോക്കി നിൽക്കുന്ന പ്രതീതിയാണ് കവിത മനസ്സിലുണ്ടാക്കുന്നത്.
- 'ഓടയിൽനിന്ന്' എന്ന പാഠഭാഗം മനസ്സിലുണ്ടാക്കിയ കാഴ്ചയെക്കുറിച്ചും ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ
    - ❐ 'ഓടയിൽനിന്ന്' എന്ന പാഠഭാഗം വായിക്കുമ്പോൾ ഒരു സംഭവം മാത്രമാണോ മനസ്സിൽ തെളിയുന്നത്?
    - ❐ ഓരോ സംഭവവും വായിക്കുമ്പോൾ മനസ്സിൽ ഉണ്ടാവുന്ന പ്രതികരണം ഒരേപോലെയാണോ?
    - ❐ സിനിമയിൽ കണ്ട ദൃശ്യങ്ങളും കഥ വായിച്ചപ്പോൾ മനസ്സിൽ തെളിഞ്ഞ ചിത്രവും എങ്ങനെ പൊരുത്തപ്പെടുന്നു?
- ചർച്ച അധ്യാപിക ക്രോഡീകരിക്കുന്നു.
    - ❖ ഒരു സംഭവവും അതിനെത്തുടർന്നുണ്ടാവുന്ന കുറേ സംഭവങ്ങളും തുടർച്ചയായി മനസ്സിൽ തെളിയുകയാണ്.
    - ❖ ഓരോ സംഭവം വായിക്കുമ്പോഴും മനസ്സിൽ വ്യത്യസ്തമായ പ്രതികരണമാണ് ഉണ്ടാവുന്നത്. (ഉദാ: പപ്പു റിക്ഷാ വലിച്ചു പോവുന്നതു വായിക്കുമ്പോൾ ജോലിയിലുള്ള അയാളുടെ സാമർഥ്യത്തിൽ മതിപ്പു തോന്നുന്നു. കുട്ടി വീണതു വായിക്കുമ്പോൾ സങ്കടം തോന്നുന്നു. കുട്ടികൾ പപ്പുവിനെ ദുഷിച്ചു പറയുന്നത് വായിക്കുമ്പോൾ അവരോട് ദേഷ്യം തോന്നുന്നു. കുട്ടി പറയുന്നത് കേട്ടപ്പോൾ അവളോട് സഹതാപം തോന്നുന്നു......)
    - ❖ സിനിമയിൽ കാണുന്നതു പോലെയാണ് കഥ വായിക്കുമ്പോൾ രംഗങ്ങൾ മനസ്സിൽ തെളിയുന്നത്.
- തുടർന്ന് 'മയന്റെ മായാജാലം' എന്ന പാഠഭാഗത്തെക്കുറിച്ച് ചർച്ചചെയ്യുന്നു.
    - ❐ മയൻ ചെയ്യുന്നത് യഥാർഥത്തിൽ ഒരാൾക്ക് ചെയ്യാൻ കഴിയുന്ന കാര്യമാണോ?
    - ❐ കാവ്യഭാഗം വായിക്കുമ്പോൾ മനസ്സിൽ തെളിയുന്നത് എന്താണ്?
    - ❐ അത്തരം ഒരു മന്ദിരം നേരിൽ കണ്ടിട്ടുണ്ടോ?
    - ❐ പാഠഭാഗത്തോടൊപ്പം കൊടുത്ത ചിത്രവും മനസ്സിൽ തെളിയുന്ന കാഴ്ചയും തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാം.

    *ക്രോഡീകരണം*

    - ❖ മനുഷ്യർക്ക് സാധിക്കാത്ത കാര്യമാണ് മയൻ ചെയ്യുന്നതായി വിവരിക്കുന്നത്.
    - ❖ തികച്ചും സങ്കൽപ്പലോകത്തിലെ ഒരു കാഴ്ചയാണത്.
    - ❖ നിമിഷം കൊണ്ട് ഒരു കെട്ടിടം പണിതുയർന്നു വരുന്നതാണ് മനസ്സിൽ തെളിഞ്ഞു വരുന്നത്.
    - ❖ ഇത്തരമൊരു മന്ദിരം ഭാവനയിൽ കാണുന്നത് രസകരമാണ്.

- ക്രോഡീകരണങ്ങൾ പ്രത്യേകം പ്രത്യേകമായി അധ്യാപിക ചാർട്ടിൽ എഴുതുന്നു.
- കുട്ടികൾ അവ താരതമ്യം ചെയ്ത് വ്യക്തിഗതമായി കുറിപ്പ് എഴുതുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ചചെയ്യുന്നു.
- അധ്യാപിക എഴുതിയ താരതമ്യക്കുറിപ്പ് ഗ്രൂപ്പിൽ വായിക്കുന്നു.
- മെച്ചപ്പെടുത്തിയെഴുതിയത് പോർട്ട് ഫോളിയോയിലേക്ക്

## ഞാൻ എന്നെക്കുറിച്ച്

- യൂണിറ്റിലെ പ്രധാന പഠനപ്രവർത്തനങ്ങളിലേർപ്പെട്ടപ്പോൾ കുട്ടികൾക്കുണ്ടായ മികവുകളും പരിമിതികളും സ്വയം തിരിച്ചറിയാനും പരിമിതികൾ തരണം ചെയ്ത് കൂടുതൽ മെച്ചപ്പെടാനും സഹായിക്കുന്ന പ്രവർത്തനമാണ് ഇതിലുള്ളത്.
- കുട്ടികൾ സ്വയം ചെയ്യേണ്ടതാണിത്. ക്ലാസ്മുറിയിൽ അധ്യാപികയുടെ സാന്നിധ്യത്തിലാണ് ഇത് നടക്കേണ്ടത്. രേഖപ്പെടുത്തലുകൾ സത്യസന്ധമായാലേ പരിമിതികൾ മറികടന്ന് കൂടുതൽ മെച്ചപ്പെടുത്തലിന് സാധിക്കുകയുള്ളൂ എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.
- ഓരോ ചോദ്യംകൊണ്ടും ഉദ്ദേശിക്കുന്നത് എന്താണ് എന്ന കാര്യം ക്ലാസിൽ ചർച്ച ചെയ്യണം. ഓരോന്നിലുമുള്ള കുട്ടികളുടെ മികവ് എങ്ങനെ കണ്ടെത്താമെന്നും എങ്ങനെ രേഖപ്പെടുത്താമെന്നും അധ്യാപിക വിശദീകരിക്കണം.